22
ജൂലൈ 2024
തിങ്കൾ
1446 മുഹറം 16
1199 കർക്കിടകം 07
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക


facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika



08 ഹാട്രിക് മെഡലിന് പി.വി സിന്ധു

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal





ആഷിഖ് സച്ചിൻ

## നന്നംമുക്കിൽ കായലിൽ രണ്ടുപേർ മുങ്ങി മരിച്ചു

### ഒരാളെ രക്ഷപ്പെടുത്തി

ചങ്ങരംകുളം: നന്നംമുക്ക് തെരിയത്ത് നീലയിൽ കോൾപടവിൽ കായലിൽ ഇറങ്ങിയ മൂന്നു പേരിൽ രണ്ടുപേർ മരിച്ചു. ഒരാളെ രക്ഷപ്പെടുത്തി. തെരിയത്ത് കിഴക്കേതിൽ റഫീഖിന്റെ മകൻ ആഷിഖ്(26), ചിയ്യാനൂർ മേച്ചിനാത്ത് വളപ്പിൽ സച്ചിൻ (24) എന്നിവരാണ് മരിച്ചത്. ചിയ്യാനൂർ കുന്നക്കാട്ട് പറമ്പിൽ പ്രസാദിനെ(27)യാണ് രക്ഷപ്പെടുത്തിയത്. മൂവരും കായലിൽ വീണതറിഞ്ഞ ബഹളം കേട്ട് ഓടിക്കൂടിയവരാണ് ഒരാളെ രക്ഷപ്പെടുത്തിയത്. ഇതിനിടെ മറ്റു രണ്ടുപേരും മുങ്ങിത്താഴുകയായിരുന്നു. ഇന്നലെ വൈകീട്ട് അഞ്ചോടെയാണ് അപകടം. മൂന്നുപേരും കായലിലെത്തി തോണിയിൽ തുഴഞ്ഞു കളിക്കുന്നതിനിടെ തോണി മറിഞ്ഞു താഴുകയായിന്നു. പൊന്നാനി, കുന്നംകുളം എന്നിവിടങ്ങളിൽ നിന്നെത്തിയ ഫയർ ഫോഴ്സും നാട്ടുകാരുമാണ് തിരച്ചിൽ നടത്തിയത്. ആഷിഖിന്റെ മൃതദേഹമാണ് ആദ്യം കിട്ടിയത്. പിന്നീട് രാത്രി 11 മണിയോടെയാണ് സച്ചിന്റെ മൃതദേഹവും കണ്ടെടുത്തത്. ആഷിഖിന്റെ മാതാവ്: ഹസീന, സഹോദരങ്ങൾ: ഹാഷിർ, തസ്നി. കരുണാകരനാണ് സച്ചിന്റെ പിതാവ്. മാതാവ്: ബിന്ദു. സ്വകാര്യ ആശുപത്രിയിൽ സൂക്ഷിച്ച മൃതദേഹങ്ങൾ ഇന്ന് രാവിലെ പോസ്റ്റ് മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടു കൊടുക്കും.

## കാട്ടാനയുടെ ആക്രമണത്തിൽ ആദിവാസി യുവാവ് കൊല്ലപ്പെട്ടു

ഇടുക്കി: ചിന്നക്കനാൽ ടാങ്ക് കുടിയിൽ കാട്ടാനയുടെ ആക്രമണത്തിൽ ആദിവാസി യുവാവ് കൊല്ലപ്പെട്ടു. ടാങ്ക്കുടി സ്വദേശി കണ്ണൻ(47) ആണ് മരിച്ചത്. ഇന്നലെ വൈകുന്നേരം 5.30 ഓടെ ആനയിറങ്കൽ ജലാശയത്തിന് സമീപമുള്ള സ്വന്തം കൃഷിയിടത്തിൽ പണി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോഴാണ് കണ്ണൻ കാട്ടാനക്കൂട്ടത്തിനു മുന്നിൽ പെട്ടത്. രാവിലെ ജനവാസമേഖലയിൽ ഇറങ്ങിയ കാട്ടാനക്കൂട്ടത്തെ തുരുത്താൻ ആദിവാസി കുടികളിൽനിന്നും മറ്റുമായി അൻപതോളം ആളുകൾ ശ്രമം നടത്തി വരുന്നതിനിടെയാണ് കണ്ണൻ കാട്ടാനക്കൂട്ടത്തിന് നടുവിൽ പെട്ടത്. ആനയുടെ ആക്രമണത്തിൽ ഗുരുതരമായി പരുക്കേറ്റ കണ്ണന്റെ നിലവിളി ശബ്ദം കേട്ട് സമീപത്തുണ്ടായിരുന്ന ചിലർ എത്തിയെങ്കിലും ആനക്കൂട്ടത്തെ വേഗത്തിൽ തുരത്താൻ കഴിഞ്ഞില്ല. ഒൻപത് പിടിയാനകൾ അടങ്ങുന്ന ആന ക്കൂട്ടമാണ് കണ്ണനെ ആക്രമിച്ചത്. ആനക്കൂട്ടം പിൻവാങ്ങിയ ശേഷമാണ് കണ്ണനെ എടുത്ത് റോഡിൽ എത്തിക്കാൻ കഴിഞ്ഞത്. തുടർന്ന് അടിമാലി താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ഇന്ന് ബന്ധുക്കൾക്ക് വിട്ടു നൽകും. ഭാര്യ: ശ്രീദേവി. മകൾ: സെൽവി.







ആഗസ്റ്റ് എട്ടിന് ഡൽഹിയിൽ നടക്കുന്ന 'ഡയസ്പോറ സമ്മിറ്റി'ന്റെ പ്രഖ്യാപന സമ്മേളനം അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ സവനം യുഎഇ പ്രസിഡന്റ് രാജൻ അമ്പലത്തറ ഉദ്ഘാടനം ചെയ്യുന്നു

## വിമാന യാത്ര നിരക്കുവർധന: ഡയസ്പോറ സമ്മിറ്റ് ആഗസ്റ്റ് 8ന് ഡൽഹിയിൽ

### അബുദാബിയിലെ മുപ്പതോളം പ്രവാസി സംഘടനകളുടെ കൂട്ടായ്മയാണ് ഡൽഹിയിൽ സമ്മിറ്റ് സംഘടിപ്പിക്കുന്നത്

അബുദാബി: സീസൺ സമയത്തെ അനിയന്ത്രിത വിമാന യാത്രാക്കൂലി വർധനവിന് പരിഹാരം തേടി പ്രവാസി സംഘടനകൾ ഡൽഹിയിലേക്ക്. അബുദാബിയിലുള്ള വിവിധ പ്രവാസി സംഘടനകളുടെ ആഭിമുഖ്യത്തിലാണ് 'ഡയസ്പോറ സമ്മിറ്റ് ഇൻ ഡൽഹി' എന്ന പ്രത്യേക പരിപാടി സംഘടിപ്പിക്കുന്നത്. ആഗസ്റ്റ് 8ന് ഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബ് ഹാളിൽ നടക്കുന്ന സമ്മിറ്റിൽ കേരളത്തിൽ നിന്നുള്ള മുഴുവൻ ജനപ്രതിനിധിളും പങ്കെടുക്കും. കേന്ദ്ര മന്ത്രിമാരെയും പങ്കെടുപ്പിക്കാൻ ശ്രമിക്കുമെന്ന് സംഘാടകർ പറഞ്ഞു. അബുദാബി കെഎംസിസി, ഡൽഹി കെഎംസിസിയുടെയും സഹകരണത്തോടെ അബുദാബിയിലെ മുപ്പതോളം പ്രവാസി സംഘടനകളുടെ കൂട്ടായ്മയിലാണ് സമ്മിറ്റ് ഒരുക്കുന്നത്. വിമാന യാത്രാ കൂലി വർധനവിന് ശാശ്വതമായ പരിഹാരം ആവശ്യപ്പെട്ട് പ്രവാസി സംഘടനകൾ ഉയർത്തുന്ന മുറവിളി മാറി മാറി വരുന്ന സർക്കാരുകൾ കണ്ടില്ലെന്ന് നടിക്കുകയാണ്. പ്രവാസികൾ നേരിടുന്ന വിവിധ വിഷയങ്ങളിൽ കൂട്ടായ മുന്നേറ്റത്തിന് തുടക്കം കുറിച്ചാണ് ഡയസ്പോറ സമ്മിറ്റിന്റെ ആദ്യ രണ്ടു സെഷനുകൾ കഴിഞ്ഞ ഫെബ്രുവരി 11,മെയ് 5 ദിവസങ്ങളിൽ നടന്നത്. ഇതിൽ വിമാനയാത്രാക്കൂലി, പ്രവാസി വോട്ടവകാശം, വിദ്യാഭ്യാസ പ്രശ്നങ്ങൾ എന്നിവയാണ് പ്രധാനമായും ചർച്ച ചെയ്തത്.

വിമാനയാത്രക്കൂലി വിഷയമാണ് ഡൽഹി സമ്മിറ്റ് ചർച്ച ചെയ്യുക. വിമാനയാത്രക്കൂലി വർധനവ് സംബന്ധിച്ച് നിയമപരമായ നടപടികൾക്ക് പുറമെ പാർലമെന്റിന്റെ ശ്രദ്ധയിൽ വിഷയം കൊണ്ടുവരുകയാണ് ലക്ഷ്യം. മുൻ സർക്കാർ ഈ വിഷയം പഠിക്കാനായി നിയോഗിച്ച പാർലിമെന്ററി കാര്യ സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ചർച്ച ചെയ്തു അനുകൂല തീരുമാനം ഉണ്ടാക്കുക എന്നത് കൂടി പരിപാടിയുടെ മുഖ്യ അജണ്ടയാണ്. വിവിധ സംഘടനകളെ പ്രതിനിധീകരിച്ചു ഇരുന്നൂറോളം പ്രതിനിധികൾ സമ്മിറ്റിൽ പങ്കെടുക്കും. പ്രഖ്യാപന കൺവൻഷൻ അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ സേവനം യുഎഇ പ്രസിഡന്റ് രാജൻ അമ്പലത്തറ ഉദ്ഘാടനം ചെയ്തു. അബുദാബി കെഎംസിസി പ്രസിഡന്റ് ഷുക്കൂർ അലി കല്ലുങ്ങൽ അധ്യക്ഷനായി. ബി.സി. അബൂബക്കർ (ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ), ബി. യേശുശീലൻ (അനോറ), അൻസാർ (മലയാളി സമാജം), മേരി തോമസ് (ഡയറക്ടർ ബിൻ മൂസ ട്രാവൽസ്) ജോൺ സാമുവേൽ (ഐഎസ്‌സി) ബഷീർ (പ്രവാസി ഫോറം), കബീർ ഹുദവി (സുന്നി സെന്റർ), സഫറുല്ല പാലപ്പെട്ടി (കേരള സോഷ്യൽ സെന്റർ), റാഷീദ് പൂമാടം (സിറാജ് ന്യൂസ്), ഹാമിദ് അലി (ഐസിസി), നസീർ പെരുമ്പാവൂർ (ദർശന സാംസ്കാരിക വേദി), പിഎം ഫാറൂഖ് (ഐഎംസിസി), ഷബാന അഷ്റഫ് (അബുദാബി മലയാളീസ്), കരീം (ഇന്ദിരാഗാന്ധി വീക്ഷണ ഫോറം), നിഷാദ് സുലൈമാൻ (അബുദാബി മലയാളി ഫോറം), നയിമ അഹമ്മദ് (വേൾഡ് ഓഫ് ഹാപ്പിനസ് ), വിമൽ കുമാർ (സാംസ്കാരിക ഫോറം), എം.കബീർ (പ്രവാസി ഇന്ത്യ), അബ്ദുൽ വാഹിദ് (വേൾഡ് മലയാളി അസോസിയയേഷൻ), ഉമ്മർ നാലകത്ത് (സോഷ്യൽ ഫോറം), ടി കെ അബ്ദുസ്സലാം, ഹൈദർ ബിൻ മൊയ്ദു, നൗഷാദ് ബക്കർ, കെഎംസിസി പ്രതിനിധികൾ പ്രസംഗിച്ചു. അബുദാബി കെഎംസിസി ആക്ടിങ് ജനറൽ സെക്രട്ടറി നിസാമുദ്ദീൻ അസൈനാരു പിള്ള സ്വാഗതവും ട്രഷറർ പി.കെ അഹമ്മദ് നന്ദിയും പറഞ്ഞു.

# നിപ മരണം വീണ്ടും

## മരിച്ചത് ചികിത്സയിലായിരുന്ന 14 കാരൻ, ഏഴുപേരുടെ പരിശോധനാ ഫലം നെഗറ്റീവ്

മലപ്പുറം/കോഴിക്കോട്: നിപ ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന മലപ്പുറം പാണ്ടിക്കാട് സ്വദേശിയായ 14 കാരൻ മരിച്ചു. ചെമ്പ്രശ്ശേരിയിലെ അമ്പലപ്പറമ്പൻ ലത്തീഫിന്റെ മകൻ അഷ്മിൽ ഡാനിഷ് ആണ് മരിച്ചത്. അബോധാവസ്ഥയിൽ വെന്റിലേറ്ററിലായിരുന്ന കുട്ടിക്ക് ഇന്നലെ രാവിലെ 10.50 ഓടെ ഹൃദയസ്തംഭനം ഉണ്ടാകുകയും 11.30 ഓടെ മരണം സ്ഥിരീകരിക്കുകയുമായിരുന്നു. അതേസമയം നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തു വന്ന ഏഴു പേരുടെ സ്രവ പരിശോധനാ ഫലങ്ങളും നെഗറ്റീവ് ആയത് തൽക്കാലത്തേക്ക് ആശ്വാസമായിട്ടുണ്ട്.

ശനിയാഴ്ച കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ നിന്ന് അബോധാവസ്ഥയിൽ മെഡിക്കൽ കോളജിൽ എത്തിച്ച കുട്ടിയുടെ ജീവൻ രക്ഷിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിരുന്നുവെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ് അവകാശപ്പെട്ടു. ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എത്തിച്ച മോണോക്ലോണൽ ആന്റിബോഡി കുട്ടിക്ക് നൽകുന്നതിനായി മെഡിക്കൽ ബോർഡ് രാവിലെ യോഗം ചേർന്ന് ക്രമീകരണങ്ങൾ ചെയ്തിരുന്നെങ്കിലും മരുന്നു നൽകും മുമ്പെ കുട്ടിക്ക് ഹൃദയാഘാതമുണ്ടാവുകയും ആന്തരിക രക്തസ്രാവമുണ്ടായി മരണം സംഭവിക്കുകയുമായിരുന്നുവെന്നുമാണ് വിശദീകരണം. മയ്യിത്ത് നിപ പ്രോട്ടോകോൾ പാലിച്ച് ഒടോമ്പറ്റ പഴയ ജുമാമസ്ജിദ് ഖബർസ്ഥാനിൽ മറവ് ചെയ്തു. മാതാവ്: ദിൽഷാദ. സഹോദരങ്ങൾ: ലിയ മെഹ്റിൻ, അൻസിൽ.

ജൂലൈ 10നാണ് അഷ്മിൽ ഡാനിഷിന് പനി ബാധിച്ചത്. 12 ാം തിയ്യതി സ്വകാര്യ ക്ലിനിക്കിലും 13ന് പാണ്ടിക്കാട്ടെ സ്വകാര്യ ആശുപത്രിയിലും ചികിത്സ തേടി. 15ന് ഇതേ ആശുപത്രിയിൽ വീണ്ടും പ്രവേശിപ്പിച്ചെങ്കിലും പിന്നീട് പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലേക്കും തുടർന്ന് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്കും മാറ്റി. ഇവിടെ നിന്നാണ് നിപയാണെന്ന് തിരിച്ചറിഞ്ഞത്.



അഷ്മിൽ ഡാനിഷ്

രോഗം ബാധിച്ച് മരിച്ച 14 കാരന്റെ കൂട്ടുകാരായ ആറു പേരുടെയും 68 കാരനായ മറ്റൊരു വ്യക്തിയുടെയും സ്രവ പരിശോധനാ ഫലമാണ് നെഗറ്റീവ് ആയത്. കൂട്ടുകാരായ ആറു പേരും കുട്ടിയുമായി നേരിട്ട് സമ്പർക്കം ഉള്ളവരായിരുന്നു. 68 കാരനായ വ്യക്തിക്ക് നേരിട്ട് സമ്പർക്കമില്ലെങ്കിലും രോഗ ലക്ഷണങ്ങൾ പ്രകടിപ്പിച്ച സാഹചര്യത്തിൽ സാമ്പിൾ പരിശോധിക്കുകയായിരുന്നു.

നിലവിൽ സമ്പർക്ക പട്ടികയിൽ 330 പേരാണുള്ളത്. ഇതിൽ 68 പേർ ആരോഗ്യ പ്രവർത്തകരാണ്. 101 പേരാണ് ഹൈറിസ്ക് കാറ്റഗറിയിലുള്ളത്. ഏഴു പേർ ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സയിലാണ്. ആറു പേർ മഞ്ചേരി മെഡിക്കൽ കോളേജിലും ഒരാൾ കോഴിക്കോട് മെഡിക്കൽ കോളജിലുമാണ് ചികിത്സയിലുള്ളത്. മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിലെ ആർക്കും രോഗ ലക്ഷണങ്ങൾ ഇല്ല.

രോഗം ബാധിച്ച് മരിച്ച കുട്ടിയുടെ കൂടുതൽ വിവരങ്ങളടങ്ങിയതും കൂടുതൽ വ്യക്തതയുമുള്ളതുമായ റൂട്ട് മാപ്പ് പുറത്തിറക്കും. ഈ റൂട്ട് മാപ്പ് പരിശോധിച്ച ശേഷം സമ്പർക്ക പട്ടികയിൽ ഉൾപ്പെടാൻ സാധ്യതയുള്ളവർ കൺട്രോൾ റൂമിൽ അറിയിക്കണം. സമ്പർക്കപട്ടികയിൽ ഉൾപ്പെടേണ്ട ആരെയും വിട്ടു പോയിട്ടില്ല എന്നുറപ്പാക്കുന്നതിനായി കുട്ടി ചികിത്സയിലിരുന്ന ആശുപത്രികളിലെ സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ചിട്ടുണ്ട്.

### പാണക്കാട്ടെ പൊതുജന സന്ദർശനം നാളെ ഇല്ല

മലപ്പുറം: പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെയും കുടുംബാംഗങ്ങളുടെയും വസതികളിൽ എല്ലാ ചൊവ്വാഴ്ചകളിലും പതിവുള്ള പൊതുജന സന്ദർശനം നിപയുടെ പശ്ചാത്തലത്തിൽ ആരോഗ്യ പ്രവർത്തകരുടെ നിർദേശം മാനിച്ച് നാളെ ഉണ്ടായിരിക്കുന്നതല്ലെന്ന് പാണക്കാട് കുടുംബം അറിയിച്ചു.



നിപ ബാധിച്ച് മരിച്ച അഷ്മിൽ ഡാനിഷിന്റെ മയ്യിത്ത് ഒടോമ്പറ്റ പഴയ ജുമാമസ്ജിദ് ഖബർസ്ഥാനിൽ മുസ്‌ലിം യൂത്ത്ലീഗ് വൈറ്റ് ഗാർഡ് സംഘം മറവ് ചെയ്യുന്നു

### ഗുരുതര വീഴ്ച; മന്ത്രിയുടെ ഇടപെടൽ തിരിച്ചടിയായി

## ഐസൊലേഷൻ വാർഡൊരുക്കിയത് പൂട്ടുപൊളിച്ച്

**ലുഖ്മാൻ മമ്പാട്**
കോഴിക്കോട്

നിപ സ്ഥിരീകരിച്ച് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ കഴിഞ്ഞ പതിനാലുകാരനെ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റാൻ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് കാണിച്ച തിടുക്കം കുട്ടിയുടെ ജീവൻ വെച്ചുള്ള പരീക്ഷണമായി. അബോധാവസ്ഥയിലായിരുന്ന കുട്ടിയെ മെഡിക്കൽ കോളജിലേക്ക് കൊണ്ടുപോകുന്നതിൽ ഡോക്ടർമാർക്കുൾപ്പെടെ എതിർപ്പുണ്ടായിരുന്നു. കുട്ടിയെ മാറ്റാൻ നിർദേശിച്ച ആരോഗ്യമന്ത്രി, മെഡിക്കൽ കോളേജിൽ വേണ്ടത്ര സജ്ജീകരണമുണ്ടോയെന്ന് പോലും അന്വേഷിച്ചിരുന്നില്ല. മെഡിക്കൽ കോളജിൽ ഐസൊലേഷൻ വാർഡ് സജ്ജമാക്കുന്നതിന് കാലതാമസം നേരിട്ടതോടെ രോഗബാധിതനായ കുട്ടി അര മണിക്കൂറോളം ആംബുലൻസിൽ കാത്തിരിക്കേണ്ടിവന്നു. സ്വകാര്യ ആശുപത്രിക്കാർ കുട്ടിയെ ചികിത്സിച്ചാൽ ആരോഗ്യ വകുപ്പിന് 'പെർഫോം ചെയ്യാൻ' കഴിയില്ല എന്നായിരുന്നു വകുപ്പിലെ ഉന്നതൻ മെഡിക്കൽ കോളജ് അധികൃതരെ അറിയിച്ചത്. മന്ത്രിക്ക് മാധ്യമ ശ്രദ്ധ കിട്ടാനുള്ള ഉപകരണമായി കുട്ടിയെ മാറ്റിയെന്നാണ് ആക്ഷേപം.

ശനിയാഴ്ച വൈകീട്ട് 6.20നാണ് ലെവൽ ത്രീ ഐസിയു ആംബുലൻസിൽ കുട്ടിയെ മെഡിക്കൽ കോളജിലെത്തിച്ചത്. എന്നാൽ ഈ സമയത്ത് മെഡിക്കൽ കോളജിൽ മതിയായ ക്രമീകരണങ്ങൾ ചെയ്തിരുന്നില്ല. ഐസൊലേഷൻ വാർഡാക്കി മാറ്റിയ പേവാർഡ് കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയുടെ കീഴിലായിരുന്നു. മെഡിക്കൽ കോളേജ് അധികൃതരും കെഎച്ച്ആർഡബ്ല്യുഎസും തമ്മിലുള്ള ഏകോപനമില്ലായ്മ മൂലം വാർഡ് സജ്ജീകരിക്കാൻ വൈകി. ഒടുവിൽ ചുറ്റിക ഉപയോഗിച്ച് പൂട്ടുപൊളിച്ചാണ് നിപ ബാധിച്ച കുട്ടിക്കു വേണ്ടി ഐസൊലേഷൻ വാർഡ് സജ്ജമാക്കിയത്. ഇതുവരെ ആരോഗ്യ പ്ര വർത്തകരും ബന്ധുക്കളും പുറത്തു കാത്തു നിൽക്കേണ്ടിവന്നു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 22 തിങ്കൾ
ഗൾഫ് ചന്ദ്രിക

## യുഎഇയിൽ റദ്ദാക്കിയത് പത്തു വിമാനങ്ങൾ



അബുദാബി: ആഗോള തലത്തിൽ മൈക്രോസോഫ്റ്റ് തകരാറായതിനെ തുടർന്ന് കഴിഞ്ഞ രണ്ട് ദിവസത്തിനിടെ യുഎഇയിൽ 10 വിമാനങ്ങൾ റദ്ദാക്കിയതായി അധികൃതർ. മൈക്രോസോഫ്റ്റിന്റെ തകരാർ ഏറ്റവും കുറവ് ബാധിച്ച രാജ്യം കൂടിയാണ് യുഎഇ. ജൂലൈ 20ന് 986 വിമാനങ്ങളിൽ ആറെണ്ണവും, ജൂലൈ 19ന് 975 വിമാനങ്ങളിൽ നാലെണ്ണവുമാണ് റദ്ദ് ചെയ്തത്.



## കറൻസി മൂല്യം

| | |
|---|---|
| 1 യു.എ.ഇ ദിർഹം | 22.80 ₹ |
| 1 ഒമാനി റിയാൽ | 217.69 ₹ |
| 1 സൗദി റിയാൽ | 22.32 ₹ |
| 1 ഖത്തർ റിയാൽ | 22.96 ₹ |
| 1 കുവൈത്ത് ദിനാർ | 273.98 ₹ |
| 1 ബഹ്റൈൻ ദിനാർ | 222.33 ₹ |

## സ്വർണവില

(ഗ്രാമിന്-ദിർഹം)

| | |
|---|---|
| 24 കാരറ്റ് | 290.75 |
| 22 കാരറ്റ് | 269.25 |
| 21 കാരറ്റ് | 260.75 |
| 18 കാരറ്റ് | 223.50 |





## സൗദിയിൽ വാഹനാപകടം തൃശൂർ സ്വദേശി മരിച്ചു



മനോജ് മേനോൻ

ദമ്മാം: സൗദി അറേബ്യയിലെ കിഴക്കൻ പ്രവിശ്യയിൽ വാഹനാപകടത്തിൽ പ്രവാസി മലയാളി മരിച്ചു. തൃശൂർ പൂങ്കുന്നം സ്വദേശി മനോജ് മേനോൻ (44) ആണ് മരിച്ചത്. ദമ്മാം ജുബൈൽ റോഡിൽ റസ്തന്നൂറ എക്സിറ്റ് കഴിഞ്ഞ ഉടനെ ചെക്ക് പോയിന്റിന് സമീപമാണ് അപകടമുണ്ടായത്. മനോജ് മേനോൻ സഞ്ചരിച്ചിരുന്ന വാഹനം റോഡിലെ ഡിവൈഡറിലേക്ക് ഇടിച്ചുകയറുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ മനോജ് മേനോൻ സംഭവ സ്ഥലത്ത് വെച്ച് തന്നെ മരിച്ചു. ഇദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന സുഹൃത്ത് സുരേഷ് നിസ്സാര പരിക്കുകളോടെ രക്ഷപ്പെട്ടു. പ്രാഥമിക ചികിത്സക്കും നിരീക്ഷണത്തിനും ശേഷം സുരേഷ് ആസ്പത്രി വിട്ടു. ഔദ്യോഗിക ആവശ്യാർഥമുള്ള യാത്രയിലായിരുന്നു ഇരുവരും. കിഴക്കൻ പ്രവിശ്യയിലെ നീയോ ഇൻഡസ്ട്രീസ് കമ്പനിയുടെ ജനറൽ മാനേജരാണ് മനോജ് മേനോൻ.

അഞ്ചുവർഷത്തിലേറെയായി ഇൻഡസ്ട്രിയൽ ഏരിയയിലുള്ള കമ്പനിയിൽ ജോലി ചെയ്യുന്ന മനോജ് മേനോൻ നേരത്തെ ഖത്തറിലും പ്രവാസിയായിരുന്നു. ഭാര്യ: ഗോപിക മേനോൻ. മകൻ: അഭയ് മേനോൻ. മരണ വിവരമറിഞ്ഞ് ദുബൈയിൽ നിന്നും ഭാര്യാസഹോദരൻ ശരത് ദമ്മാമിൽ എത്തിയിട്ടുണ്ട്. ഖത്വീഫ് സെൻട്രൽ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹം നടപടികൾ പൂർത്തിയാക്കി നാട്ടിലെത്തിക്കുമെന്ന് കെഎംസിസി നേതാക്കൾ അറിയിച്ചു.

## ഫുജൈറയിൽ വാഹനപകടം മൂന്ന് സഹോദരങ്ങൾ മരിച്ചു നാലു പേർക്ക് പരിക്കേറ്റു

ഫുജൈറ: ഞായറാഴ്ച ഫുജൈറയിലുണ്ടായ വാഹനാപകടത്തിൽ മൂന്ന് സഹോദരങ്ങൾ മരിച്ചു. അപകടത്തിൽ നാല് പേർക്ക് പരിക്കേറ്റതായി ഫുജൈറ ടുഡേ റിപ്പോർട്ട് ചെയ്തു. ഫുജൈറയിലെ ദിബ്ബ ഗോബ് റോഡിൽ ഡീസൽ ടാങ്കറും സ്വകാര്യ കാറും കൂട്ടിയിടിച്ചാണ് ദാരുണമായ സംഭവം നടന്നത്. അപകടത്തിൽ സഹോദരങ്ങളായ മൂന്ന് സ്വദേശി കുട്ടികളാണ് മരിച്ചത്. അഹമ്മദ് മുഹമ്മദ് അലി സയീദ് അൽ യമാഹി (1 വയസ്സ്), ഈദ് മുഹമ്മദ് അലി സഊദ് അൽ യമാഹി (5 വയസ്സ്), മീര മുഹമ്മദ് അലി സയീദ് അൽ യമാഹി (8 വയസ്സ്) എന്നിവരാണ് മൂന്ന് സഹോദരങ്ങൾ. ഗോബിൽ ഖബറടക്കി.

### സർക്കാർ – സ്വകാര്യ പങ്കാളിത്തത്തിലൂടെ

# ദുബൈ ലക്ഷ്യത്തിലെത്തും – ശൈഖ് മുഹമ്മദ്

### പ്രാദേശിക പ്രമുഖരുമായി കൂടിക്കാഴ്ച നടത്തി

ദുബൈ: യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ഇന്നലെ നിരവധി പ്രാദേശിക പ്രമുഖർ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മുതിർന്ന ഉദ്യോഗസ്ഥർ, മേധാവികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. ദുബൈയിലെ യൂണിയൻ ഹൗസിൽ അദ്ദേഹത്തിന്റെ പ്രതിവാര മജ്‌ലിസിൽ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ, ബിസിനസ്സ് നേതാക്കൾ, നിക്ഷേപകർ തുടങ്ങിയവർ സംബന്ധിച്ചു. ദുബൈ കിരീടാവകാശിയും ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയും ദുബൈ എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാനുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ സാന്നിധ്യത്തിലായിരുന്നു യോഗം. യു.എ.ഇ.യുടെ സമഗ്രമായ വികസനം മുന്നോട്ട് കൊണ്ടുപോകുന്നതിനും വിവിധ മേഖലകളിൽ അതിന്റെ നേതൃസ്ഥാനം ഉറപ്പിക്കുന്നതിനുമായി സമൂഹത്തിനുള്ളിലെ സഹകരണ ശ്രമങ്ങളുടെ പ്രാധാന്യത്തെ യോഗത്തിൽ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ഊന്നിപ്പറഞ്ഞു. പൊതുസ്വകാര്യ മേഖലകൾ തമ്മിലുള്ള പങ്കാളിത്തം വർധിപ്പിച്ച് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും അതുവഴി വരും തലമുറകൾക്ക് സമൃദ്ധമായ ഭാവി ഉറപ്പാക്കുന്നതിനുമുള്ള നിർണായക പങ്ക് അദ്ദേഹം അടിവരയിട്ടു. മികച്ച മൂന്ന് ആഗോള സാമ്പത്തിക നഗരങ്ങളിൽ എമിറേറ്റിന്റെ സ്ഥാനം ശക്തിപ്പെടുത്തുക, ബിസിനസ് മേഖലയുടെ മത്സരക്ഷമത വർധിപ്പിക്കുക എന്നിവ ഉൾപ്പെടുന്ന ദുബൈ ഇക്കണോമിക് അജണ്ട, ഡി33 യുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിലേക്ക് ദുബൈ അതിവേഗം പുരോഗമിക്കുകയാണെന്ന് ശൈഖ് മുഹമ്മദ് പറഞ്ഞു. അത്യാധുനിക ഇൻഫ്രാസ്ട്രക്ചറിൽ നിക്ഷേപം നടത്തുന്നതിലൂടെ, വിനോദസഞ്ചാരം, നിക്ഷേപം, ബിസിനസ്സ് എന്നിവയ്ക്ക് ഇഷ്ടപ്പെട്ട സ്ഥലമെന്ന പദവി നിലനിർത്താനാണ് ദുബൈ ലക്ഷ്യമിടുന്നതെന്ന് ഷെയ്ഖ് മുഹമ്മദ് പറഞ്ഞു. സാമ്പത്തിക അഭിവൃദ്ധിയുടെയും നൂതനത്വത്തിന്റെയും അതുല്യ മാതൃകയായി ദുബൈയിയുടെ സ്ഥാനം ഉറപ്പിക്കുക എന്നതാണ് ലക്ഷ്യം. എല്ലാ മേഖലകളിലും സുസ്ഥിരമായ വികസനവും നൂതനത്വവും മുന്നോട്ട് കൊണ്ടുപോകുന്നതോടൊപ്പം സമ്പന്നമായ ഭാവിയിലേക്കുള്ള ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് പൊതുസ്വകാര്യ മേഖലകൾ തമ്മിലുള്ള ശക്തമായ പങ്കാളിത്തത്തിലാണ് ദുബൈയുടെ അഭിലഷണീയമായ കാഴ്ചപ്പാട് നിർമ്മിച്ചിരിക്കുന്നത്.

സാങ്കേതിക വിദ്യയിലും നവീകരണത്തിലും ആഗോള തലത്തിൽ ദുബൈയിയെ സ്ഥാനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ, ആകർഷകമായ ബിസിനസ് അന്തരീക്ഷം വളർത്തിയെടുക്കുകയും നൂതന പദ്ധതികളെ പിന്തുണക്കുകയും ചെയ്തുകൊണ്ട് സ്വകാര്യ മേഖലയെ ശാക്തീകരിക്കാൻ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം പറഞ്ഞു. യോഗത്തിൽ ദുബൈ രണ്ടാം ഡെപ്യൂട്ടി ഭരണാധികാരി ശൈഖ് അഹമ്മദ് ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമും പങ്കെടുത്തു.

ശൈഖ് അഹമ്മദ് ബിൻ സയീദ് അൽ മക്തൂം, ദുബായ് സിവിൽ ഏവിയേഷൻ അതോറിറ്റി പ്രസിഡന്റ്, ദുബൈ എയർപോർട്ട്സ് ചെയർമാൻ, എമിറേറ്റ്സ് എയർലൈൻ ആൻഡ് ഗ്രൂപ്പിന്റെ ചെയർമാനും ചീഫ് എക്സിക്യൂട്ടീവും; ദുബൈ മീഡിയ ഇൻകോർപ്പറേറ്റഡ് ചെയർമാൻ ശൈഖ് ഹാഷർ ബിൻ മക്തൂം ബിൻ ജുമാ അൽ മക്തൂം, കൂടാതെ നിരവധി ശൈഖുമാരും മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.



യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം പ്രാദേശിക പ്രമുഖർ,സർക്കാർ,അർധസർക്കാർ സ്ഥാപനങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ,മേധാവികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നു



പ്രാദേശിക പ്രമുഖർ,സർക്കാർ-അർധ സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുമായി കൂടിക്കാഴ്ചക്ക് എത്തുന്ന യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം

# സങ്കട കണ്ണീരിൽ കുവൈത്ത് മലയാളികൾ; ചലനമറ്റ ശരീരമായി അവർ മടങ്ങി

## അബ്ബാസിയയിലെ അഗ്നിബാധയിൽ മരിച്ച കുടുംബത്തിന്റെ മൃതദേഹങ്ങൾ നാട്ടിലേക്ക് കൊണ്ടുപോയി

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി

കുവൈത്തിലെ അബ്ബാസിയയിലുണ്ടായ അഗ്നിബാധയിൽ ജീവൻ പൊലിഞ്ഞ നാലംഗ കുടുബത്തിന്റെ മൃതദേഹങ്ങൾ ഇന്നലെ രാത്രി നാട്ടിലേക്ക് കൊണ്ടു പോയി. ബന്ധുക്കൾക്കും സുഹൃത്തുകൾക്കും മറ്റും അന്തിമോപചാരം അർപ്പിക്കുന്നതിന് സബാഹ് ആശുപത്രി മോർച്ചറിയിൽ വൈകീട്ട് 3 മണി വരെ മൃത്ദേഹങ്ങൾ പൊതുദർശത്തിന് വെച്ചിരുന്നു. സംഭവത്തിന്റെ ഞെട്ടലിൽ നിന്ന് മലയാളി സമൂഹം ഇപ്പോഴും മോചിതരായിട്ടില്ല. വാതിൽ മറയത്ത് അവർ മരണം വരിച്ചതറിയാതെ രക്ഷാ പ്രവർത്തകർ. സങ്കടകണ്ണീരിൽ അബ്ബാസിയ പ്രദേശം. അഞ്ചു നില കെട്ടിടത്തിലെ മുഴുവൻ താമസക്കാരെയും അപായ വിവരമറിയിച്ച പരിസരവാസികൾ അപകടത്തിൽ പെട്ട കുടുംബം പുറത്തിറങ്ങുമെന്നായിരുന്നു കരുതിയത്. വാതിൽ തുറന്നെങ്കിലും അവർ വെളിയിലേക്ക് വന്നില്ല. പിന്നീട് ഇവരുടെ മൃതദേഹങ്ങൾ പുറത്തെടുക്കുകയായിരുന്നു. നാട്ടിലെ കോരിച്ചൊരിയുന്ന മഴയുടെ കാലാവസ്ഥയിൽ നിന്നും കടുത്ത ചൂടനുഭവിക്കുന്ന കുവൈത്തിലേക്ക് വെള്ളിയാഴ്ച്ച വൈകുന്നേരം 4 മണിയോടെയാണ് മാത്യുവും കുടുംബവും തിരിച്ചെത്തിയത്. അയൽവാസിയായ സുഹൃത്ത് തയ്യാറാക്കിയ ഭക്ഷണം കഴിച്ച ശേഷം യാത്രാ ക്ഷീണം മൂലമാവാം നേരത്തെ ഉറക്കത്തിലേക്ക് പോയി.

എയർ കണ്ടീഷനിലെ ഷോർട്ട് സർക്ക്യൂട്ടിൽ നിന്നുണ്ടായ തീ പടർത്തിയ പുക ശ്വസിച്ചാണ് നാലംഗ കുടുംബത്തിന്റെ ദാരുണാന്ത്യമുണ്ടായത്. ഈ കെട്ടിടത്തിലെ 15 ഓളം ഫ്ളാറ്റിലുള്ള താമസക്കാരെ ഗോവണിപ്പടി വഴി കയറിയാണ് സന്നദ്ധ പ്രവർത്തകർ രക്ഷപ്പെടുത്തിയത്. ഏകദേശം രാത്രി ഒമ്പത് മണിയോടെയാണ് അപകടമുണ്ടായത്. അർദ്ധ രാത്രിയിലായിരുന്നു സംഭവമെങ്കിൽ അപകടത്തിന്റെ വ്യാപ്തി വർദ്ധിക്കുമായിരുന്നുവെന്ന് പരിസര വാസികൾ പ്രതികരിച്ചു. രക്ഷാ ശ്രമങ്ങൾക്കിടെ കുഴഞ്ഞു വീണ സ്ത്രീ ആശുപത്രിയിൽ ചികിത്സ തേടി. തിരുവല്ല നീരേറ്റുപുറം സ്വദേശി മാത്യു മുളയ്ക്കൽ, ഭാര്യ ലിനി എബ്രഹാം, മക്കളായ ഐറിൻ (13),ഐസക് (7) എന്നിവർക്കാണ് സംഭവത്തിൽ ജീവൻ പൊലിഞ്ഞത്. മാത്യു റോയിട്ടർ കമ്പനിയുടെ വിവര സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥനും, ഭാര്യ ലിനി അദാൻ അശുപത്രിയിൽ സ്റ്റാഫ് നേഴ്സുമാണ്. മക്കൾ ഭവൻ സ്കൂളിലെ വിദ്യാർത്ഥികളാണ്. സംഭവം നടന്ന കുവൈത്തിലെ കൊച്ചു കേരളം എന്നറിയപ്പെടുന്ന അബ്ബാസിയ പ്രദേശം ഇപ്പോഴും സംഭവത്തിന്റെ നടുക്കത്തിൽ നിന്നും മുക്തരായിട്ടില്ല. ജൂൺ മാസം ആദ്യ വാരം മങ്കഫ് പ്രദേശത്ത് ഒരു സ്വകാര്യ കമ്പനിയുടെ താമസ കേന്ദ്രത്തിലുണ്ടായ വൻ അഗ്നിബാധ മലയാളികടക്കം 49 പേരുടെ ജീവനെടുത്തിരുന്നു. ഈ മാസം ആദ്യ വാരം ഫർവാനിയയിൽ ഫ്ലാറ്റിനകത്ത് തീ പടർന്നതിനെ തുടർന്ന് ഒരു സിറിയൻ നാലംഗ കുടുംബമടക്കം അഞ്ചു പേർക്കാണ് ജീവൻ നഷ്ടമായത്. ഇപ്പോഴും കുവൈത്തിലെ താപനില 50 ഡിഗ്രിക്ക് മുകളിൽ തുടരുകയാണ്. കനത്ത ചൂടിൽ നിന്ന് രക്ഷ നേടാനുള്ള മുന്നറിയിപ്പുകൾ അധികൃതർ നൽകുന്നുണ്ട്. കഴിഞ്ഞ വാരത്തിലും കടുത്ത ചൂടിൽ നിന്നും സുരക്ഷിതരാവാനുള്ള മാർഗ നിർദേശങ്ങൾ അധികൃതർ പുറപ്പെടുവിച്ചിരുന്നു.



തീപിടിത്തത്തിൽ മരിച്ച മാത്യു മുളയ്ക്കൽ, ഭാര്യ ലിനി എബ്രഹാം, മക്കളായ ഐറിൻ,ഐസക് എന്നിവർ





റീം ഹോസ്പിറ്റലിൽ ബ്രിഡ്ജ്‌വേ ബിഎംഎസ് മെഡ്ഷോപ്പ് ബ്രിഡ്ജ് വേ ഗ്രൂപ്പ് ചെയർമാൻ പി.വി അബ്ദുൽ വഹാബ് എം.പി ഉദ്ഘാടനം ചെയ്യുന്നു

## റീം ഹോസ്പിറ്റലിൽ ബ്രിഡ്ജ്‌വേ ബിഎംഎസ് മെഡ്ഷോപ്പ് തുറന്നു

അബുദാബി: റീം ഹോസ്പിറ്റൽ ബ്രിഡ്ജ്‌വേ മെഡിക്കൽ സിസ്റ്റംസുമായി സഹകരിച്ച് അത്യാധുനിക ഓർത്തോട്ടിക്, പ്രോസ്തെറ്റിക്, ഡ്യൂറബ്ൾ മെഡിക്കൽ എക്യുപ്മെന്റ് സ്റ്റോർ ബിഎംഎസ് മെഡ്ഷോപ്പ് തുറന്നു. രോഗികൾക്ക് ഗുണനിലവാരമുള്ളതും ലോകോത്തരവുമായ പരിചരണം ചികിത്സയിലുടനീളം ലഭ്യമാക്കും. അത്യാധുനിക ഡയഗ്നോസ്റ്റിക് ഉപകരണങ്ങളുടെ പിന്തുണയോടെ ഒപി, ഐപി, പോസ്റ്റ് അക്യൂട് കെയർ സേവനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് റീം ഹോസ്പിറ്റൽ. 50 വർഷം പഴക്കമുള്ള യുഎഇ ബിസിനസ് എന്റർപ്രൈസ് ബ്രിഡ്ജ്‌വേ ഗ്രൂപ്പിന്റെ അനുബന്ധ സ്ഥാപനമായ ബ്രിഡ്ജ് വേ മെഡിക്കൽ സിസ്റ്റംസുമായുള്ള പുതിയ സംരംഭം, രോഗി കേന്ദ്രീകൃത പരിചരണത്തിനുള്ള ആശുപത്രിയുടെ പ്രതിബദ്ധത വർധിപ്പിക്കുന്നുവെന്ന് അധികൃതർ പറഞ്ഞു. റീം ഹോസ്പിറ്റലിലെ ബിഎംഎസ് മെഡ്ഷോപ്പ് മികച്ച അനുഭവം പ്രദാനം ചെയ്യുന്ന രീതിയിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. രോഗികൾക്ക് അവരുടെ വ്യക്തിഗത ആവശ്യങ്ങൾക്ക് സമയവും സൗകര്യങ്ങളും നൽകുന്ന ആധുനിക ഡിസൈനിലുള്ളതാണ് സ്റ്റോർ. പരിചയ സമ്പന്നരായ തെറാപിസ്റ്റുകൾ, സർട്ടിഫൈഡ് പ്രോസ്തെറ്റിസ്റ്റുകൾ, ഓർത്തോട്ടിസ്റ്റുകൾ കൂടാതെ, വ്യക്തിഗത പരിചരണം നൽകാനായി സാങ്കേതിക വിദഗ്ധരും ഉണ്ട്. ഉദ്ഘാടന ചടങ്ങിൽ റീം ഹോസ്പിറ്റൽ ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ കൽൻസി പോ, ബ്രിഡ്ജ് വേ ഗ്രൂപ്പ് ചെയർമാൻ പി.വി അബ്ദുൽ വഹാബ്, പി.വി മുനീർ, ഡയറക്ടർ ജാബർ അബ്ദുൽ വഹാബ്, ബ്രിഡ്ജ്‌വേ ഗ്രൂപ് സിഇഒയും ഡയരക്ടറുമായ അഫ്ദൽ അബ്ദുൽ വഹാബ്, ബ്രിഡ്ജ്‌വേ മെഡിക്കൽ സിസ്റ്റംസ് സിഇഒ അഷ്റഫ് തയ്യിൽ, ഡയറക്ടർമാർ എന്നിവരും മറ്റു പ്രമുഖരും പങ്കെടുത്തു.

## പൊതുഗതാഗതം ശക്തിപ്പെടുത്താൻ ആർടിഎ

# ദുബൈയിൽ കൂടുതൽ ഇലക്ട്രിക് ബസുകൾ





ദുബൈ: പൊതുഗതാഗതം ശക്തിപ്പെടുത്താൻ ദുബൈ ആർടിഎ കൂടുതൽ ബസുകൾ നിരത്തിലിറക്കും. വിവിധ വലുപ്പത്തിലുള്ള 636 ബസുകൾ വാങ്ങുന്നതിന് കരാർ നൽകി. ഈ ബസുകൾ കുറഞ്ഞ കാർബൺ പുറംതള്ളുന്ന യൂറോപ്യൻ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നതാണ്. 2030 ഓടെ ദുബൈയിലെ യാത്രകൾ 25 ശതമാനവും പൊതുഗതാഗത്തിലേക്ക് മാറുമെന്നും ആർടിഎ വ്യക്തമാക്കി. യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ നിർദേശങ്ങൾക്ക് അനുസൃതമായി, താമസക്കാരുടെയും സന്ദർശകരുടെയും സഞ്ചാരം സുഗമമാക്കുന്ന സുസ്ഥിരവും സുസ്ഥിരവുമായ പൊതുഗതാഗത സംവിധാനം സ്ഥാപിക്കുകയാണ് ലക്ഷ്യം.

ഈ പദ്ധതി ജനങ്ങളുടെ ക്ഷേമം വർധിപ്പിക്കാനും രാജ്യാന്തര നിലവാരത്തിലേക്ക് ദുബൈയുടെ മത്സരശേഷി വർദ്ധിപ്പിക്കാനും അർബൻ പ്ലാൻ 2040 ലക്ഷ്യങ്ങൾ കൈവരിക്കാനും ലക്ഷ്യമിടുന്നു. ദുബൈ കിരീടാവകാശിയും ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ മേൽനോട്ടത്തിൽ ദുബൈ റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റി 636 ബസുകൾ വാങ്ങുന്നതിനാണ് കരാർ നൽകിയിട്ടുണ്ട്. 2024ലും 2025ലും ഈ ബസുകൾ റോഡിലിറക്കും. ദുബൈയിലെ പൊതുഗതാഗത സംവിധാനത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള മാസ്റ്റർ പ്ലാനിന്റെ ഭാഗമായാണ് പുതിയ ബസുകൾ വാങ്ങുന്നതെന്ന് ആർടിഎയുടെ ബോർഡ് ഓഫ് എക്സിക്യൂട്ടീവ് ഡയറക്ടേഴ്സ് ചെയർമാൻ മത്തർ അൽ തായർ അഭിപ്രായപ്പെട്ടു. പൊതുഗതാഗത ഉപയോക്താക്കൾക്ക് മികച്ച ഇൻക്ലാസ് സേവനങ്ങൾ വാഗ്ദാനം ചെയ്യുകയും പൊതു ബസ് യാത്രക്കാരുടെ സുസ്ഥിരമായ വളർച്ചയെ ഉൾക്കൊള്ളുകയും ചെയ്യുക എന്നതാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. എല്ലാ ബസുകളും ടാക്സികളും ലിമോസിനുകളും സീറോ എമിഷൻ വാഹനങ്ങളാക്കി മാറ്റുന്നതിനുള്ള ആർടിഎയുടെ ദുബൈയിലെ പൊതുഗതാഗത സീറോ എമിഷൻ 2050 ലക്ഷ്യത്തിലേക്ക് എത്തിക്കും. 2050 ഓടെ പൊതുഗതാഗത ബസുകളെ 100% ഇലക്ട്രിക്, ഹൈഡ്രജൻ ബസുകളാക്കി മാറ്റാൻ ലക്ഷ്യമിടുന്നതായും അൽതായർ വിശദീകരിച്ചു.

മേഖലയിൽ പരീക്ഷിച്ചതും തെളിയിക്കപ്പെട്ടതുമായ ഗൾഫ് സവിശേഷതകൾ ഉൾക്കൊള്ളുന്ന 40 ഇലക്ട്രിക് ബസുകൾ, 400 ഒറ്റ ബസുകളും 50 സോങ്ടോംഗ് ബസുകളും ഉൾപ്പെടെ 450 സിറ്റി സർവീസ് ബസുകൾ, എല്ലാം ഉയർന്ന സുരക്ഷ, സുഖം, ഗുണനിലവാരം എന്നിവ ഈ പദ്ധതിയിലെ ബസുകൾക്കുണ്ട്. 1.1 ബില്യൺ ദിർഹത്തിന്റേതാണ് പദ്ധതി. പരമാവധി കാറുകൾ റോഡിൽ നിന്ന് ഒഴിവാക്കാനും പരിസ്ഥിതി വർധിപ്പിക്കാനും രൂപകൽപ്പന ചെയ്തിട്ടുണ്ട്. വികലാംഗർക്ക് എളുപ്പത്തിൽ കയറാൻ താഴ്ന്ന നിലകളും കുട്ടികൾക്ക് പ്രത്യേക ഇരിപ്പിടങ്ങളും, ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങൾക്കായി 146 ആർട്ടിക്യുലേറ്റഡ് ഡബിൾ ഡെക്കർ ബസുകളും 40 ഇലക്ട്രിക് ബസുകളും ഇതിലുൾപ്പെടും.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 22 തിങ്കൾ
03
ഗൾഫ് ചന്ദ്രിക

SHORT NEWS

## ചൂട് കനത്തു: സുരക്ഷാ മുന്നറിയിപ്പുമായി അബുദാബി പൊലീസ്

അബുദാബി: ചൂട് കനക്കുന്നതോടെ സുരക്ഷ മുന്നറിയിപ്പുമായി അബുദാബി പൊലീസ്. വാഹനങ്ങളുമായി റോഡിലിറങ്ങുന്നവർ ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്ന് അധികൃതർ. അപകടങ്ങൾ ഒഴിവാക്കാൻ വാഹനങ്ങൾ മികച്ച രീതിയിലാണെന്ന് ഉറപ്പാക്കണമെന്നാണ് നിർദേശം.

## ദുബൈയിൽ ഓഫീസിനായി ബുദ്ധിമുട്ടേണ്ട

ദുബൈ: ദുബൈയിൽ ഓഫീസിനായി സ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസമായി പുതിയ സംവിധാനം. ദുബൈയിലെ മെട്രോ സ്റ്റേഷൻ ജോലി സ്ഥലമാക്കാം. ബുർജുമാൻ മെട്രോ സ്റ്റേഷനിലാണ് പുതിയ സംവിധാനം. 20 ദിർഹം നൽകിയാൽ രാവിലെ മുതൽ രാത്രി വരെ ഇവിടെയിരുന്ന് ജോലി പൂർത്തിയാക്കാം.

## ഗസ്സയിലേക്ക് യുഎഇ 100 വാഹനങ്ങളിൽ സഹായമെത്തിച്ച

അബുദാബി: യുദ്ധത്താൽ ദുരിതമനുഭവിക്കുന്ന ഗസ്സയിൽ ഇതുവരെ 100 വാഹനങ്ങളിൽ സഹായമെത്തിച്ചതായി യുഎഇ. കഴിഞ്ഞ നവംബറിൽ യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ പ്രഖ്യാപിച്ച ദ ഗാലന്റ് നൈറ്റ് 03 ഓപറേഷന്റെ ഭാഗമായാണ് വാഹനങ്ങൾ ഗസ്സയിലെത്തിച്ചത്.

## ഷാർജയിൽ സ്ത്രീകൾക്കായി ആരോഗ്യ സംരക്ഷണ കേന്ദ്രം

ഷാർജ: ഷാർജയിൽ സ്ത്രീകൾക്കായി ആരോഗ്യ സംരക്ഷണ കേന്ദ്രം വരുന്നു. സ്ത്രീകളുടെ ആരോഗ്യം ലക്ഷ്യമിട്ട് ഷാർജ ഹെൽത്ത് കെയർ സിറ്റിയിൽ 'സണ്ണി വെൽനസ്' കേന്ദ്രം ആരംഭിച്ചു. ഷാർജ ഹെൽത്ത് അതോറിറ്റി ആന്റ് ഷാർജ ഹെൽത്ത് കെയർ സിറ്റി ചെയർമാൻ ഡോ.അബ്ദുൽ അസീസ് അൽ മുഹൈരി കേന്ദ്രം ഉദ്ഘാടനം ചെയ്തു.

## ഖത്തറിൽ ബോധവത്കരണം വെള്ളവും വൈദ്യുതിയും പാഴാക്കരുത്

ദോഹ: ഖത്തറിൽ വെള്ളവും വൈദ്യുതിയും പാഴാക്കുന്നതിനെതിരെ ബോധവത്കരണവുമായി ഖത്തർ ജനറൽ ഇലക്ട്രിസിറ്റി ആന്റ് വാട്ടർ കോർപറേഷൻ. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളിലെ ഊർജ്ജ മാനേജ്മെന്റ് മേഖലയിലെ സാങ്കേതിക വിദഗ്ധർക്കായി ശിൽപശാല നടത്തി. വെള്ളവും വൈദ്യുതി പാഴാക്കുന്നത് തടയുന്നതിലൂടെ വിഭവ നഷ്ടവും കാർബൺ വികിരണവും കുറയ്ക്കാനാണ് ലക്ഷ്യം.

## അബുദാബി ഇസ്‌ലാമിക് സെന്റർ ഭാരവാഹികൾക്ക് ചുമതല നൽകി

അബുദാബി: 2024-25 വർഷത്തേക്കുള്ള അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ മാനേജിങ് കമ്മറ്റിയിലേക്ക് തിരഞ്ഞെടുത്ത ഭാരവാഹികൾക്ക് ചുമതലകൾ നൽകി. പി.ബാവഹാജി പ്രസിഡന്റും ടി.മുഹമ്മദ് ഹിദായത്തുല്ല ജനറൽ സെക്രട്ടറിയും ബി.സി അബൂബക്കർ ട്രഷററുമായ കമ്മിറ്റിയിൽ മറ്റു അംഗങ്ങൾക്ക് കഴിഞ്ഞ ദിവസമാണ് ചുമതലകൾ നൽകിയത്. വൈസ് പ്രസിഡന്റുമാരായി അബ്ദുറഊഫ് അഹ്‌സനി,യു.അബ്ദുള്ള ഫാറൂഖി,വി.പി.കെ അബ്ദുല്ല, ഇബ്രാഹിം മുസ്‌ലിയാർ,എം.പി.എം.റഷീദ്,അബ്ദുല്ല നദ്‌വി എന്നിവരെയും വർക്കിങ് പ്രസിഡന്റായി സി. സമീർ തൃക്കരിപ്പൂരിനെയും തിരഞ്ഞെടുത്തിരുന്നു.സെക്രട്ടറിമാരും വകുപ്പുകളും അഷ്‌റഫ് ഹാജി വാരം (അഡ്മിൻ), ഹുസൈൻ.സി.കെ (സ്പോർട്സ്),ഹാഷിം ഹസൻകുട്ടി (എജ്യൂക്കേഷൻ ),ഇസ്ഹാഖ് നദ്‌വി (റിലീജിയസ്),മശ്ഹൂദ് നീർച്ചാൽ (കൾച്ചറൽ),ജാഫർ കുറ്റിക്കോട് (ലിറ്ററി),അഡ്വ. ശറഫുദ്ദീൻ (പബ്ലിക് റിലേഷൻ),കരീം കമാൽ (ഐടി&മീഡിയ),സുനീർ ചുണ്ടമ്പറ്റ (ഇന്റേണൽ ഓഡിറ്റർ)

## ഗൾഫ് വാർത്തകൾ



# ആസിഫലിക്ക് ദുബൈയിൽ ആദരം ആഢംബര നൗകക്ക് നടന്റെ പേര്

ദുബൈ: സംഗീത സംവിധായകൻ രമേശ് നാരായണുമായി ബന്ധപ്പെട്ടുള്ള വിവാദങ്ങളുടെ പശ്ചാത്തലത്തിൽ നടൻ ആസിഫലിക്ക് ദുബൈയിൽ ആദരവ്. ഏറെ ചർച്ചയായ വിഷയം ആസിഫലി തന്മയത്വത്തോടെ കൈകാര്യം ചെയ്തതിലുള്ള ആദരവും നടനോട് ഐക്യദാർഢ്യവും പ്രകടിപ്പിച്ച് ദുബൈയിൽ ആഢംബര നൗകക്ക് അദ്ദേഹത്തിന്റെ പേര് നൽകി. ദുബൈ മറീനയിലെ വാട്ടർ ടൂറിസം കമ്പനി ഡി3 ആണ് നൗകയുടെ പേരു മാറ്റിയത്. നൗകയിൽ ആസിഫ് അലി എന്നു പേരു പതിപ്പിച്ചു കഴിഞ്ഞു. ബോട്ടിന്റെ റജിസ്ട്രേഷൻ ലൈസൻസിലും പേരു മാറ്റും. പല നിലയിൽ വഷളാകുമായിരുന്ന വിഷയം പക്വതയോടെ കൈകാര്യം ചെയ്ത ആസിഫ് അലി എല്ലാവർക്കും മാതൃകയാണെന്ന് ഡി3 ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ഷെഫീഖ് മുഹമ്മദ് അലി പറഞ്ഞു. വർഗീയവിദ്വേഷം വരെ അഴിച്ചുവിടാൻ ചിലർ ശ്രമിച്ചു. അത്തരം നീക്കങ്ങളെ ചിരിയോടെ നേരിട്ട ആസിഫ് അലി, നിർണായകഘട്ടങ്ങളിൽ മനുഷ്യർ എങ്ങനെയാണു പെരുമാറേണ്ടതെന്നു കാണിച്ചുതന്നുവെന്നും ഷെഫീഖ് പറഞ്ഞു. സംരംഭകർ പത്തനംതിട്ട സ്വദേശികൾ ആയതിനാൽ ജില്ലയുടെ വാഹന രജിസ്ട്രേഷനിലെ 3 ഉൾപ്പെടുത്തിയാണ് കമ്പനിക്കു ഡി3 എന്ന പേരു നൽകിയത്. വാട്ടർ ടൂറിസം മേഖലയിൽ മലയാളികൾ നടത്തുന്ന പ്രധാനപ്പെട്ട കമ്പനിയാണ് ഡി3.




ദുബൈ മറീനയിലെ വാട്ടർ ടൂറിസം കമ്പനി ഡി 3 ആഢംബര നൗകയിൽ നടൻ ആസിഫലിയുടെ പേര് എഴുതിച്ചേർത്തപ്പോൾ

# കർഷകർക്ക് ഉത്സവമായി ലിവ ഈത്തപ്പഴ മേള

## ശൈഖ് ഹംദാൻ ബിൻ സായിദ് സന്ദർശിച്ചു



അബുദാബി: ഈത്തപ്പഴ വിളവെടുപ്പ് സീസണും വിപണന മേളകളും യുഎഇയിൽ സജീവമായി. വിവിധ എമിറേറ്റുകളിൽ ഈത്തപ്പഴ മേളകൾ ഉത്സവപ്രതീതിയിൽ നടക്കുകയാണ്. രാജ്യത്തെ ഏറ്റവും വലിയ ഈത്തപ്പഴ മേളയായ ലിവ ഡേറ്റ് ഫെസ്റ്റിവലിലേക്ക് സന്ദർശകരും വ്യാപാരികളും ഒഴുകുകയാണ്. അൽ ദഫ്ര മേഖലയിലെ ഭരണാധികാരിയുടെ പ്രതിനിധി ശൈഖ് ഹംദാൻ ബിൻ സായിദ് അൽ നഹ്യാൻ ലിവ ഫെസ്റ്റിവൽ സന്ദർശിച്ചു. ജൂലൈ 28 വരെ അൽ ദഫ്ര മേഖലയിൽ നടക്കുന്ന മേളയിലെ എല്ലാ സ്റ്റാളുകളും ശൈഖ് ഹംദാൻ ബിൻ സായിദ് വീക്ഷിച്ചു. ഈന്തപ്പനകളുടെ ചരിത്രപരമായ പദവി ഉയർത്തിക്കാട്ടുന്നതിലും സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിലും സുസ്ഥിര വികസനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും പിന്തുണ നൽകുന്നതിൽ ഇത്തരം മേളകളുടെ പങ്കിനെക്കുറിച്ച് ശൈഖ ഹംദാൻ പറഞ്ഞു. അബുദാബി ഹെറിറ്റേജ് അതോറിറ്റി സംഘടിപ്പിക്കുന്ന ഫെസ്റ്റിവലിൽ പങ്കെടുത്ത പവലിയനുകൾ അദ്ദേഹം പര്യടനം ചെയ്യുകയും ഈത്തപ്പഴ കർഷകർക്കും ഉൽപ്പാദകർക്കുമായി പൈതൃക പ്രവർത്തനങ്ങളെക്കുറിച്ചും മത്സരങ്ങളെക്കുറിച്ചും വിശദീകരിച്ചു. യുഎഇയുടെ അദൃശ്യമായ പൈതൃകം സംരക്ഷിക്കുന്നതിനായി പൊതുസ്വകാര്യ മേഖലകളിൽ നിന്നുള്ള സ്ഥാപനങ്ങളുടെ സംഘടനാ പ്രവർത്തനങ്ങളെയും ഫലപ്രദമായ പങ്കാളിത്തത്തെയും ശൈഖ് ഹംദാൻ അഭിനന്ദിച്ചു. പര്യടനത്തിൽ നിരവധി ഉദ്യോഗസ്ഥർ ശൈഖ് ഹംദാനെ അനുഗമിച്ചു.

അൽ ദഫ്ര മേഖലയിലെ ഭരണാധികാരിയുടെ പ്രതിനിധി ശൈഖ് ഹംദാൻ ബിൻ സായിദ് അൽ നഹ്യാൻ ലിവ ഫെസ്റ്റിവൽ സന്ദർശിക്കുന്നു

# യുഎഇയിൽ പ്രകടനം നടത്തിയ ബംഗ്ലാദേശികൾക്കെതിരെ നടപടി

അബുദാബി: ബംഗ്ലാദേശിലെ സംവരണ സമരത്തിന്റെ മറവിൽ യുഎഇയിൽ വിവിധ സ്ഥലങ്ങളിൽ പരസ്യമായി സംഘടിക്കുകയും അക്രമം നടത്തുകയും ചെയ്ത ബംഗ്ലാദേശി പൗരന്മാർക്കെതിരെ ശക്തമായ നടപടി. പ്രകടനം നടത്തിയ മുഴുവൻ പേരെയും പൊലീസ് അറസ്റ്റ് ചെയ്ത് കൂടുതൽ നടപടികൾക്കായി പ്രോസിക്യൂഷന് കൈമാറി. സംഘടിച്ചവരെക്കുറിച്ച് അടിയന്തരമായി അന്വേഷിക്കാൻ യുഎഇ അറ്റോണി ജനറൽ ചാൻസലർ ഡോ. ഹമദ് സെയ്ഫ് അൽ ഷംസി ഉത്തരവിട്ടു. പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രത്യേക സംഘത്തെ ഇതിനായി നിയോഗിച്ചു. പൊതുസ്ഥലത്ത് അനുവാദമില്ലാതെ കൂട്ടം കൂടുക, മാതൃരാജ്യത്തിനെതിരെ യുഎഇയിൽ പ്രതിഷേധിക്കുക, സമൂഹത്തിൽ അരക്ഷിതാവസ്ഥ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ പെരുമാറുക, ക്രമസമാധാനം നശിപ്പിക്കുക, മറ്റുള്ളവരുടെ സ്വാതന്ത്ര്യം ഹനിക്കുക, മറ്റുള്ളവർക്ക് അപകടവും പരുക്കും ഉണ്ടാക്കുക, മറ്റുള്ളവരുടെ അവകാശം ഹനിക്കുക, ഗതാഗതം തടസ്സപ്പെടുത്തുക, സ്വകാര്യ പൊതു സ്വത്തുക്കൾ നശിപ്പിക്കുക എന്നീ കുറ്റകൃത്യങ്ങളാണ് അറസ്റ്റിലായവർക്കെതിരെ ചുമത്തിയിരിക്കുന്നത്.

പ്രതികൾ ബോധപൂർവം ഗതാഗത തടസ്സം ഉണ്ടാക്കിയതായി പൊലീസ് പറഞ്ഞു. പ്രകടനം നടത്തുകയും അതിന്റെ ദൃശ്യങ്ങൾ വിവിധ ഓൺലൈൻ സൈറ്റുകൾ വഴി പ്രദർശിപ്പിക്കുകയും ചെയ്തതായും കണ്ടെത്തി. ഇത് രാജ്യസുരക്ഷയ്ക്ക് എതിരായ കുറ്റമാണെന്നും ക്രമസമാധാന നില തകർക്കുന്ന നടപടിയാണെന്നും അറ്റോണി ജനറൽ വിലയിരുത്തി. ഇത് യുഎഇയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി അക്രമികളെ തടവിലാക്കാനും വിചാരണ വേഗത്തിലാക്കാനും പബ്ലിക് പ്രോസിക്യൂഷൻ ഉത്തരവിട്ടു. പ്രവാസികൾ യുഎഇയുടെ നിയമം അനുസരിക്കാൻ ബാധ്യസ്ഥരാണെന്നും ഇത്തരം പ്രവൃത്തികൾ കടുത്ത ശിക്ഷയ്ക്കു കാരണമാകുമെന്നും ഡോ. അൽ ഷംസി പറഞ്ഞു. പ്രാഥമിക അന്വേഷണ ഫലങ്ങളുടെ അടിസ്ഥാനത്തിൽ, പബ്ലിക് പ്രോസിക്യൂഷൻ ഇവരെ കൂടുതൽ അന്വേഷണങ്ങൾ വരെ തടങ്കലിൽ വയ്ക്കാൻ ഉത്തരവിട്ടിട്ടുണ്ട്. കൂടാതെ, പ്രതികളെ വേഗത്തിൽ വിചാരണക്ക് റഫർ ചെയ്യാൻ യുഎഇ അറ്റോർണി ജനറൽ നിർദ്ദേശിച്ചിട്ടുണ്ട്.




അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗം സംഘടിപ്പിച്ച 'പെൻ ടു പേപ്പർ' ശിൽപശാല ഡോ.ഹസീന ബീഗം ഉദ്ഘാടനം ചെയ്യുന്നു

## അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ ശിൽപശാല സംഘടിപ്പിച്ചു

അബുദാബി: ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗം എഴുത്തുകാർക്ക് വേണ്ടി സംഘടിപ്പിച്ച 'പെൻ ടു പേപ്പർ' ശിൽപശാല ഡോ. ഹസീന ബീഗം ഉദ്ഘാടനം ചെയ്തു. പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ ഷെരീഫ് സാഗർ ശിൽപശാലക്ക് നേതൃത്വം നൽകി. സാഹിത്യ വിഭാഗം സെക്രട്ടറി ജാഫർ കുറ്റിക്കോട് സ്വാഗതം പറഞ്ഞു. കഥ,കവിത,ലേഖനങ്ങൾ തുടങ്ങിയ മേഖലകൾക്ക് പ്രോത്സാഹനം നൽകുന്നതിന് സാഹിത്യ വിഭാഗത്തിന് കീഴിൽ നവീന പദ്ധതികൾക്ക് രൂപം നൽകുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സെന്റർ ജനറൽ സെക്രട്ടറി ടി മുഹമ്മദ് ഹിദായത്തുല്ല പറഞ്ഞു.

ഇസ്‌ലാമിക് സെന്റർ മെയിൻ ഹാളിൽ നടന്ന പരിപാടിയിൽ അബ്ദുസ്സലാം ടി.കെ, ഹംസ നടുവിൽ, അഷ്റഫ് ഹാജി വാരം, ഇസ്ഹാഖ് നദ്‌വി പ്രസംഗിച്ചു. സാഹിത്യ വിഭാഗം 'പ്രവർത്തന കലണ്ടർ' ഷെരീഫ് സാഗർ ഇസ്ലാമിക് സെന്റർ ട്രഷറർ ബി.സി അബൂബക്കറിന് നൽകി പ്രകാശനം ചെയ്തു. സെന്റർ ഭാരവാഹികളായ ഹുസൈൻ സി.കെ, ഹാഷിം ഹസൻകുട്ടി, സുനീർ ചുണ്ടമ്പറ്റ, കരീം കമാൽ എന്നിവർ നേതൃത്വം നൽകി. സാഹിത്യ വിഭാഗം കൺവീനർ ജുബൈർ ആനക്കര നന്ദി പറഞ്ഞു.



അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗം സംഘടിപ്പിച്ച 'പെൻ ടു പേപ്പർ' ശിൽപശാലയിൽ നിന്ന്




പാലക്കാട് ജില്ലാ കെഎംസിസി പ്രവർത്തക സംഗമം 'സിഗ്നേച്ചർ' യുഎഇ നാഷണൽ കമ്മിറ്റി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ ഉദ്ഘാടനം ചെയ്യുന്നു

### 'സേവന പാതയിൽ സംഘടിക്കുക, കെഎംസിസിക്ക് കരുത്താകുക'

## 'സിഗ്നേച്ചർ' പാലക്കാട് ജില്ലാ പ്രവർത്തക സംഗമം

ഫുജൈറ: 'സേവന പാതയിൽ സംഘടിക്കുക, കെഎംസിസിക്ക് കരുത്താകുക' എന്ന പ്രമേയത്തിൽ ഫുജൈറ കെഎംസിസി പാലക്കാട് ജില്ലാ പ്രവർത്തക സംഗമം 'സിഗ്നേച്ചർ' പ്രവർത്തക കൺവൻഷൻ യുഎഇ കെഎംസിസി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ ഉദ്ഘാടനം ചെയ്തു. മുസ്തഫ താണിക്കൽ അധ്യക്ഷനായി.

യു.കെ മുഹമ്മദ്കുഞ്ഞി മുഖ്യ പ്രഭാഷണം നടത്തി. ഫുജൈറ സംസ്ഥാന ജനറൽ സെക്രട്ടറി ബഷീർ ഉളിയിൽ, സംസ്ഥാന നിരീക്ഷകൻ സുബൈർ ചോമയിൽ, ഇ.എം ഷരീഫ് ഹുദവി, മുഹമ്മദലി മല്ലിയിൽ,നുസൈർ,യൂസുഫ് ഷാ,കെ.പി ആരിഫ്,നാഫിഹ് കരിങ്ങനാട്, നസീഫ്,മുഹമ്മദ്,ഹബീബുല്ല, സക്കീർ കോട്ടോപ്പാടം,ഇല്യാസ് വാഫി പങ്കെടുത്തു. മുഹമ്മദലി കോഴിശ്ശേരി സ്വാഗതവും ഫിറോസലി ഒലവക്കോട് നന്ദിയും പറഞ്ഞു.



പെരിന്തൽമണ്ണ മണ്ഡലം കെഎംസിസി 'ലീഡ് ടു സക്സസ്' നേതൃപരിശീലന ക്യാമ്പിൽ നിന്ന്

### അബുദാബി പെരിന്തൽമണ്ണ മണ്ഡലം കെഎംസിസി

## 'ലീഡ് ടു സക്സസ്' നേതൃപരിശീലന ക്യാമ്പ്

അബുദാബി: പെരിന്തൽമണ്ണ മണ്ഡലം കെഎംസിസി നേതൃപരിശീലന ക്യാമ്പ് അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ ജില്ലാ പ്രസിഡന്റ് അസീസ് കാളിയാടൻ ഉദ്ഘാടനം ചെയ്തു. ബഷീർ നെല്ലിപറമ്പ് അധ്യക്ഷനായി.

എഴുത്തുകാരനും, പത്രപ്രവർത്തകനുമായ ഷെരീഫ് സാഗർ തിരഞ്ഞെടുത്ത അംഗങ്ങൾക്ക് 'ലീഡ് ടു സക്സസ്' വിഷയത്തിൽ പരിശീലനം നൽകി. നാസർ വൈലത്തൂർ, സാഹിർ പൊന്നാനി, ഫൈസൽ പെരിന്തൽമണ്ണ എന്നിവർ പ്രസംഗിച്ചു. ഗഫൂർ ഏലംകുളം നന്ദി പറഞ്ഞു.

## സൗദിയിൽ ട്രാഫിക് പിഴകൾക്ക് 50 ശതമാനം ഇളവ്

റിയാദ്: സൗദി അറേബ്യയിൽ ട്രാഫിക് നിയമലംഘനങ്ങൾക്ക് ചുമത്തുന്ന പിഴയിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതിനുള്ള സമയപരിധി അവസാനിക്കാൻ മൂന്ന് മാസം കൂടിയെന്ന് ആഭ്യന്തര മന്ത്രാലയം. രാജ്യത്തെ പൗരന്മാർ, വിദേശ താമസക്കാർ, സന്ദർശകർ, ജിസിസി രാജ്യങ്ങളിൽനിന്ന് എത്തുന്ന പൗരന്മാർ എന്നിവർക്ക് ഈ വർഷം ഏപ്രിൽ 18ന് മുമ്പ് ലഭിച്ച പിഴകൾക്കാണ് 50%ഇളവ് അനുവദിച്ചത്.

## മെഡിക്കൽ ക്യാമ്പ് ആഗസ്ത് 6ന്

അജ്മാൻ: ഉദുമ മണ്ഡലം കെഎംസിസി മോഡേൺ മെഡിക്കൽ സെന്ററുമായി സഹകരിച്ച് ആഗസ്ത് ആറിന് രാവിലെ പത്ത് മണി മുതൽ വൈകുന്നേരം 4 മണി വരെ അജ്മാൻ ഇൻഡസ്ട്രിയൽ ഏരിയ മൂന്നിലെ മോഡേൺ മെഡിക്കൽ സെന്ററിൽ മെഡിക്കൽ ക്യാമ്പും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിക്കും. പരിശോധനയും പ്രഷർ,ഷുഗർ എന്നീ ടെസ്റ്റുകളും ജീവിത ശൈലി രോഗങ്ങളെ കുറിച്ച് ബോധവത്ക്കരണ ക്ലാസും ഉണ്ടായിരിക്കും. യോഗം കാസർകോട് ജില്ലാ ജനറൽ സെക്രട്ടറി ആസിഫ് പള്ളംകോട് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് എ.വൈ മുഹമ്മദ് കുഞ്ഞി അധ്യക്ഷനായി. ജനറൽ സെക്രട്ടറി ഇഖ്ബാൽ ആലൂർ സ്വാഗതം പറഞ്ഞു. ട്രഷറർ കെ.എസ് അബ്ദുല്ല,വൈസ് പ്രസിഡന്റുമാരായ എസ്.എ ഇല്യാസ്,കബീർ കളനാട്, സെക്രട്ടറി ഹമീദ് ദേലംപാടി പ്രസംഗിച്ചു.

## മുഹമ്മദ് വലിയകത്തിന് യാത്രയയപ്പ്

ദുബൈ: നാൽപതു വർഷത്തെ പ്രവാസം അവസാനിപ്പിച്ച് നാട്ടിൽ പോകുന്ന മുഹമ്മദ് വലിയകത്തിന് ദുബൈ കെഎംസിസി കടപ്പുറം പഞ്ചായത്ത് കമ്മിറ്റി യാത്രയയപ്പ് നൽകി. മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് ഉപഹാരം നൽകി ആദരിച്ചു. തൃശൂർ ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് സി.എ മുഹമ്മദ് റഷീദ്, ഇൻകാസ് ജില്ലാ പ്രസിഡന്റ് പവിത്രൻ, ജില്ലാ കെഎംസിസി പ്രസിഡന്റ് ജമാൽ മനയത്ത്, സെക്രട്ടറി നൗഫൽ പുത്തൻപുരക്കൽ, ഗുരുവായൂർ മണ്ഡലം പ്രസിഡന്റ് സാദിഖ് തിരുവത്ര, ജനറൽ സെക്രട്ടറി ഷറഫ് സി.കെ, ട്രഷറർ അസ്‌ലം വടക്കേകാട്, പഞ്ചായത്ത് ഭാരവാഹികളായ അൻജിത്ത് അലി കാക്കശ്ശേരി, റിഷാം, ഷിഹാസ് പ്രസംഗിച്ചു. പഞ്ചായത്ത് കെഎംസിസി പ്രസിഡന്റ് വി.എം അക്ബർ അധ്യക്ഷനായി. ജനറൽ സെക്രട്ടറി ശരീഫ് സി.എം സ്വാഗതവും ട്രഷറർ അനസ് വട്ടേക്കാട് നന്ദിയും പറഞ്ഞു.



പ്രവാസം അവസാനിപ്പിച്ച് നാട്ടിൽ പോകുന്ന മുഹമ്മദ് വലിയകത്തിന് ദുബൈ കെഎംസിസി കടപ്പുറം പഞ്ചായത്ത് കമ്മിറ്റിയുടെ ഉപഹാരം സി.എച്ച് റഷീദ് സമ്മാനിക്കുന്നു

## അജ്മാൻ കെഎംസിസി രക്തദാന കാമ്പയിൻ

അജ്മാൻ: ഷാർജ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആന്റ് റിസർച്ച് സെന്ററുമായി സഹകരിച്ച് അജ്മാൻ കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി റാഡിസൻ ബ്ലൂ ഹോട്ടലിൽ ദാനക്യാമ്പ് സംഘടിപ്പിച്ചു. രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണി വരെ നടന്ന ക്യാമ്പിൽ സ്വദേശികളും വിദേശികളുമായി നൂറിൽ പരം ആളുകൾ രക്തം നൽകി. അജ്മാൻ മലപ്പുറം ജില്ലാ കെഎംസിസി പ്രസിഡന്റ് നാസർ കൊട്ടാരത്തിൽ, ജനറൽ സെക്രട്ടറി മുസ്തഫ കാരാത്തോട്, ട്രഷറർ ലത്തീഫ് ടി.എൻ.പുരം, ഭാരവാഹികളായ മുനീർ കുരുവമ്പലം,ബെൻഷാദ് വെങ്കിട്ട,യാസിർ മുല്ലപ്പള്ളി, സംസ്ഥാന നേതാക്കളായ അഷ്റഫ് നീരിച്ചാൽ, റഷീദ് എരഗലം,ഹസൈനാർ,ഹാശിം കണ്ണൂർ, മുൻ സംസ്ഥാന പ്രസിഡന്റ് സലാം വലപ്പാട്,മണ്ഡലം നേതാക്കളായ ഇർഷാദ്,നിസാബ് കോക്കൂർ,ഷമീർ തിരൂർ,ഹാരിസ് കാഞ്ഞങ്ങാട്,നൗഫൽ തൃത്താല,സിദ്ദീഖ് കോഴിക്കോട്,മലപ്പുറം ജില്ല വനിതാ കെഎംസിസി നേതാക്കളായ ഫസീന നാസർ, സൈഫുന്നീസ ഇർഷാദ്,ഫൗസിയ പെരിന്തൽമണ്ണ,ഷാർജ ബ്ലഡ് ഡോണേഷൻ കോർഡിനേറ്റർ മൂസ,ആരോഗ്യ വിഭാഗം അംഗങ്ങൾ ക്യാമ്പിന് നേതൃത്വം നൽകി.



അജ്മാൻ കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച രക്തദാന ക്യാമ്പിൽ നിന്ന്

നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ സത്യവിശ്വാസികളാകുവാൻ നീ അവരെ നിർബന്ധിക്കുകയോ?. യാതൊരാൾക്കും അല്ലാഹുവിന്റെ അനുമതിപ്രകാരമല്ലാതെ വിശ്വസിക്കാൻ കഴിയുന്നതല്ല. ചിന്തിച്ചു മനസ്സിലാക്കാത്തവർക്ക് അല്ലാഹു നികൃഷ്ടത വരുത്തിവെക്കുന്നതാണ്.

(വിശുദ്ധ ഖുർആൻ: 10: 99, 100 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 മുഹറം 16 • 1199 കർക്കിടകം 07

## വീണ്ടും നിപ ഭീതി

വിലപ്പെട്ട ഒരു ജീവൻ കൂടി കവർന്ന് കേരളത്തിൽ നിപ വീണ്ടും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. 2018ൽ 17 പേരുടെയും 2021ൽ ഓരാളുടെയും 2023ൽ രണ്ടുപേരുടെയും മരണത്തിനിടയാക്കിയ നിപ വൈറസ് ഇനിയും സംസ്ഥാനത്തെ വിട്ടകന്നുപോയിട്ടില്ല. 2019ലും രോഗം സ്ഥിരീകരിച്ചെങ്കിലും മരണമൊന്നും സംഭവിച്ചില്ല. പൊതുജനാരോഗ്യ മേഖലയെ ആശങ്കയിലാഴ്ത്തി രോഗാണു ഇപ്പോഴും നമ്മോടൊപ്പമുണ്ടെന്നാണ് മലപ്പുറം പാണ്ടിക്കാട് പഞ്ചായത്തിലെ ചെമ്പ്രശ്ശേരി സ്വദേശിയായ പതിനാലുകാരന്റെ മരണത്തിലൂടെ വ്യക്തമാകുന്നത്. സംസ്ഥാനത്ത് നിപ ബാധിച്ച് മരിച്ചവരുടെ എണ്ണം 21 ആയിരിക്കുകയാണ്. കഴിഞ്ഞ നാല് തവണയും രോഗം പടർന്നുപിടിക്കാതെ നിയന്ത്രിക്കാൻ സാധിച്ചുവെന്ന് അവകാശപ്പെടുമ്പോഴും വെല്ലുവിളി അവസാനിച്ചിട്ടില്ല. കോഴിക്കോട് സ്വകാര്യ ആശുപത്രിയിലും മെഡിക്കൽ കോളജിലും ഗുരുതരാവസ്ഥയിൽ കഴിഞ്ഞ കുട്ടി ഇന്നലെ മരണപ്പെടുകയായിരുന്നു. നിലവിൽ 246 പേർ സമ്പർക്ക പട്ടികയിലുണ്ട്. 101 പേർ ഹൈ റിസ്ക് വിഭാഗത്തിലാണ്. ഇവരിൽ രണ്ടുപേർക്ക് നിപ ലക്ഷമുള്ളതായി ആരോഗ്യ മന്ത്രി പറയുന്നു. ചുരുക്കത്തിൽ കേരളത്തിന്റെ നെഞ്ചിടിപ്പേറ്റുന്ന സാഹര്യമാണ് നിലവിലുള്ളത്. നിപ സ്ഥിരീകരിച്ചതോടെ മാസ്ക് ധരിക്കുന്നതുൾപ്പെടെ പതിവ് ജാഗ്രതാ നിർദ്ദേശങ്ങളുമായി ആരോഗ്യവകുപ്പ് രംഗത്തുണ്ട്. വ്യാപിക്കാതെ സൂക്ഷിക്കുകയും ഉറവിടത്തിൽ തന്നെ ഒതുക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുകയുമാണ് ഇനി സമൂഹത്തിനു മുന്നിലുള്ള ഏക മാർഗം. 2018ൽ തുടങ്ങി 2024ലും മനുഷ്യ ജീവനുകൾക്ക് നിപ നിരന്തര ഭീഷണി സൃഷ്ടിക്കുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് സർക്കാരിന് ഒഴിഞ്ഞുമാറാൻ സാധിക്കില്ല. മഹാമാരികളെ നിയന്ത്രണവിധേയമാക്കുന്നതിൽ ആരോഗ്യ വകുപ്പ് ഏറെ ദുർബലമാണെന്ന് കോവിഡ് കാലത്തുൾപ്പെടെ തെളിയിക്കപ്പെട്ടതാണ്. രോഗം വരുകയും മരണം സംഭവിക്കുകയും ചെയ്യുമ്പോൾ ആവശ്യമായ നപടികളെല്ലാം സ്വീകരിച്ചെന്ന് പത്രപ്രസ്താവന നടത്തിയതുകൊണ്ടായില്ല.

ഇന്ത്യയിൽ കേരളത്ത മാത്രമാണ് നിപ തുടർച്ചയായി വേട്ടയാടുന്നതെന്ന വസ്തുത ഗൗരവത്തോടെ കാണേണ്ടതുണ്ട്. എന്നിട്ടും രോഗത്തിന്റെ ഉറവിടം കണ്ടെത്തുന്നതിൽ അധികൃതർ പൂർണ പരാജയമാണ്. പഴംതീനി വവ്വാലുകളിൽനിന്നാണ് നിപ വൈറസ് പടരുതെന്ന പ്രാഥമിക നിഗമനത്തിനപ്പുറം ആരോഗ്യവകുപ്പ് മുന്നോട്ടുപോയിട്ടില്ല. യഥാർത്ഥ ഉറവിടം കണ്ടെത്തുന്നതിന് ശാസ്ത്രീയ പഠനരീതികൾ അവലംഭിക്കേണ്ടതുണ്ട്. പഴംതീനി വവ്വാലുകൾ നിപ വൈറസുൾപ്പെടെ പല മാരകരോഗങ്ങളുടെയും പ്രകൃതിദത്ത വാഹകരാണെന്നത് ശരിയാണ്. പക്ഷേ, കേരളത്തിൽ രോഗം മനുഷ്യരിലേക്ക് എത്തിയത് എങ്ങനെയാണെന്ന ചോദ്യത്തിന് ഉത്തരമില്ല. ഉറവിടം കണ്ടെത്താതെയുള്ള പ്രതിരോധ നടപടികൾ താൽക്കാലികം മാത്രമാണ്. ഏറെ മാരകമാണെന്ന് വ്യക്തമായിട്ടും നിപക്കെതിരെ ആരോഗ്യവകുപ്പ് വേണ്ടത്ര ജാഗ്രത പുലർത്താറില്ല. രോഗതരംഗം അടങ്ങുന്നതോടെ അതേകകുറിച്ചുള്ള ചർച്ചകളും അവസാനിപ്പിക്കുകയാണ് പതിവ്. നിപ വൈറസ് ബാധ സ്ഥിരീകരിക്കാൻ പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് തന്നെയാണ് ഇപ്പോഴും നമ്മുടെ ആശ്രയം. 2018ൽ നിപ ബാധയുണ്ടായപ്പോൾ തുടങ്ങിയതാണ് സ്വന്തമായൊരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ചുള്ള ആലോചനകൾ. അതിപ്പോഴും പ്രഖ്യാപനത്തിനപ്പുറം പോയിട്ടില്ല. തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് വൈറോളജിയ്ക്കു പകരം പൂനെയിലേക്ക് തന്നെയാണ് ഇപ്പോഴും സാമ്പിളുകൾ അയക്കുന്നത്. നിപയെപ്പോലെ അപകടകാരിയായ ഒരു രോഗത്തിന്റെ സ്ഥിരീകരണത്തിന് കാലതാമസം വരുന്നത് തന്നെ ചികിത്സയെ ബാധിക്കും. നിപ വൈറസ് ഇടയ്ക്കിടെ തല പൊക്കുന്നത് കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ്. പക്ഷേ, പൂർണതോതിൽ പ്രവർത്തനക്ഷമമല്ലാത്ത വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത് തിരുവനന്തുപുരത്തും. രോഗപ്രതിരോധ പ്രവർത്തനങ്ങളോട് സംസ്ഥാന സർക്കാറിന്റെ വിമുഖതയാണ് ഇതിലൂടെ ബോധ്യമാകുന്നത്.

നിപ ബാധിതർക്ക് നൽകുന്ന മോണോക്ലോണൽ ആന്റിബോഡിയുടെ മതിയായ ശേഖരവും ആരോഗ്യവകുപ്പിന്റെ കൈവശമില്ല. സമീപ കാലത്ത് സംസ്ഥാനത്ത് പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്നുണ്ട്. പനി ബാധിതരുടെ കണക്ക് സർക്കാർ പുറത്തുവിട്ടിട്ടില്ല. അതിനുപുറമെ ഡോക്ടർമാരുടെയും അനുബന്ധന ജീവനക്കാരുടെയും കുറവ് ആശുപത്രികളെ വീർപ്പുമുട്ടിക്കുകയാണ്. അതിനിടയിലേക്കാണ് നിപയും കടന്നുവരുന്നത്. കണ്ണടച്ച് ഇരുട്ടാക്കി പ്രതിസന്ധികളിൽനിന്ന് ഒളിച്ചോടാൻ നോക്കുന്ന സർക്കാരിൽ പൊതുജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടിട്ടുണ്ട്. നിപയെ പ്രതിരോധിക്കാൻ മുൻകരുതൽ വേണം. വവ്വാലുകളും മറ്റും ഭക്ഷിച്ചുപേക്ഷിച്ച പഴവർഗങ്ങൾ കഴിക്കാതിരിക്കുക, മാസ്ക്, ധരിക്കുക, കൈകൾ വൃത്തിയാക്കുക തുടങ്ങിയ പ്രാഥമിക പ്രതിരോധ നടപടികൾ സജീവമാക്കേണ്ടതുണ്ട്. വ്യക്തി ശുചിത്വമാണ് പ്രധാനമെന്ന് മറക്കാതിരിക്കുക.

### അടിക്കുറിപ്പ്

പകർച്ച വ്യാധികൾക്ക് കാരണം ആരോഗ്യ വകുപ്പ് ആണെന്നല്ല ഞങ്ങളാരും പറയുന്നത്. രോഗാണുക്കളും അവയെ പകർത്തുന്ന മാർഗങ്ങളും നമ്മുടെ നാടിന്റെ സാഹചര്യങ്ങളുമൊക്കെയാണ് രോഗങ്ങളുണ്ടാകുന്നത്. എന്നാൽ രോഗം വരുന്നതിന്നും പകരുന്നതിനും കാരണമായ സാഹചര്യങ്ങളെ സ്വാധീനിക്കാനും ചെറുക്കാനും സർക്കാരിന് കഴിയണം. അതിൽ ആരോഗ്യവകുപ്പ് നിയന്ത്രിക്കുന്ന മന്ത്രി സമ്പൂർണ പരാജയമാണ്.

ആയിരത്തോളം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുള്ള സംസ്ഥാനമാണിത്. ആരോഗ്യവകുപ്പിന്റെ ഏറ്റവും അറ്റത്ത്, അയ്യായിരം ജനസംഖ്യയ്ക്ക്, രണ്ട് ആരോഗ്യപ്രവർത്തകർ ഉള്ള നാടാണിത്. അതിന് താഴെ ആശ പ്രവർത്തകരും ഉണ്ട്. വളരെ നല്ല ജീവനക്കാരുടെ ഇത്രയും വലിയ ശൃംഘലയെ മരവിപ്പിച്ചതിന്റെ ദുരന്തങ്ങളാണ് നമ്മൾ അനുഭവിക്കുന്നത്.

–ഡോ. എസ്.എസ് ലാൽ

### ചരിത്രത്തിൽ ഇന്ന്

1947 ഇന്ത്യയുടെ ദേശീയപതാക ഭരണഘടനാ സമിതിയുടെ പ്രത്യേക സമ്മേളനത്തിൽ വച്ചു അംഗീകരിച്ചു.
2009 ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ദൈർഘ്യമേറിയ സമ്പൂർണ്ണ സൂര്യഗ്രഹണം ഏഷ്യൻ രാജ്യങ്ങളിലും ശാന്തസമുദ്രത്തിലും ദൃശ്യമായി.
2019 ഇന്ത്യ ചന്ദ്രയാൻ2 വിക്ഷേപിച്ചു.

# ആരോഗ്യരംഗം അപകടത്തിൽ



ടി.വി ഇബ്രാഹീം

കാലവർഷത്തോടൊപ്പം സംസ്ഥാനം പലവിധ പകർച്ചവ്യാധികളുടെ പിടിയിലമർന്നിരിക്കുകയാണ്. നിപ സ്ഥിരീകരിക്കുകയും മരണം സംഭവിക്കുകയും ചെയ്തതോടെ അതീവ സങ്കീർണ സാഹചര്യമാണ് നിലനിൽക്കുന്നത്. കൃത്യമായ പ്രതിരോധ പ്രവർത്തനവും വലിയ തോതിലുള്ള ജാഗ്രതയും പാലിച്ചില്ലെങ്കിൽ കാര്യങ്ങൾ ഏറെ ഉൽക്കണ്ഠപ്പെടേണ്ട അവസ്ഥയിലെത്തും. പകർച്ചപ്പനി, എപ്പിറ്റസ് ബി, ഡെങ്കിപ്പനി, എച്ച് വൺ എൻ വൺ, എലിപ്പനി, കോളറ, മലമ്പനി, അമീബിക്, മസ്തിസ്ക ജ്വരം, തുടങ്ങിയ പകർച്ചവ്യാധികൾ ഈയിടെ റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. അനുദിനം ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.




മെഡിക്കൽ കോളജുകളും ജില്ലാ ആശുപത്രികളും മറ്റു ആശുപത്രികളും പനിബാധിതരെ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. കേരളം ആരോഗ്യ പ്രതിസന്ധിയിലാണെന്ന് ഇടതുപക്ഷ സഹയാത്രികനും പൊതുജനാരോഗ്യ വിദഗ്ധനുമായ ഡോ. ബി . ഇഖ്ബാൽ പോലും കുറ്റപ്പെടുത്തിരിക്കുന്നു. പകർച്ചവ്യാധി പടരുമ്പോൾ രോഗത്തെക്കാൾ ഭയപ്പെടേണ്ടത് പ്രതിരോധ നടപടി സ്വീകരിക്കാത്ത ഭരണകൂടത്തെയാണ് എന്ന മുൻ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ളിൻ റൂസ് വെൽറ്റിൻരെ വിലയിരുത്തൽ നിലിവിലെ സംസ്ഥാന സർക്കാറിനെ സംബന്ധിച്ച് ഏറെ പ്രസക്തമാണ്.

ഇക്കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പൊതുജനം അഭിമുഖീകരിക്കുന്ന പ്രധാന ജീവൽ പ്രശ്നങ്ങളെല്ലാം പ്രതിപക്ഷം ശ്രദ്ധയോടെ സഭയിൽ അവതരിപ്പിച്ചിരുന്നു. അതിന്റെ ഭാഗമായി ജൂലൈ രണ്ടിന് സഭയിൽ അടിയന്തിര പ്രമേയം അവതരിപ്പിക്കാൻ അവസരം ലഭിച്ചത് എനിക്കായിരുന്നു. പകർച്ചവ്യാധി മൂലം ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിലെ ആശങ്കകളാണ് സഭ നിർത്തിവെച്ച് ചർച്ചചെയ്യാൻ വേണ്ടി നോട്ടീസ് അവതരിപ്പിച്ച് സംസാരിച്ചത്. കേരളം അഭിമുഖീകരിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും സർക്കാർ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളും അവതരണ സമയത്ത് ഒന്നൊന്നായി ചൂണ്ടി കാട്ടിയിരുന്നു. എന്നാൽ അതീവ ഗുരുതരമായ പ്രതിസന്ധിയെ ലാഘവ ബുദ്ധിയോടെയാണ് ആരോഗ്യവകുപ്പും, വകുപ്പ് മന്ത്രിയും കാണുന്നതെന്നാണ് മന്ത്രിയുടെ വിശദീകരണത്തിൽ നിന്ന് മനസിലായത്. തുടർന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിയും മറ്റ് കക്ഷി നേതാക്കളും പ്രശ്നത്തിലെ ഗുരുതരാവസ്ഥ സർക്കാറിനെ ബോധ്യപ്പെടുത്തിയതുമാണ്. അത് കഴിഞ്ഞ് രണ്ടാഴ്ച കഴിഞ്ഞിട്ടും സ്ഥിതികൾക്ക് വലിയ മാറ്റങ്ങൾ വന്നിട്ടില്ല.

കഴിഞ്ഞ കുറച്ചു വർഷമായി കേരളത്തിലെ പല ജില്ലകളും പകർച്ചപ്പനിയും ചിക്കൻ ഗുനിയയും മുതൽ കോളറ വരെയുള്ള രോഗങ്ങളുടെ പിടിയിലായിരുന്നു. എന്നാൽ ഇത്തവണ മഴയെത്തും മുമ്പേതന്നെ രോഗ കാലം തുടങ്ങി എന്നതാണ് പ്രത്യേകത. കഴിഞ്ഞവർഷം സംസ്ഥാനത്ത് ഏറ്റവും അധികം മരണത്തിന് കാരണമായ പകർച്ചവ്യാധി എലിപ്പനിയാണ്. സംസ്ഥാനത്ത് മൂന്നര വർഷത്തിനിടെ എലിപ്പനി ബാധിച്ചു മരിച്ചത് 127 ആണെന്നാണ് ഔദ്യോഗിക കണക്ക്. എന്നാൽ ഈ വർഷം ഇതുവരെ ഏകദേശം 20380 പേർക്ക് എലിപ്പനി ബാധിച്ചു. അതിൽ 144 പേർ മരണപ്പെടുകയും ചെയ്തു. മറ്റു പകർച്ചവ്യാധികളിൽ നിന്ന് ഭിന്നമായി രോഗ പ്രതിരോധവും ചികിത്സയും കൊണ്ട് ഏറെ ഒഴിവാക്കാൻ സാധിക്കുന്നതാണ് എലിപ്പനി മരണങ്ങൾ. എന്നിട്ടും ഈ മരണങ്ങൾ വർധിക്കുന്നതിനുള്ള കാരണം ആരോഗ്യ മേഖലയിലെ കടുത്ത അനാസ്ഥയി ലേക്കാണ് വിരൽ ചൂണ്ടുന്നത് എന്ന കാര്യത്തിൽ സംശയമില്ല.

ആരോഗ്യ രംഗത്ത് രാജഭരണം കാലം മുതൽ നമ്മൾ മുൻപന്തിയിലാണ്. പ്രത്യേകിച്ച് പ്രാഥമിക ആരോഗ്യ രംഗത്ത്. എന്നാൽ കേരളം പോലുള്ള സംസ്ഥാനത്ത് ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതാണ് ക്ലസ്റ്റർ അടിസ്ഥാനത്തിൽ മഞ്ഞപിത്തം അടക്കമുള്ള ജലജന്യ രോഗങ്ങളുടെ വ്യാപനം. നിയമസഭയിൽ ആരോഗ്യ മന്ത്രി നൽകിയ ഉത്തരത്തിൽ ഹെപ്പറ്റൈറ്റിസ് (മഞ്ഞപിത്തം) കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വർദ്ധനവ് സമ്മതിക്കുന്നുണ്ട്. ഡെങ്കിപ്പനി, എലിപ്പനി അടക്കമുള്ള രോഗങ്ങളും പടരുകയാണ്. ഷിഗെല്ല, അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ്, വെസ്റ്റ് നൈൽ അടക്കമുള്ള സാധാരണ കേട്ടുകേൾവിയില്ലാത്ത രോഗങ്ങൾ വേറെയും. സർക്കാരിന്റെ Integrated Disease Surveillance Programme (IDSP) യുടെ വെബ്സൈറ്റിലെ കണക്ക് പ്രകാരം ജൂൺ മാസത്തിൽ മാത്രം 2.40 ലക്ഷം പേർക്കാണ് പനി ബാധിച്ചത്. സ്വകാര്യ ആശുപത്രികളും ക്ലിനിക്കുകളിലും ഉള്ള വിവരങ്ങൾ ഒഴികെയുള്ള കണക്കാണിത്. സ്വകാര്യ ആശുപത്രികളുടെ കണക്ക് അടക്കം ലഭിക്കുമ്പോൾ ഇതിന്റെ ഇരട്ടിയോളം ആകും.

> പകർച്ചവ്യാധി പടരുമ്പോൾ രോഗത്തെക്കാൾ ഭയപ്പെടേണ്ടത് പ്രതിരോധ നടപടി സ്വീകരിക്കാത്ത ഭരണകൂടത്തെയാണ് എന്ന മുൻ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ളിൻ റൂസ് വെൽറ്റിൻരെ വിലയിരുത്തൽ നിലിവിലെ സംസ്ഥാന സർക്കാറിനെ സംബന്ധിച്ച് ഏറെ പ്രസക്തമാണ്.

ജൂൺ 16ന് കണ്ണൂർ ജില്ലയിലെ ഒരു കുട്ടി അമീബിക് മസ്തിഷ്കജ്വരം മൂലം മരിച്ചു. മെയ് 21 ന് മലപ്പുറം മൂന്നിയൂർ സ്വദേശിയായ അഞ്ചുവയസ്സുകാരിയും ഇതേ രോഗം മൂലം മരിച്ചു. കോഴിക്കോട് ഫാറൂഖ് കോളജ് സ്വദേശിയായ പന്ത്രണ്ടുവയസുകാരൻ സ്വകാര്യ ആശുപത്രിയിൽ വെന്റിലേറ്ററിൽ അതിഗുരുതരാവസ്ഥയിൽ കുറേനാൾ തുടർന്ന് കഴിഞ്ഞ ആഴ്ച മരണപ്പെടുകയുണ്ടായി. വളരെ വിരളമായി കണ്ടുവന്നിരുന്ന അമീബിക് മസ്തിഷ്കജ്വരം കേരളത്തിൽ റിപ്പോർട്ട് ചെയ്തശേഷം ഏഴുവർഷത്തിനിടെ ആറുപർക്കുമാത്രം രോഗം ബാധിച്ചിരുന്നത്. പക്ഷെ കഴിഞ്ഞ രണ്ട് മാസത്തിനിടെ സംസ്ഥാനത്ത് മൂന്നുകുട്ടികൾക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതിൽ മൂന്ന് പേരും മരണത്തിന് കീഴടങ്ങി.

സംസ്ഥാനത്ത് വ്യാപകമായി മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഒരു പ്രത്യേക പ്രദേശത്ത് മഞ്ഞപിത്തം ഔട്ട്ബ്രേക് വന്നാൽ അതിന്റെ കാരണം കണ്ടെത്തണം. ജലജന്യ രോഗങ്ങൾ സ്വാഭാവികമായും ജലസ്രോതസിൽ നിന്നുമായിരിക്കും. ഉറവിടം കണ്ടെത്തി അത് പ്രതിരോധിക്കുക എന്നാണ് ആരോഗ്യവകുപ്പിന്റെ കടമ. രോഗബാധ കണ്ടെത്തിയ പ്രദേശങ്ങൾ പ്രത്യേകം മാർക്ക് ചെയ്തു സർക്കാർ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ജലസ്രോതസിന് എന്താണ് പ്രശ്നം, അത് പരിഹരിക്കാൻ എന്ത് ചെയ്യണം, എന്നിവയുടെ പ്രശ്നങ്ങൾ കണ്ടെത്തി വ്യാപനം തടയേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ സർക്കാർ നോക്കുകുത്തിയാണ്. കക്കൂസ് മാലിന്യങ്ങൾ കുടിവെള്ളത്തിൽ കലരുന്നതും വിവാഹം, പൊതുപരിപാടികൾ, ജ്യൂസ് കടകൾ, ഐസ് കടകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ മലിനമായ വെള്ളം ഉപയോഗിച്ചതും രോഗപ്പടർച്ചക്ക് കാരണമായിട്ടുണ്ട്. പ്രതിരോധം ശക്തമെന്ന് ആരോഗ്യവകുപ്പ് അവകാശപ്പെടുമ്പോഴും പിടിച്ചുകെട്ടാനാകാതെയാണ് മഞ്ഞപ്പിത്ത വ്യാപനം. ജനുവരി ഒന്നു മുതൽ ജൂൺ 29വരെ രോഗം സ്ഥിരീകരിച്ചത് 3020 പേരിലാണ്. 24 മരണവും റിപ്പോർട്ട് ചെയ്തു.

പകർച്ചവ്യാധികൾ വർഷങ്ങളായി സംസ്ഥാനത്തെ ജനങ്ങളെ ക്രൂരമായി വേട്ടയാടുന്നതിന് മുഖ്യകാരണം മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത് തന്നെയാണ്. രോഗവാഹകരായ വൈറസുകൾ പെരുകി വരുന്നത് ഇത്തരം മാലിന്യങ്ങളിൽ നിന്നാണ്. മഴക്കാല പൂർവ ശുചീകരണം നടത്തുന്നതിൽ സർക്കാർ പൂർണമായും പരാജയപെട്ടു. ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടത്തേണ്ട ശുചീകരണ പ്രവർത്തനങ്ങൾ പൂർണമായും അട്ടിമറിക്കപ്പെട്ടു. മാലിന്യ സംസ്കരണം കാര്യക്ഷമമല്ലാത്തതു കാരണം ജലാശയങ്ങളിൽ അടക്കം മലിനമായി. ഇത് പുതിയ രോഗങ്ങൾക്ക് വഴിതെളിച്ചു എന്ന് വേണം കരുതാൻ. കാനകൾ വൃത്തിയാക്കാത്തതു കാരണം ഒരറ്റ മഴിയിൽ തന്നെ മലിന ജലം വീടുകളിലേക്ക് ഒഴുകി. കുടിവെള്ളത്തിൽ അടക്കം മലിന ജലം കലരുന്ന ഗുരുതര അവസ്ഥയുണ്ടായി. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടത്തിന്റെ പേര് പറഞ്ഞാണ് ഇപ്പോൾ സർക്കാർ ന്യായീകരണം നടത്തുന്നത്. ഈ രാജ്യത്തു ഒരു തിരഞ്ഞെടുപ്പ് കമ്മീഷനും മഴക്കാല പൂർവ്വ ശുചീകരണം തിരഞ്ഞുടുപ്പ് പെരുമാറ്റ ചട്ടത്തിന്റെ പേരിൽ തടഞ്ഞുവയ്ക്കില്ല.

ആശുപത്രികൾ അവസ്ഥ അതിലും പരിതാപകരമാണ്. ആവശ്യത്തിന് മരുന്നില്ല. സൗജന്യ ചികിത്സാ പദ്ധതികൾ എല്ലാം കോടികളുടെ കുടിശ്ശിക കാരണം മുടങ്ങി. സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥയും ചികിത്സാ പിഴവുകളും സംബന്ധിച്ച നിരവധി വാർത്തകളാണ് അടുത്തിടെ വരുന്നത്. സാമ്പത്തിക പരാധീനത കാരണം വിവിധ ചികിത്സാപദ്ധതികൾ നേരായ രീതിയിൽ നടക്കുന്നില്ല. പാവപ്പെട്ട ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് താങ്ങാവുന്നതിനും അപ്പുറമാണ്. വിവിധ സുരക്ഷാ പദ്ധതികളിൽ സർക്കാർ പണം നൽകാത്ത കാരണം നിലച്ച മട്ടാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 1255 കോടി, ആരോഗ്യ കിരണം 4 കോടി, കാരുണ്യ ബെനെവെലെന്റ് ഫണ്ട് 217 കോടി, ഹൃദ്യം 10.38 കോടി, ജെ.എസ്.എസ്.കെ 34.87 കോടി. രൂപയാണ് കുടിശ്ശികയുള്ളത്. മരുന്ന് വാങ്ങിയ കുടിശ്ശികയായി മരുന്ന് കമ്പനികൾക്ക് 615 കോടി രൂപയുണ്ട്.

പാവപ്പെട്ട ജനങ്ങളെയാണ് സാംക്രമിക രോഗങ്ങൾ കൂടുതൽ ബാധിക്കുന്നത്. മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾക്ക് ചിലവേറിയ ചികിത്സ വേണ്ടതുകൊണ്ടുതന്നെ രോഗബാധ മിക്ക കുടുംബങ്ങളുടെയും നട്ടെല്ലൊടിച്ചു. അതുകൊണ്ടുതന്നെ പൊതുജനങ്ങൾക്ക് ആശ്രയിക്കാവുന്ന സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തുന്നതിൽ സർക്കാർ ശ്രദ്ധ ചെലുത്തുകയാണ് വേണ്ടത്. അവയെ കുറ്റമറ്റ രീതിയിൽ നവീകരിക്കുകയും ആവശ്യത്തിന് ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുകയും വേണം. ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യവും അതിൽ മരണപ്പെട്ട ജോയിയും നമുക്ക് പാഠമാകണം. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് കൊണ്ട് കടുത്ത പ്രയത്നം നടത്തിയാലെ പകർച്ച വ്യാധി വിപത്തിൽ നിന്നും കേരളത്തെ മോചിപ്പിക്കാനാവൂ.

# അവസ്ഥാന്തരങ്ങൾ

പ്രൊഫ: പി.കെ.കെ തങ്ങൾ

സൃഷ്ടികളിൽ ഏറ്റവും ഉന്നതവും ഉത്തമവുമായ പദവി നൽകി ആദരിക്കപ്പെട്ടിട്ടുള്ളവൻ മനുഷ്യനാണ്. വേദാദ്ധ്യാപന പ്രകാരം പ്രപഞ്ച സൃഷ്ടി പ്രക്രിയയിൽ ഏറ്റവും അവസാനമായി രൂപകൽപന ചെയ്യപ്പെട്ടു സർവ്വ സംവിധാനങ്ങളുമായി ഭൂമുഖത്ത് അവതീർണനായിട്ടുള്ളവനാണ് മനുഷ്യൻ. ഭൗതിക ജീവിതകാലയളവിൽ ഒന്നിന്റെയും അഭാവം മൂലം അവന്റെ ജീവിതം ദുർഘടമായിക്കൂടാ എന്ന കാഴ്ചപ്പാടും ഈ ആശയത്തിൽ സുവിദിതമാണ്. ശരീരഘടനയിലും ആത്മാവിലും ചലനാത്മകതയിലും, വളർച്ചയിലും നിലനിൽപിലും അന്ത്യത്തിലുമെല്ലാം ഈ സവിശേഷതകൾ ദർശിക്കാനാവും. പരിപൂർണനാണെന്ന് വിലയിരുത്തപ്പെടുമ്പോഴും അവന്റെ മൊത്തം ജീവിതത്തെ വിലയിരുത്തുമ്പോൾ വൈരുദ്ധ്യങ്ങളുടെ ശൃംഖല തന്നെ കണ്ടെത്താനാവും. ബുദ്ധിപരമായും, വൈകാരികമായും, കർമ



പരമായും, ഫലസിദ്ധിയിലുമെല്ലാം അവ സുവ്യക്തമാണ്. അതിന്റെ തെളിവായിട്ടാണല്ലോ നന്മയും തിന്മയും അഥവാ ശരിയും തെറ്റുമെന്ന അവസ്ഥാന്തരങ്ങൾ നിലനിൽക്കുന്നത്.

ഈ വൈരുദ്ധ്യങ്ങളിൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം കരണീയമായിട്ടുള്ളത് ഏതെല്ലാമാണെന്ന തിരിച്ചറിവിന്റെ പാഠങ്ങളും സവിസ്തരം അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ആ തിരിച്ചറിവിന്റെ ബലത്തിൽ തിരഞ്ഞെടുപ്പിലൂടെ നന്മയിൽ ആത്യന്തികമായി എത്തിച്ചേരുകയെന്നേടത്താണ് മനുഷ്യന്റെ പ്രത്യേക പദവിയുടെ പ്രസക്തി. 'നന്മ'യെന്ന അനുകൂലത (പോസിറ്റീവ് /പോസിറ്റിവിറ്റി) തിന്മയെന്ന വിരുദ്ധത (നെഗറ്റീവ് / നെഗറ്റിവിറ്റി) യെന്ന പൊരുളിലാണ് ലോകം നിലനിൽക്കുന്നത്. ഉൽപത്തിയോടൊപ്പം, സർവചരാചരങ്ങളിൽ നിന്നും അതിവിഭിന്നമായ കുശാഗ്രബുദ്ധിയും ചിന്താശക്തിയും തിരഞ്ഞെടുപ്പ് ശേഷിയും നൽകപ്പെട്ടിരിക്കുന്ന മനുഷ്യൻ, പ്രസ്തുത അനുകൂല സിദ്ധികൾ ഉപയോഗപ്പെടുത്തി ജീവിതവിജയം കൈവരിക്കുകയെന്നുള്ളത് തന്റെ വിട്ടുവീഴ്ചയില്ലാത്ത ബാദ്ധ്യതയായി കാണേണ്ടതാണ്. ഏതൊരു പ്രവൃത്തിക്കും അനന്തരഫലങ്ങൾ പ്രകൃതി നിയമമാകയാൽ നന്മക്ക്, അനുകൂല പ്രതിഫലവും തിന്മക്ക് തത്തുല്യമായ ശിക്ഷയുമാണ് പ്രപഞ്ച നീതിയിലൂടെ വന്നു ചേരുക. എന്നുവെച്ചാൽ നല്ലത് തിരഞ്ഞെടുത്താൽ ജീവിത വിജയം കൈവരിക്കാമെന്ന് സാരം.

തിരഞ്ഞെടുപ്പ് മനസിന്റേതാണങ്കിൽ നിയന്ത്രണം തലച്ചോറിൻറെതാണല്ലോ. നിയന്ത്രണം മാത്രമല്ല സത്വര ഇടപെടലും (റിഫ്ലക്സ് ആക്ഷൻ) തലച്ചോറിന്റെ ദൗത്യമാണ്. മനസിൽ തോന്നുന്നതെല്ലാം നടപ്പിൽ വരുത്താൻ കഴിയാത്ത അവസ്ഥയോ അല്ലെങ്കിൽ രണ്ടാമതാലോചിക്കാതെയുള്ള പ്രയോഗ വൽക്കരണത്തിനോ മനസ് തുനിഞ്ഞാൽ അത് ആപത്തിലോ നഷ്ടത്തിലോ ചെന്ന് കലാശിക്കും. നന്മയും തിന്മയും സ്പഷ്ടമായി തിരിച്ചറിഞ്ഞ് തിരഞ്ഞെടുത്ത് പ്രയോഗവൽക്കരിക്കാനുള്ള സവിശേഷമായ സിദ്ധി ഇതര ജീനികൾക്ക് വളരെ പരിമിതമായ അളവിലേ നൽകപ്പെട്ടിട്ടുള്ളൂ. അവയെ യഥാവിധി തിരിച്ചറിയാൻ കഴിയാത്തതും, ഒരു നിശ്ചിത പദവിക്കപ്പുറത്തേക്ക് സ്വയം അവ വികസിപ്പിച്ചെടുക്കാൻ കഴിയാത്ത പരിമിതിയും അവയെ മനുഷ്യനെ അപേക്ഷിച്ച് ദുർബലരാക്കുന്നു. അക്കാരണത്താലാണ് മനുഷ്യരേക്കാൾ എത്രയോ മടങ്ങ് ശക്തി പ്രയോഗശേഷിയുൾക്കൊള്ളുന്ന വന്യമൃഗങ്ങളെയും ഹിംസ്ര ജന്തുക്കളെയും കീഴടക്കാൻ പദാർത്ഥശേഷിയിൽ ഏറെ കുറഞ്ഞ മനുഷ്യന് കഴിയുന്നത്.

മനുഷ്യനിലെ തിരിച്ചറിയൽശേഷി അവനെ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തനാക്കുന്നു. എന്നാൽ മനുഷ്യന് ഊഹിക്കാൻ പോലും കഴിയാത്ത അത്രയും അത്യത്ഭുതകരമായ അളവിൽ, സിദ്ധമായ പരിമിതമെന്ന് നാം വിശേഷിപ്പിക്കുന്ന കഴിവുകൾ മാത്രമുള്ള ജീവികൾ നമ്മെ ചിന്തിപ്പിക്കുന്ന കൃത്യങ്ങൾ നിർവ്വഹിക്കുന്നില്ലേ?. അതെ, തീർച്ചയായും. ഉദാഹരണത്തിന് നായയുടെ ദൂരക്കാഴ്ചയും, മണത്തറിവും. നമ്മുടെ പൊലീസ് സേനയുടെ ആശ്രയം തന്നെ ഇത്തരം ഡോഗ് സ്കോഡുകളല്ലേ!. എന്നാൽ ആ കഴിവുകളെല്ലാം അതിന്റെ പദാർത്ഥപരതയിൽ പരിമിതമെന്നല്ലാതെ, മനുഷ്യരെപ്പോലെ മസ്തിഷ്ക പ്രക്ഷാളനത്തിലൂടെയോ മനനത്തിലൂടെയോ വികസിപ്പിച്ചെടുക്കാനോ അതുകൊണ്ട് അത്ഭുതം സൃഷ്ടിക്കാനോ അവയ്ക്കൊന്നിനും സാദ്ധ്യമല്ല. ആകാശ ലോകത്തിന്റെ അത്യുന്നതിയിലും ആഴക്കടലിന്റെ അഗാധഗർത്തങ്ങളിലും കാറ്റേൽക്കാതെ, ചൂടറിയാതെ, വെള്ളം തൊടാതെ 'പറന്നെത്തി' അറിവും കഴിവും പ്രയോഗിക്കാനുള്ള ശേഷി മനുഷ്യന്റേത് മാത്രമാണ്. കണ്ടെത്തലുകൾ നടത്താനും നേട്ടങ്ങൾ കൊയ്യാനും മനുഷ്യനെ ഈ പ്രത്യേകത സഹായിക്കുന്നു.

> സർവ്വ സുഖാന്വേഷിയാണ് മനുഷ്യൻ. അവന്റെ പ്രകൃതത്തിൽ മുന്നിട്ടു നിൽക്കുന്ന ചേതന അതു മാത്രമാണ്. ദുഃഖം ഇഷ്ടപ്പെടുന്നവരായി ആരെങ്കിലും ഉണ്ടോ?.

സർവ്വ സുഖാന്വേഷിയാണ് മനുഷ്യൻ. അവന്റെ പ്രകൃതത്തിൽ മുന്നിട്ടു നിൽക്കുന്ന ചേതന അതു മാത്രമാണ്. ദുഃഖം ഇഷ്ടപ്പെടുന്നവരായി ആരെങ്കിലും ഉണ്ടോ?. സുഖത്തെ, അഥവാ അനുഭവിച്ചു നുണഞ്ഞു കൊണ്ടിരിക്കുന്ന സുഖം സന്തോഷം, എന്തെങ്കിലും അപ്രതീക്ഷിത കാരണത്താൽ ഇല്ലാതാവുമ്പോൾ മാത്രമാണ് ദുഃഖമെന്ന വൈപരീത്യത്തെക്കുറിച്ച് അവന് ഓർമ വരിക. അതോടെ അവൻ തകർന്നടിഞ്ഞില്ലാതാകുന്നു. സുഖമെവിടുന്നായിരുന്നു തനിക്കു യഥേഷ്ടം ഒഴുകിയെത്തിയെന്നതിനെക്കുറിച്ചെന്തെങ്കിലും പിടിപാട് മനുഷ്യനുണ്ടോ?. എന്നാൽ അതേസമയം ദുഃഖം വന്നെത്തിയ സ്രോതസിനെ അവൻ അറിയില്ലെങ്കിലും പഴിച്ചു കൊണ്ടേയിരിക്കും. ശരിയും തെറ്റും വിരുദ്ധങ്ങളായി വ്യാഖ്യാനിക്കപ്പെടുമ്പോൾ ചിന്തിക്കേണ്ടത് അത് തന്നെയാണ്. സുഖത്തിന്റെയും ദുഃഖത്തിന്റെയും അവസ്ഥ എന്നുള്ളതാണ്.

എന്തിനും ഏതിനും ലോകത്ത് വിപരീതങ്ങളുണ്ട്. ദുഃഖം വരുമ്പോൾ മാത്രം ഓർത്തെടുത്ത് സുഖസ്രോതസ്സിനെക്കുറിച്ച് ചിന്തിക്കുന്നവരാണധികവും. നേർ മനസിന്റെ തനതായ രീതി എന്ന നിലയിൽ തനിക്കു കിട്ടിയ നേട്ടങ്ങളെയും സുഖാനുഭവങ്ങളെയും അതിന്റെ തനതായ വിധം അനുസ്മരിച്ച് നന്ദിപൂർവ്വം ചിന്തിക്കുകയും പെരുമാറുകയും ചെയ്യുന്നവർ വിരളമല്ലേ?. നേർ മനസിനുടമകളായവർ പുലർത്തുന്ന രീതി, ആദ്യം തനിക്കു കിട്ടിയ സുഖങ്ങൾ, നേട്ടങ്ങൾ എന്നിവയെക്കുറിച്ച് ചിന്തിച്ച് അതിന്റെ ദാതാവിനോട് നന്ദി പ്രകാശിപ്പിക്കുകയും അതോടൊപ്പം ദുഃഖത്തിന്റെ ഹേതുക്കളെക്കുറിച്ച് ചിന്തിക്കുകയും അത് തിരുത്തി സംശുദ്ധനാവുകയും ചെയ്യുകയെന്നുള്ളതാണ്. സന്തോഷങ്ങളും നേട്ടങ്ങളും ഉണ്ടാകുമ്പോൾ മതിമറന്നാഹ്ലാദിക്കുകയും ദുഃഖം വരുമ്പോൾ നിലവിട്ട് ആക്രോശിക്കുകയും ചെയ്യുന്നവർ നേർ മനസിനുടമകളല്ല. അത്തരക്കാർ അത്യാർത്തിക്കാരും അതിമോഹികളുമാണ്. ഇത്തരം സന്ദർഭങ്ങളിൽ സമചിത്തത പാലിക്കുകയെന്നുള്ളത് നേർമനുഷ്യരുടെ ഉത്തരവാദിത്തമാണ്. സർവൈശ്വര്യങ്ങളും ആസ്വദിക്കുകയും അതിന്റെ കൂടിയ അളവിനായി കാത്തിരിക്കുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ ചെയ്യുന്നത് സ്വയം മറന്നുള്ള നിലപാടിൽ കഴിയുകയെന്നതാണ്.

മനുഷ്യന് നൽകപ്പെട്ടിട്ടുള്ള വിലമതിക്കാനാവാത്ത ഒന്നാണ് ആരോഗ്യം. അറിവിനെയും ധനത്തെയുമെല്ലാം പ്രധാന പദവിയിൽ വകയിരുത്തുമ്പോഴും ആരോഗ്യത്തെക്കുറിച്ചുള്ള ദിവ്യമായ ചിന്തയോ, കാഴ്ചപ്പാടോ, പരാമർശമോ, പലപ്പോഴും കാണാറില്ല. ആരോഗ്യത്തെക്കുറിച്ച് ശ്രദ്ധ പാലിക്കുന്നതും അത് നിലനിർത്താനായി വേണ്ടതെല്ലാം ചെയ്യുന്നതും, രോഗം വന്നു ആരോഗ്യം നശിക്കുമ്പോൾ ചികിത്സിക്കുന്നതുമെല്ലാം നമുക്ക് പരിചിതമാണ്. എന്നാൽ ഇവിടെ ഏറ്റവുമധികം പ്രസക്തമായിട്ടുള്ള വസ്തുത 'രോഗം വന്നു ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കലാണ്'. (പ്രിവൻഷൻ ഈസ് ബെറ്റർ ദേൻ ക്യുവർ) ശരീരമുണ്ടങ്കിലേ, അഥവാ സുരക്ഷിതമാണെങ്കിലേ അതിനകത്ത് സുരക്ഷിതമായ ഒരു മനസ് കുടികൊള്ളുകയുള്ളൂ. അതിനാൽ നാം മനസിലാക്കേണ്ടത് ശരീര സുരക്ഷ, ആരോഗ്യപരിപാലനം, രോഗചികിത്സ ഇവയൊന്നും അവഗണിക്കപ്പെടേണ്ടതല്ല, മറിച്ച് പ്രയോഗികാവസ്ഥയിൽ സംരക്ഷിക്കപ്പെടേണ്ടതും സുരക്ഷിതമായ മാനസികാവസ്ഥക്കും മുന്നേറ്റത്തിനും ശാരീരിക ആരോഗ്യം വളരെ അടിസ്ഥാനപരമാണ് എന്നുള്ളതുമാണ്. ആരോഗ്യ ദൃഢഗാത്രരായ ഭാഗ്യവാന്മാർ അറിഞ്ഞിരിക്കേണ്ടുന്ന വസ്തുത, ഒരാൾ തന്റെ ആരോഗ്യം എങ്ങനെ ചെലവഴിച്ചു വെന്നതിന് ആരോഗ്യദാതാവിന്റെ മുന്നിൽ വിശദീകരണം നൽകേണ്ടി വരും എന്നുള്ളതാണ്. മാനവികതയിൽ എല്ലാ വൈരുദ്ധ്യങ്ങളും യുക്തിസഹ (റീസണബ്ൾ) മായിരിക്കണം. ഏറ്റുമുട്ടലിന്റെ അളവിലേക്കെത്തിക്കൂടാ. സൗഹൃദം - ശത്രുത, ഔദാര്യം - പിശുക്ക്, സന്തോഷം - ദുഃഖം, ഭയം - നിർഭയം, മാധുര്യം - കൈപ്പ്, എരിവ് - പുളിപ്പ് മുതൽ എല്ലാം പ്രകൃതിപരമാണ്. തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്തുന്നവനാണ് ബുദ്ധിമാൻ, അഥവാ വിജയി.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 100 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 22 തിങ്കൾ



## ബി.ജെ.പിയുടേത് വർഗീയത

ജയ്പൂർ: ജനങ്ങളെ മതപരമായി ഭിന്നിപ്പിച്ച് രാഷ്ട്രീയ നേട്ടം കൊയ്യാനാണ് ബി.ജെ.പി ശ്രമിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് സച്ചിൻ പൈലറ്റ്. ജനകീയ പ്രശ്നങ്ങളിൽ ഇടപെടാനോ അത് പരിഹരിക്കാനോ ബി.ജെ.പിയും അവരുടെ സർക്കാരും ശ്രമിക്കുന്നില്ല. ഇത്തരം വർഗീയ നീക്കങ്ങൾക്കെതിരെ ജനങ്ങൾ പ്രതികരിച്ചതാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ കണ്ടത്. മന്ദിർ, മസ്ജിദ്, മംഗളസൂത്ര തുടങ്ങിയ കാര്യങ്ങളാണ് അവർ ജനങ്ങളോട് പറഞ്ഞത്. എന്നാൽ ഇന്ത്യാ സഖ്യം ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തു. ഉത്തർപ്രദേശിലടക്കം ഇതിന്റെ പ്രതിഫലം ഞങ്ങൾക്ക് ലഭിച്ചു. ഭരണഘടന മുൻനിർത്തി പ്രതിപക്ഷം പോരാട്ടം തുടരും.



## എല്ലാവരും ഉപമുഖ്യമന്ത്രിമാർ

ചെന്നൈ: ഡി.എം.കെയുടെ നേതൃത്വത്തിലുള്ള തമിഴ്നാട് സർക്കാരിലെ എല്ലാ മന്ത്രിമാരും ഉപമുഖ്യമന്ത്രിമാരാണെന്ന് പാർട്ടി നേതാവും മന്ത്രിയുമായ ഉദയനിധി സ്റ്റാലിൻ. ഞാൻ ഉപമുഖ്യമന്ത്രിയാകുമെന്ന് നിരവധി വാർത്തകൾ വരുന്നുണ്ട്. പാർട്ടി സ്ഥാനമാണ് തനിക്ക് പ്രിയപ്പെട്ടത്. ഞങ്ങളുടെ ഗവൺമെന്റിലെ എല്ലാ മന്ത്രിമാരും ഉപമുഖ്യമന്ത്രിമാരാണ്. 2026ലെ നിയമസഭാ തിരഞ്ഞെടുപ്പാണ് ഞങ്ങളുടെ ലക്ഷ്യം. മുൻ തിരഞ്ഞെടുപ്പിലെ പോലെ നമ്മൾ പ്രവർത്തിക്കുകയും വിജയം നേടുകയും വേണം. മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ വീണ്ടും ചുമതലയേൽക്കും. ഇതിനായി പാർട്ടി പ്രവർത്തകരും അനുഭാവികളും ഒറ്റക്കെട്ടായി പ്രവർത്തിക്കണം.



### ചുരുക്കത്തിൽ

### പ്രളയം: അസമിന് ജാർഖണ്ഡിന്റെ സഹായ ഹസ്തം

ഗുവാഹത്തി: ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ അസമിലെ പ്രളയബാധിതർക്ക് സഹായമായി രണ്ട് കോടി രൂപ വാഗ്ദാനം ചെയ്തതായി അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ. സോറനും ജാർഖണ്ഡിലെ ജനങ്ങൾക്കും ശർമ്മ നന്ദി പറഞ്ഞു. അസമിലെ ജനങ്ങൾക്ക് വേണ്ടി, ജാർഖണ്ഡിലെ ദയയുള്ള ജനങ്ങളുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഔദാര്യത്തെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നുവെന്ന് അസം മുഖ്യമന്ത്രി എക്സിൽ കുറിച്ചു. സംസ്ഥാനത്ത് വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും ഇടിമിന്നലിലും കൊടുങ്കാറ്റിലും ഇതുവരെ 113 പേർ മരിച്ചു. 10 ജില്ലകളിലായി 1.30 ലക്ഷത്തിലധികം ആളുകൾ ചികിത്സയിലാണ്.

### ആറുമാസത്തിനിടെ മഹാരാഷ്ട്രയിൽ ജീവനൊടുക്കിയത് 1,267 കർഷകർ

മുംബൈ: മഹാരാഷ്ട്രയിൽ ആറുമാസത്തിനിടെ 1,267 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട്. വിദർഭ മേഖലയിലെ അമരാവതി ഡിവിഷനിലാണ് ഏറ്റവും കൂടുതൽ കർഷകർ ജീവനൊടുക്കിയത്. 557 പേർ. സംസ്ഥാന സർക്കാർ പുറത്തുവിട്ട ജനുവരി മുതൽ ജൂൺ വരെയുള്ള കണക്കുകൾ പ്രകാരമാണിത്. ഛത്രപതി സംഭാജിനഗർ ഡിവിഷനിൽ 430 പേരും നാസിക് ഡിവിഷനിൽ 137 ഉം നാഗ്പൂർ ഡിവിഷനിൽ 130 ഉം പൂനെ ഡിവിഷനിൽ 13 ഉം കർഷകരാണ് ഇക്കാലയളവിൽ ആത്മഹത്യ ചെയ്തത്. തീരദേശ കൊങ്കൺ ഡിവിഷനിൽ മരണം റിപ്പോർട്ട് ചെയ്തിട്ടില്ല. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2022ൽ രാജ്യത്തെ കർഷക ആത്മഹത്യകളിൽ 37.6 ശതമാനവും മഹാരാഷ്ട്രയിലാണ്. 5,207 കർഷകരും 6,083 കർഷകത്തൊഴിലാളികളും കാർഷിക മേഖലയിൽ ഏർപ്പെട്ടിരുന്ന 11,290 പേർ 2022ൽ ജീവിതം അവസാനിപ്പിച്ചു. 2021ൽ, 5,318 കർഷകരും 5,563 കർഷകത്തൊഴിലാളികളും മഹാരാഷ്ട്രയിൽ ജീവനൊടുക്കിയിരുന്നു.

### നവവരനായ ഇന്ത്യൻ വംശജൻ യുഎസിൽ വെടിയേറ്റ് മരിച്ചു

ഇൻഡ്യാന: വിവാഹം കഴിഞ്ഞ് ഒരു മാസം തികയുന്നതിന് മുൻപ് ഇന്ത്യൻ വംശജനായ യുവാവ് ഇൻഡ്യാനയിൽ വെടിയേറ്റ് മരിച്ചു. 29കാരനായ ആഗ്ര സ്വദേശി ഗാവിൻ ദസൗറാണ് കൊല്ലപ്പെട്ടത്. നവവധുവായ വിവിയാന സമോറയോടൊപ്പം വീട്ടിലേക്ക് പോകുന്നതിനിടെ ഗാവിൻ ദസൗറും പിക്കപ്പ് ട്രക്ക് ഡ്രൈവറുമായുണ്ടായ വാക്കുതർക്കമാണ് ആക്രമണത്തിലേക്ക് നയിച്ചത്. തെരുവിലുണ്ടായ തർക്കത്തിന്റെ ദൃശ്യങ്ങൾ സമൂഹ മാധ്യമത്തിൽ പ്രചരിച്ചിട്ടുണ്ട്. വാക്കുതർക്കത്തെ തുടർന്ന് കാറിൽ നിന്ന് ഇറങ്ങിയ ദസൗർ കയ്യിൽ കരുതിയിരുന്ന തോക്കുമായി ട്രക്കിന്റെ വാതിൽ തകർക്കാൻ ശ്രമിക്കുന്നത് വീഡിയോയിൽ കാണാം. ഇതേതുടർന്നാണ് ട്രക്ക് ഡ്രൈവർ ഗാവിൻ ദസൗറിന് നേരെ വെടിവെച്ചതെന്നാണ് റിപ്പോർട്ടുകൾ. ഉടൻ തന്നെ ദസൗറിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപ്പെടുകയായിരുന്നു. ആക്രമണത്തെ പ്രതിരോധിക്കുന്നതിനായി സ്വയരക്ഷക്കായാണ് ഡ്രൈവർ വെടിവെച്ചതെന്ന് പൊലീസ് പറഞ്ഞു. തുടർന്ന് കസ്റ്റഡിയിലെടുത്ത പ്രതിയെ പൊലീസ് വിട്ടയച്ചു. എന്നാൽ പൊലീസ് അന്വേഷണത്തിൽ വീഴ്ച സംഭവിച്ചുവെന്നാണ് കൊല്ലപ്പെട്ട ദസൗറിന്റെ കുടുംബം ആരോപിക്കുന്നത്. 2016 മുതൽ യുഎസിൽ താമസിക്കുന്ന ദസൗർ 2018ൽ മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ഡിപ്ലോമ പൂർത്തിയാക്കി. തുടർന്ന് ദസൗർ സ്വന്തമായി ട്രാൻസ്പോർട്ട് ബിസിനസ് ആരംഭിച്ചു. ദസൗറും വിവിയാന സമോറയും ജൂൺ 29നാണ് വിവാഹിതരായത്.

# പാർലമെന്റ് സമ്മേളനത്തിന് ഇന്ന് തുടക്കം

## കക്ഷി നേതാക്കളുടെ യോഗത്തിൽ പ്രത്യേക പാക്കേജിന് മുറവിളി

ന്യൂഡൽഹി: 18-ാം ലോക്സഭയുടെ ആദ്യ വർഷകാല സമ്മേളനം ഇന്ന് തുടങ്ങും. മൂന്നാം മോദി സർക്കാറിന്റെ കന്നി ബജറ്റിനൊപ്പം നിരവധി ബില്ലുകളും ഈ സമ്മേളനത്തിൽ സഭയുടെ പരിഗണനക്ക് വരുന്നുണ്ട്. സമ്മേളനത്തിനു മുന്നോടിയായി സർക്കാർ ഇന്നലെ കക്ഷി നേതാക്കളുടെ യോഗം വിളിച്ചുചേർത്തു. പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് സഭാ നടപടികളിൽ പ്രതിപക്ഷ സഹകരണം അഭ്യർത്ഥിച്ചപ്പോൾ സംസ്ഥാനങ്ങൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജിനായി കക്ഷി നേതാക്കളും പിടിമുറുക്കി.

പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞക്കും സ്പീക്കർ തിരഞ്ഞെടുപ്പിനും രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിനുമായി ചേർന്ന പ്രത്യേക സമ്മേളനത്തിൽ നീറ്റ് ക്രമക്കേട് അടക്കമുള്ള വിഷയങ്ങൾ ഉയർത്തി പ്രതിപക്ഷം കേന്ദ്ര സർക്കാറനെ പ്രതിക്കൂട്ടിലാക്കിയിരുന്നു. രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദി പ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കവെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യാ മുന്നണി നേതാക്കൾ കേന്ദ്ര സർക്കാറിനെ അതിരൂക്ഷ കടന്നാക്രമാണ് നടത്തിയത്. ജമ്മുകശ്മീരിലെ ആവർത്തിക്കപ്പെടുന്ന ഭീകരാക്രമണങ്ങൾ, റെയിൽ അപകടങ്ങൾ, നീറ്റ് ചോദ്യപ്പേപ്പർ ചോർച്ച തുടങ്ങിയ വിഷയങ്ങൾ പ്രതിപക്ഷം സർക്കാറിനെതിരെ ആയുധമാക്കും എന്നതിനാൽ ഈ സമ്മേളനവും പ്രക്ഷുബ്ധമാവുമെന്നുറപ്പാണ്. കോൺഗ്രസിനെ പ്രതിനീധികരിച്ച് ജയറാം രമേശ്, കൊടിക്കുന്നിൽ സുരേഷ് എന്നിവർക്കു പുറമെ ഇ.ടി മുഹമ്മദ് ബഷീർ (മുസ്‌ലിം ലീഗ്) അസദുദ്ദീൻ ഉവൈസി (എ.ഐ.എം.ഐ.എം), അഭയ് കുശ്‌വാഹ(ആർ.ജെ.ഡി), സഞ്ജയ് ഝാ(ജെ.ഡി.യു), സഞ്ജയ് സിങ്(എ.എ.പി), രാം ഗോപാൽ യാദവ് (എസ്.പി), പ്രഫുൽ പട്ടേൽ (എൻ.സി.പി അജിത് പക്ഷം) തുടങ്ങിയവർ കക്ഷി നേതാക്കളുടെ യോഗത്തിൽ സംബന്ധിച്ചു. രക്തസാക്ഷിദിനാചരണം നടക്കുന്നതിനാൽ പങ്കെടുക്കാൻ കഴിയില്ലെന്ന് തൃണമൂൽ നേതൃത്വം നേരത്തെ തന്നെ അറിയിച്ചിരുന്നു.

ഒഡീഷക്ക് പ്രത്യേക പദവി അനുവദിക്കണെന്ന് ബി.ജെ.ഡി പ്രതിനിധി സസ്മിത് പത്ര യോഗത്തിൽ ആവശ്യപ്പെട്ടു. പ്രത്യേക സാമ്പത്തിക പാക്കേജ് ആവശ്യം ജെ.ഡി.യു(ബിഹാർ), വൈ.എസ്.ആർ.സി.പി (ആന്ധ്ര) പ്രതിനിധികളും യോഗത്തിൽ ആവശ്യപ്പെട്ടു. ബിഹാറിനു വേണ്ടി ജെ.ഡി.യുവും ആന്ധ്രക്കു വേണ്ടി വൈ.എസ്.ആർ.സി. പിയും പ്രത്യേക പദവി ആവശ്യപ്പെട്ടപ്പോൾ ടി.ഡി.പി മൗനം തുടരുന്നത് ദുരൂഹമാണെന്നും ജയറാം രമേശ് ആരോപിച്ചു. സമ്മേളനം ഓഗസ്റ്റ് 12നാണ് സമാപിക്കുക. 19 ദിവസമാണ് സഭ ചേരുക. ബജറ്റിനു പുറമെ ആറ് ബില്ലുകളാണ് ഈ സമ്മേളനത്തിൽ സഭയുടെ പരിഗണനക്ക് വരുന്നത്. 90 വർഷം പഴക്കമുള്ള വ്യോമയാനാ ബില്ലിനു പകരമുള്ള പുതിയ ബില്ലും ഇതിൽ ഉൾപ്പെടും. ഭാരതീയ വായുയാൻ വിധേയക് 2024 എന്ന പേരിലാണ് എയർക്രാഫ്റ്റ് ബില്ലിനു പകരം പുതിയ ബിൽ കൊണ്ടുവരുന്നത്. കേന്ദ്ര ഭരണത്തിനു കീഴിലുള്ള ജമ്മുകശ്മീരിന്റെ ബജറ്റും സഭയിൽ അവതരിപ്പിച്ച് അനുമതി തേടും.

### കേന്ദ്ര ബജറ്റ് നാളെ; ചരിത്രം കുറിക്കാൻ നിർമല സീതാരാമൻ

ന്യൂഡൽഹി: തുടർച്ചയായ ഏഴാം തവണയും ബജറ്റ് അവതരിപ്പിക്കുന്ന ആദ്യ കേന്ദ്രമന്ത്രി എന്ന റെക്കോർഡ് സ്വന്തം പേരിൽ കുറിക്കാനൊരുങ്ങി നിർമലാ സീതാരാമൻ.



1959 മുതൽ 1964 വരെ ധനമന്ത്രിയായിരുന്ന മൊറാർജി ദേശായി തുടർച്ചയായി ആറു ബജറ്റുകൾ അവതരിപ്പിച്ച റെക്കോർഡാണ് നിർമ്മലാ സീതാരാമൻ ഇതോടെ മറികടക്കുക. ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ മാർച്ചിൽ ഇടക്കാല ബജറ്റ് മാത്രമാണ് അവതരിപ്പിച്ചിരുന്നത്. ഈ സാഹചര്യത്തിലാണ് വർഷ കാല സമ്മേളനത്തിന്റെ രണ്ടാം ദിനമായ നാളെ സമ്പൂർണ ബജറ്റ് അവതരണത്തിന് വേദിയൊരുങ്ങുന്നത്. നികുതി ഇളവ് ഉൾപ്പെടെ വലിയ പ്രതീക്ഷകളോടെയാണ് ജനം ബജറ്റിനായി ഉറ്റുനോക്കുന്നത്.

## നീറ്റ് ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിക്കും

ന്യൂഡൽഹി: നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട ഹർജികൾ സുപ്രീംകോടതി ഇന്ന് വീണ്ടും പരിഗണിക്കും. 24ന് നിലവിലെ റാങ്ക് ലിസ്റ്റ് പ്രകാരം കൗൺസലിങ് ആരംഭിക്കാനിക്കെ, പരീക്ഷ റദ്ദാക്കണമെന്ന ആവശ്യത്തിന്മേൽ കോടതി തീരുമാനം ഇന്നുണ്ടാകും. വ്യാപകമായി ചോദ്യപേപ്പർ ചോർന്നെന്ന് ഉറപ്പായാൽ മാത്രമേ പരീക്ഷ റദ്ദാക്കൂ എന്ന് നേരത്തെ കേസിന്റെ വാദത്തിനിടെ സുപ്രീം കോടതി വ്യക്തമാക്കിയിരുന്നു. വ്യാപകമായ ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ലെന്ന വാദത്തിൽ കേന്ദ്ര സർക്കാറും എൻ.ടി.എയും അന്വേഷണ ഏജൻസിയായ സി.ബി. ഐയും ഉറച്ചു നിൽക്കുകയാണ്.

ഇതിനിടെ സുപ്രീംകോടതി നിർദേശത്തെതുടർന്ന് നീറ്റ് പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എൻ.ടി.എ കഴിഞ്ഞ ദിവസം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. മാർക്ക് ലിസ്റ്റ് പുറത്തുവന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാർ ഉന്നയിക്കുന്ന വാദങ്ങൾ കൂടി പരിഗണിച്ചായിരിക്കും പരീക്ഷ റദ്ദാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം.

ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി പർദ്ദിവാല, മനോജ് മിശ്ര എന്നിവരുൾപ്പെട്ട ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്.

# യു.പിയിലെ വിവാദ ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ ഹർജി

ന്യൂഡൽഹി: കൻവാർ തീർത്ഥാടനത്തിന്റെ മറവിൽ ഉത്തർപ്രദേശ് സർക്കാർ നടപ്പാക്കിയ വർഗീയ ഉത്തരവിനെതിരെ സുപ്രീം കോടതിയിൽ ഹർജി. സന്നദ്ധ സംഘടനയായ അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് (എ.പി.സി.ആർ) ആണ് സുപ്രീംകോടതിയെ സമീപിച്ചത്. ഉത്തരവ് പിൻവലിക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടു. ഹർജി അടിയന്തരമായി പരിഗണിക്കണമെന്ന ആവശ്യം അംഗീകരിച്ച കോടതി, തിങ്കളാഴ്ച പരിഗണിക്കാനായി ലിസ്റ്റ് ചെയ്തു.

ജസ്റ്റിസുമാരായ ഋഷികേശ് റോയ്, എസ്.വി.എൻ ഭാട്ടി എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിക്കുക. കൻവാർ തീർത്ഥ യാത്ര കടന്നുപോകുന്ന പശ്ചിമ യു.പിയിലെ 240 കിലോമീറ്റർ റോഡിലെ കടകൾക്കു മുന്നിൽ ഉടമകളുടെ പേരുകൾ പ്രദർശിപ്പിക്കണമെന്ന സർക്കാർ ഉത്തരവ് വലിയ പ്രതിഷേധത്തിനിടയാക്കിയിരുന്നു. കഴിഞ്ഞ 19നാണ് വിവാദ ഉത്തരവ് പുറപ്പെടുവിച്ചത്. കൻവാർ യാത്ര കടന്നുപോകുന്ന പാതയിലെ റസ്റ്റാറന്റുകൾ, ഹോട്ടലുകൾ, പഴക്കടകൾ തുടങ്ങിയവയുടെ ഉടമകളുടെ പേരുകൾ നിർബന്ധമായും കടക്കുമുന്നിൽ പ്രദർശിപ്പിക്കണം. ആദ്യഘട്ടത്തിൽ മുസഫർനഗർ പൊലീസ് പുറപ്പെടുവിച്ച ഉത്തരവ് പിന്നാലെ യു.പി സർക്കാർ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുകയായിരുന്നു. ഉത്തരവിനെതിരെ പ്രതിപക്ഷവും എൻ.ഡി.എയിലെ സഖ്യ കക്ഷികളും രംഗത്തുവന്നിട്ടുണ്ട്. സമൂഹത്തിൽ ഭിന്നതയുണ്ടാക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഉത്തരവെന്ന് പ്രതിപക്ഷം കുറ്റപ്പെടുത്തി. രാജ്യത്തിന്റെ ഭരണഘടനക്കുനേരെയുള്ള അതിക്രമമാണിതെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധിയും വിമർശിച്ചിരുന്നു.

### ഉത്തരവ് പിൻവലിക്കണം; മുന്നറിയിപ്പുമായി ബി.ജെ.പി സഖ്യകക്ഷി

ലക്നൗ: യു.പി സർക്കാരിന്റെ വിവാദ ഉത്തരവ് കൂടിയാലോചന ഇല്ലാതെ നടപ്പാക്കിയതാണെന്നും ഉടൻ പിൻവലിക്കണമെന്നും ബി.ജെ.പി സഖ്യകക്ഷിയായ രാഷ്ട്രീയ ലോക്ദൾ (ആർ.എൽ.ഡി). ഒരു തീരുമാനവും സമൂഹത്തിന്റെ ക്ഷേമത്തിനും ഐക്യത്തിനും ദോഷം വരുത്തരുതെന്ന് ആർ.എൽ.ഡി അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജയന്ത് ചൗധരി മാധ്യമങ്ങളോട് പ്രതികരിച്ചു.



ജയന്ത് ചൗധരി

കൻവർ യാത്രയ്ക്ക് പോകുന്നവരും അവരെ സേവിക്കുന്നവരും ഒരു പോലെയാണ്. ഈ പാരമ്പര്യം ആദ്യകാലം മുതലേ നിലവിലുണ്ട്, ആരാണ് അവരെ സേവിക്കുന്നതെന്നതിനെക്കുറിച്ച് ആരും വിഷമിച്ചിരുന്നില്ല- അദ്ദേഹം പറഞ്ഞു. 'കൂടുതൽ ആലോചിക്കാതെയാണ് ഉത്തരവ് എടുത്തതെന്ന് തോന്നുന്നു, ഇനിയും സമയമുണ്ട്. അത് പിൻവലിക്കണം അല്ലെങ്കിൽ സർക്കാർ അത് നിർബന്ധമാക്കരുത് - അദ്ദേഹം കൂട്ടിച്ചേർത്തു.

സമാജ്‌വാദി പാർട്ടിയുടെ സഖ്യകക്ഷിയായിരുന്ന ആർ.എൽ.ഡി ലോക്സഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് ബി.ജെ.പി പാളയത്തിലെത്തിയത്. അന്തരിച്ച മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിങിന്റെ കൊച്ചുമകനും മുൻ കേന്ദ്രമന്ത്രി അജിത് സിങിന്റെ മകനുമാണ് ജയന്ത് ചൗധരി. നേരത്തെ എൻ.ഡി.എ ഘടക കക്ഷികളായ ജെ.ഡി.യുവും ലോക് ജൻശക്തി പാർട്ടിയും വർഗീയ ഉത്തരവിനെ വിമർശിച്ച് രംഗത്തെത്തിയിരുന്നു. മതത്തിന്റെയും ജാതിയുടെയും പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്ന യു.പി സർക്കാരിന്റെ നിർദേശത്തെ പിന്തുണക്കില്ലെന്നാണ് ലോക്ജൻശക്തി പാർട്ടി നേതാവും കേന്ദ്ര മന്ത്രിയുമായ ചിരാഗ് പസ്വാൻ വ്യക്തമാക്കിയത്.

### തൊഴിലാളികൾ പെരുവഴിയിൽ

മുസഫർനഗർ: യു.പി സർക്കാരിന്റെ വർഗീയ ഉത്തരവ് വഴിയാധാരമാക്കിയത് കടകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ. പല മുസ്‌ലിം കടകളിലും ജോലിക്ക് നിർത്തിയിരിക്കുന്നത് ഹിന്ദു തൊഴിലാളികളെയാണ്. അതുപോലെ ഹിന്ദു ഉടമകളുടെ കടകളിൽ മുസ്‌ലിംകളും ജോലി ചെയ്യുന്നുണ്ട്. പലർക്കും 400 മുതൽ 600 രൂപ വരെയാണ് ദിവസക്കൂലിയായി ലഭിക്കുന്നത്. അതിനൊപ്പം രണ്ടുനേരത്തെ ഭക്ഷണവും ലഭിക്കും.

തന്റെ ജോലി ഇപ്പോൾ പ്രതിസന്ധിയിലായെന്ന് ഏഴു വർഷമായി ദിവസക്കൂലിക്ക് ധാബയിൽ ജോലി ചെയ്യുന്ന ബ്രിജേഷ് പാൽ പ്രതികരിച്ചു. ധാബയുടെ ഉടമ മുസ്‌ലിമാണ്. മുസഫർനഗറിൽ കൻവാർ യാത്ര തുടങ്ങിയാൽ നല്ല കച്ചവടം ലഭിക്കും. ആ സമയത്ത് ഒരുപാട് പേരെ കടയിൽ നിർത്തുകയും ചെയ്യും. എന്നാൽ ഇത്തവണ മറ്റ് ജോലികളെന്തെങ്കിലും നോക്കാനാണ് ബ്രിജേഷിനോട് കടയുടമ മുഹമ്മദ് അർസലൻ ആവശ്യപ്പെട്ടത്. സർക്കാർ ഉത്തരവ് കച്ചവടത്തെ ബാധിച്ചതായി കടയുടമകളും പറയുന്നു.

### കേദാർനാഥിൽ മണ്ണിടിച്ചിൽ; മൂന്ന് മരണം

ഡെറാഡൂൺ: ഉത്തരാഖണ്ഡിലെ രുദ്രപ്രയാഗ് ജില്ലയിലെ ചിദ്വാസയ്ക്ക് സമീപമുണ്ടായ മണ്ണിടിച്ചിലിൽ മൂന്ന് മരണം. ഉരുൾപൊട്ടലിൽ കല്ലും അവശിഷ്ടങ്ങളും വീണ് എട്ട് പേർക്ക് പരിക്കേറ്റു. തീർത്ഥാടന കേന്ദ്രമായ കേദാർനാഥ് പാതയിലാണ് സംഭവം. ദുരന്ത നിവാരണ സേന സംഘം എത്തി പരിക്കേറ്റവരെ ഉടൻ ആശുപത്രിയിലെത്തിച്ചു. മരിച്ച മൂന്ന് പേരുടെ മൃതദേഹങ്ങൾ ജില്ല പൊലീസിന് കൈമാറി. ഗൗരികുണ്ഡിൽ നിന്ന് കേദാർനാഥ് ധാമിലേക്ക് പോകുന്ന പായിലാണ് അപകടം സംഭവിച്ചത്. അപകടത്തിൽ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി ദുഃഖം രേഖപ്പെടുത്തി. പരിക്കേറ്റവർക്ക് മെച്ചപ്പെട്ട ചികിത്സ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ഭക്ഷണത്തിൽ ഉള്ളി; ഹോട്ടൽ തകർത്ത് കൻവാർ തീർത്ഥാടകർ

ലക്നൗ: ഭക്ഷണത്തിൽ ഉള്ളിയുടെ കഷ്ണങ്ങൾ കിട്ടിയതിന് ഹോട്ടൽ തല്ലിത്തകർത്ത് കൻവാർ തീർത്ഥാടകർ. മുസഫർനഗറിൽ ഡൽഹി- ഹരിദ്വാർ ദേശീയ പാതക്കു സമീപത്തെ 'തൗഹുക്കേവാല ഹരിയാൻവി ടൂറിസ്റ്റ് ധാബയാണ് തീർത്ഥാടകർ തകർത്തത്.

കൻവാർ യാത്ര കടന്നുപോകുന്ന വഴിയിലെ ഹോട്ടലുകളുടെയും പഴക്കടകളുടെയും മുന്നിൽ കടയുടമകളുടെ പേരുകൾ പ്രദർശിപ്പിക്കണമെന്ന യു.പി സർക്കാറിന്റെ വിവാദ ഉത്തരവ് പുറത്തുവന്നതിനു പിന്നാലെയാണ് സംഭവം. ഗംഗയിൽ നിന്ന് ശേഖരിച്ച ജലവുമായി ഹരിദ്വാറിലേക്ക് പോകുന്ന തീർത്ഥാടക സംഘം ഭക്ഷണം കഴിക്കാനാണ് ഹോട്ടലിൽ കയറിയത്. കഴിക്കാൻ കൊണ്ടുവെച്ച കറിയിൽ ഉള്ളി കഷ്ണം കണ്ടെന്നും പറഞ്ഞ് സംഘം ഹോട്ടലിലെ ജീവനക്കാരെയും പാചകക്കാരനെയും മർദിക്കുകയായിരുന്നു. കടയിലെ ഫർണിച്ചറുകളും ഫ്രിഡ്ജും ഉൾപ്പെടെ സംഘം തകർത്തു.




ഭക്ഷണത്തിൽ നിന്ന് ഉള്ളിയുടെ കഷ്ണം ലഭിച്ചെന്നാരോപിച്ച് കൻവാർ തീർത്ഥാടകർ അടിച്ചുതകർത്ത ഹോട്ടൽ

എന്നാൽ അക്രമികളെ ന്യായീകരിക്കുന്ന നിലപാടാണ് പൊലീസ് സ്വീകരിച്ചത്. ശിവഭക്തർ ലളിതമായ ഭക്ഷണം കഴിക്കുന്നവരാണെന്നും കറിയിൽ ഉള്ളി കണ്ടാൽ അവർ അസ്വസ്ഥരാകുമെന്നും ചാപ്പർ പൊലീസ് സ്റ്റേഷൻ ഇൻ ചാർജ്ജ് റോജന്റ് ത്യാഗി പറഞ്ഞു. കൻവാർ തീർത്ഥാടകർ ഉള്ളി ഭക്ഷണത്തിൽ ഉൾപ്പെടുത്തില്ലെന്ന കാര്യം തങ്ങൾക്കറിയില്ലെന്നും ആശയക്കുഴപ്പം കാരണമാണ് ഇത് സംഭവിച്ചതെന്നും ഹോട്ടൽ ഉടമ പ്രമോദ് കുമാർ പ്രതികരിച്ചു. പരാതി നൽകാനും ഇയാൾ തയ്യാറായില്ല.

### കെജ്‌രിവാളിനെ ജയിലിൽ വധിക്കാൻ ബി.ജെ.പി ഗൂഢാലോചന: എ.എ.പി

ന്യൂഡൽഹി: മദ്യനയക്കേസിൽ ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ വധിക്കാൻ ബി.ജെ.പിയും കേന്ദ്ര സർക്കാരും ഗൂഢാലോചന നടത്തുന്നതായി ആം ആദ്മി പാർട്ടി. ജയിലിലിട്ട് പീഡിപ്പിച്ച് കെജ്‌രിവാളിന്റെ ആരോഗ്യം തകർക്കുകയാണ് ലക്ഷ്യമെന്നും ആം ആദ്മി പാർട്ടി നേതാവും രാജ്യസഭാ എം.പിയുമായ സഞ്ജയ് സിങ് ആരോപിച്ചു.



കെജിവാൾ കൃത്യമായി മരുന്നും ഭക്ഷണവും കഴിക്കുന്നില്ലെന്നും ഇതിന്റെ കാരണം കണ്ടെത്തണമെന്നും ആവശ്യപ്പെട്ട് ലെഫ്റ്റനന്റ് ഗവർണർ ചീഫ് സെക്രട്ടറിക്ക് കത്തയച്ചതിന് പിന്നാലെയാണ് എ.എ.പിയുടെ പുതിയ ആരോപണം. ഭക്ഷണം കഴിക്കാതിരിക്കാൻ കാരണം എന്തെന്ന് പരിശോധിക്കണമെന്നും ഭക്ഷണവും മരുന്നും കൃത്യമായി കഴിക്കാൻ ജയിൽ സൂപ്രണ്ട് കെജ്‌രിവാളിനോട് നിർദേശിക്കണമെന്നും കത്തിൽ ആവശ്യപ്പെടുന്നു. മുഖ്യമന്ത്രിയുടെ ശാരീരിക അവസ്ഥ കർശനമായി നിരീക്ഷിക്കാനും നിർദേശിക്കുന്നുണ്ട്. എന്നാൽ കെജ്‌രിവാളിന്റെ ആരോഗ്യ പ്രശ്നങ്ങൾ മറച്ചുവയ്ക്കാനാണ് ഗവർണറുടെ ശ്രമമെന്നും എല്ലാം ജനങ്ങൾക്ക് മുന്നിൽ വെളിപ്പെട്ടെന്നും ആംആദ്മി പാർട്ടി പ്രതികരിച്ചു.

# ബംഗ്ലാദേശ് സംഘർഷം; ഇരകൾക്ക് അഭയം നൽകുമെന്ന് മമത

കൊൽക്കത്ത: ബംഗ്ലാദേശ് സംഘർഷത്തിന്റെ ഇരകളായ നിസ്സഹായർക്ക് അഭയം നൽകാൻ തയ്യാറാണെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി. ബംഗാളിന്റെ വാതിലിൽ മുട്ടിയാൽ നിസ്സഹായരായ ആളുകൾ അവർക്ക് അഭയം നൽകും. അഭയാർത്ഥികളെ ബഹുമാനിക്കുന്നു. ബംഗ്ലാദേശിൽ ബന്ധുക്കൾ കുടുങ്ങിക്കിടക്കുന്ന ബംഗാൾ നിവാസികൾക്ക് എല്ലാ സഹകരണവും ഉറപ്പുനൽകുന്നുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

'മറ്റൊരു രാജ്യമായതിനാൽ ബംഗ്ലാദേശിനെക്കുറിച്ച് എനിക്ക് ഒന്നും സംസാരിക്കാൻ കഴിയില്ല. ഇന്ത്യൻ സർക്കാർ അതിനെക്കുറിച്ച് സംസാരിക്കും. എന്നാൽ നിസ്സഹായരായ ആളുകൾ ബംഗ്ലാദേശിൽ നിന്ന് ബംഗാളിന്റെ വാതിലിൽ മുട്ടിയാൽ ഞങ്ങൾ അവർക്ക് അഭയം നൽകും. യു എൻ പ്രമേയമുണ്ട്. അഭയാർത്ഥികളെ ബഹുമാനിക്കുന്നു- മമത ബാനർജി പറഞ്ഞു.



കൊൽക്കത്തയിൽ തൃണമൂൽ കോൺഗ്രസ് സംഘടിപ്പിച്ച രക്തസാക്ഷി ദിനാചരണത്തിൽ മമത ബാനർജിയും അഖിലേഷ് യാദവും

ബംഗാളിലെത്തി നാട്ടിലേക്ക് മടങ്ങാൻ ബുദ്ധിമുട്ടുന്ന ബംഗ്ലാദേശികൾക്ക് എല്ലാ സഹായവും നൽകും. ഈ വിഷയത്തിൽ ഏതെങ്കിലും പ്രകോപനത്തിനോ ആവേശത്തിനോ ആരും മുതിരരുത്. ജനങ്ങൾ സംയമനം പാലിക്കണം. പ്രതിഷേധിക്കുന്ന വിദ്യാർത്ഥികളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ രക്തം ചിന്തുന്നത് കാണുന്നതിൽ തനിക്ക് ദുഃഖമുണ്ട്- അവർ വ്യക്തമാക്കി.

അതേസമയം കൊൽക്കത്തയിൽ തൃണമൂൽ കോൺഗ്രസ് സംഘടിപ്പിച്ച രക്തസാക്ഷി ദിനാചരണത്തിൽ മമതയ്ക്കൊപ്പം സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് പങ്കെടുത്തു. 1993ൽ വോട്ടർ ഐഡി നിർബന്ധമാക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിന് നേരെ പോലീസ് നടത്തിയ വെടിവെപ്പിൽ 13 പേർ കൊല്ലപ്പെട്ടതിന്റെ ഓർമ്മ പുതുക്കലിനാണ് ജൂലൈ 20ന് രക്തസാക്ഷി ദിനം ആചരിക്കുന്നത്.

### തലപ്പാവും കൂളിങ് ഗ്ലാസും ധരിച്ചതിന് ദലിത് യുവാവിന് ക്രൂരമർദ്ദനം



അജയ് പർമർ ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്ത ചിത്രം

ഗാന്ധിനഗർ: ഗുജറാത്തിൽ പരമ്പരാഗത തലപ്പാവും കൂളിങ് ഗ്ലാസും നല്ല വസ്ത്രവും ധരിച്ചതിന് ദലിത് യുവാവ് സവർണരുടെ മർദ്ദനം. കഴിഞ്ഞ ബുധനാഴ്ച സബർകാന്ത ജില്ലയിൽ ഹിമത്നഗർ താലൂക്കിൽ സയേബപൂർ ഗ്രാമത്തിലെ 24കാരനു നേരെയാണ് ആക്രമണമുണ്ടായത്. മുച്ചക്ര വാഹന ഡ്രൈവറായ അജയ് പർമർ നൽകിയ പരാതിയിൽ ദർബാർ സമുദായത്തിൽപ്പെട്ട നാലു പേർ തന്നെ ആക്രമിച്ചതായി പറയുന്നു. കൂളിങ് ഗ്ലാസും തലപ്പാവും ധരിച്ച് യുവാവ് ഇൻസ്റ്റഗ്രാം അക്കൗണ്ടിൽ ഫോട്ടോ അപ്ലോഡ് ചെയ്തിരുന്നു. ഇക്കാര്യം പറഞ്ഞ് നവനഗർ ബസ് സ്റ്റാൻഡിന് സമീപത്തുവെച്ച് മർദിക്കുകയായിരുന്നു. ദർബാർ സമുദായത്തിൽ നിന്നുള്ളവർ മാത്രമേ തലപ്പാവും കൂളിങ് ഗ്രാസും ധരിക്കാവൂ എന്നും ഈ ചിത്രം ഇൻസ്റ്റഗ്രാമിൽനിന്ന് ഡിലീറ്റ് ചെയ്യണമെന്നും പറഞ്ഞായിരുന്നു മർദനമെന്ന് ഇദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

## ഗുജറാത്തിൽ ഭീതി വിതച്ച് ചാന്ദിപുര വൈറസ് ബാധ; മരണം 24

അഹമ്മദാബാദ്: ഗുജറാത്തിൽ ചാന്ദിപുര വൈറസ് ബാധിതരുടെ എണ്ണം കൂടുന്നതായി റിപ്പോർട്ട്. രോഗം ബാധിച്ച് മരിച്ചവരുടെ എണ്ണം 24 ആയി. സർക്കാർ പുറത്തുവിട്ട കണക്കുകൾ പ്രകാരം ചാന്ദിപുര വൈറസ് ബാധിച്ച് ആശുപത്രിയിൽ ചികിൽസയിലുള്ളവരുടെ എണ്ണം 65 ആണ്. 12 ജില്ലകളിലെ വിവിധ ഗ്രാമങ്ങളിലും അഹമ്മദാബാദ്, വഡോദര, രാജ്കോട്ട് തുടങ്ങിയ നഗരങ്ങളിലും രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രോഗവ്യാപനം ശക്തമായതോടെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൺട്രോൾ റൂം തുറന്നു. പൂനെയിലെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്കാണ് സാംപിളുകൾ പരിശോധനയ്ക്ക് അയയ്ക്കുന്നത്. ഇതിനോടകം സംസ്ഥാനത്ത് 87,000 പേരുടെ സാമ്പിളുകളാണ് പരിശോധിച്ചത്. കൊതുക്, ചെള്ള്, മണൽ ഈച്ചകൾ എന്നിവയിലൂടെയാണ് ചാന്ദിപുര വൈറസ് പടരുന്നത്. വൈറൽ പനിക്ക് സമാനമായ ലക്ഷണങ്ങൾ കാണിക്കുന്ന വൈറസ് ബാധ തിരിച്ചറിയാൻ വൈകുന്നതും മരുന്ന് ഇതുവരെ കണ്ടു പിടിക്കാത്തതുമാണ് പ്രതിസന്ധി സൃഷ്ടിക്കുന്നത്. വൈറൽ പനിക്കുള്ള ചികിത്സയിലൂടെ രോഗം മൂർച്ഛിക്കാതെ രോഗിയെ രക്ഷപ്പെടുത്തുക എന്നതാണ് നിലവിലുള്ള പോംവഴി. എന്നാൽ രോഗം തുടക്കത്തിൽ കന്നെ കണ്ടെത്തിയെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ. അതീവ അപകടകാരിയാണ് ചാന്ദിപുര വൈറസ്. തലച്ചോറിനെയാണ് ഇത് ബാധിക്കുക. തലച്ചോറിൽ നീർക്കെട്ടുണ്ടാവുകയും അതികഠിനമായ തലവേദനയും കഴുത്തിന് ബലം വയ്ക്കുകയുമാണ് ലക്ഷണങ്ങൾ. വൈകാതെ കണ്ണിൽ ഇരുട്ടു കയറുകയും മാനസിക അസ്വാസ്ഥ്യം വരെ അനുഭവപ്പെടുകയും ചെയ്യും. അണുബാധ തലച്ചോറിനെ ആക്രമിക്കുന്നത് മരണം വരെ സംഭവിക്കാൻ സാധ്യതയുള്ളതാണ് വൈറസ് ബാധ. കൊതുക്, ചെള്ള്, ഈച്ച എന്നിവ കടിയേൽക്കാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതാണ് രോഗബാധ തടയാനുള്ള പ്രതിരോധ സംവിധാനങ്ങളിൽ പ്രധാനം. ശരീരം മൂടുന്ന വസ്ത്രങ്ങൾ ധരിക്കുന്നതും വലയ്ക്കുള്ളിൽ ഉറങ്ങുന്നതും ഇത്തരത്തിൽ സഹായകരമാണ്.



## പ്ലസ് വൺ കോമ്പിനേഷൻ ട്രാൻസ്ഫർ

തിരുവനന്തപുരം: ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷമുള്ള മെറിറ്റ് വേക്കൻസിയോടൊപ്പം അധികമായി അനുവദിച്ച 138 താൽക്കാലിക ബാച്ചുകളിലെ സീറ്റുകളും ചേർത്തുള്ള വേക്കൻസിയിൽ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെന്റിനായി അപേക്ഷിക്കാനുള്ള അവസരം ജൂലൈ 19ന് ഉച്ചയ്ക്ക് 2 മണിവരെ നൽകിയിരുന്നു. ഇത്തരത്തിൽ ആകെ ലഭ്യമായ 45,508 അപേക്ഷകളിൽ കൺഫർമേഷൻ പൂർത്തികരിച്ച 44,830 അപേക്ഷകൾ പരിഗണിച്ചുകൊണ്ടുള്ള ട്രാൻസ്ഫർ അലോട്ട്മെന്റ് റിസൾട്ട് ജൂലൈ 22ന് രാവിലെ 10 മണി മുതൽ പ്രവേശനം സാധ്യമാകത്തക്കവിധം പ്രസിദ്ധപ്പെടുത്തും.കാൻഡിഡേറ്റ് ലോഗിനിലെ "Transfer Allot Results" എന്ന ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാനുള്ള സൗകര്യം അതത് സ്കൂൾ പ്രിൻസിപ്പൾമാർ ചെയ്ത് കൊടുക്കേണ്ടതും ട്രാൻസ്ഫർ അലോട്ട്മെന്റ് ലെറ്റർ എടുത്ത് നൽകേണ്ടതുമാണ്. അതേ സ്കൂളിൽ കോമ്പിനേഷൻ മാറ്റം ലഭിച്ചാലും പുതിയ അലോട്ട്മെന്റ് ലെറ്റർ പ്രകാരം പ്രവേശനം മാറ്റി കൊടുക്കേണ്ടതാണ്.

## സ്ഥാപന ദിനാഘോഷം മാറ്റിവെച്ചു

തേഞ്ഞിപ്പലം: മലപ്പുറം ജില്ലയിൽ നിപ രോഗബാധയുടെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കിയ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 23-ന് കാലിക്കറ്റ് സർവകലാശാലാ കാമ്പസിലെ ഇ.എം.എസ്. സെമിനാർ കോംപ്ലക്സിൽ നടത്താനിരുന്ന സ്ഥാപന ദിനാഘോഷ പരിപാടികളും അവാർഡ് ദാനവും മാറ്റി വെച്ചതായി വി.സി അറിയിച്ചു. സ്ഥാപന ദിനത്തിന്റെ ഭാഗമായുള്ള ആഘോഷവും പ്രഫ. എം.എം. ഗനി അവാർഡ് വിതരണച്ചടങ്ങും മറ്റൊരു ദിവസം നടത്തും.



## ബൈഡൻ പിന്മാറി



വാഷിംഗ്ടൺ: അവസാനം ജോ ബൈഡൻ അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ നിന്നും പിന്മാറി. വലിയ സമ്മർദ്ദത്തിന് ശേഷം ഇന്നലെ രാത്രി വളരെ വൈകി എക്സിലൂടെയാണ് ഡെമോക്രാറ്റിക് നേതാവ് പിന്മാറ്റം പ്രഖ്യാപിച്ചത്. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപുമായുള്ള ആദ്യ പ്രസിഡൻഷ്യൽ സംവാദത്തിൽ പിറകോട്ട് പോയപ്പോൾ തന്നെ ബൈഡനിൽ സമ്മർദ്ദം ശക്തമായിരുന്നു. പക്ഷേ താൻ മൽസര രംഗത്ത് തുടരുമെന്നായിരുന്നു ബൈഡന്റെ ആവർത്തിച്ചുള്ള പ്രഖ്യാപനം. എന്നാൽ പാർട്ടി താൽപ്പര്യവും അമേരിക്കൻ ജനതയുടെ താൽപ്പര്യവും മാനിച്ചാണ് ഇപ്പോൾ പിന്മാറുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. വിശദമായ കാര്യങ്ങൾ അടുത്ത ദിവസം വ്യക്തമാക്കുമെന്ന് ബൈഡൻ വ്യക്തമാക്കി

### റോഡിൽ ലോറി കണ്ടെത്താനായില്ല

# അർജുന് വേണ്ടിയുള്ള തിരച്ചിൽ ഗംഗാവലി പുഴയിലേക്ക്

ബെംഗളൂരു: കർണാടകയിലെ ഷിരൂരിൽ ദേശീയപാതയിലുണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടിയുള്ള തിരച്ചിൽ ഇന്നലേയും ലക്ഷ്യം കണ്ടില്ല. റോഡിലേക്ക് വീണ 98% മണ്ണും നീക്കിയെങ്കിലും ട്രക്ക് മണ്ണിനടിയിൽ അകപ്പെട്ടതിന്റെ സൂചന പോലും ലഭിക്കാത്ത പശ്ചാത്തലത്തിൽ ഏഴാം ദിവസമായ ഇന്ന് സമീപത്തെ ഗംഗാവലി പുഴയിലേക്ക് തിരച്ചിൽ വ്യാപിപ്പിക്കാ ൻ തീരുമാനിച്ചതായി കർണാടക റവന്യു മന്ത്രി കൃഷ്ണ ബെര ഗൗഡ വ്യക്തമാക്കി. റോഡിലെ തിരച്ചിൽ ഇന്നലെ വൈകീട്ടോടെ നിർത്തിവച്ചു. ഇന്ന് മുതൽ പുഴയിൽ തിരിച്ചിൽ നടത്താനാണ് തീരുമാനം. മലയിടിഞ്ഞ മണ്ണിന്റെ വലിയൊരു ഭാഗം പുഴയിലേക്കാണ് പതിച്ചിരിക്കുന്നത്. ഇത് നീക്കി പരിശോധിക്കുക ദുഷ്കരമാണ്.

**ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ തിരച്ചിലിന് സൈന്യം**

തിരച്ചിലിനു വേണ്ടി കൂടുതൽ അത്യാധുനിക ഉപകരണങ്ങൾ സൈന്യം എത്തിക്കും. പുനെയിൽ നിന്നും ചെന്നൈയിൽ നിന്നുമായി കൂടുതൽ റഡാറുകൾ അടക്കം എത്തിക്കാനാണ് നീക്കം. കരയിലും വെള്ളത്തിലും തിരച്ചിൽ നടത്താനാവുന്ന തരം സംവിധാനങ്ങളാകും ഷിരൂരിലേക്ക് ഇന്ന് കൊണ്ടുവരിക. കുഴിബോംബുകൾ കണ്ടെത്താൻ ഉപയോഗിക്കുന്ന ഡീപ് സെർച്ച് മെറ്റൽ ഡിറ്റക്ടറും എത്തിക്കും. ബെലഗാവിയിൽ നിന്നുള്ള കരസേനയുടെ 40 അംഗ സംഘമാണ് തിരിച്ചിലിനായി ഷിരൂരിലെത്തിയത്. റവന്യു മന്ത്രി കൃഷ്ണ ബെര ഗൗഡ ദുരന്ത സ്ഥലത്ത് ക്യാമ്പു ചെയ്ത് രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകി വരികയാണ്. മുഖ്യമന്ത്രി സിദ്ധാരാമയ്യ ഇന്നലെ ദുരന്ത സ്ഥലം സന്ദർശിച്ച് രക്ഷാ പ്രവർത്തനങ്ങൾ വിലയിരുത്തി. ഉന്നത ഉദ്യോഗസ്ഥർക്കൊപ്പമാണ് മുഖ്യമന്ത്രി സ്ഥലത്തെത്തിയത്. മണ്ണിടിച്ചിൽ ദുരന്തത്തിൽ ഏഴുപേരുടെ മൃതദേഹങ്ങളാണ് ഇതുവരെ കണ്ടെടുത്തത്. അർജുന് പുറമെ രണ്ട് കർണാടക സ്വദേശികളെ ക്കൂടി കാണാതായിട്ടുണ്ട്.



*കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിൽ ദുരന്തമുണ്ടായ സ്ഥലത്ത് രക്ഷാ പ്രവർത്തനം വിലയിരുത്താൻ മുഖ്യമന്ത്രി സിദ്ധരാമയ്യ നേരിട്ടെത്തിയപ്പോൾ*

## കക്ഷി നേതാക്കളുടെ യോഗത്തിൽ കേന്ദ്രത്തിനെതിരെ ആഞ്ഞടിച്ച് ഇ.ടി

ന്യൂഡൽഹി: രാജ്യത്തെ വീണ്ടും പകയുടെ പാതയിലേക്കും നാശത്തിലേക്കും കൊണ്ടുപോവുകയാണ് മോദി സർക്കാറെന്ന് മുസ്‌ലിംലീഗ് പാർലമെന്ററി പാർട്ടി ലീഡറും ദേശീയ ഓർഗനൈസിങ് സെക്രട്ടറിയുമായ ഇ.ടി മുഹമ്മദ് ബഷീർ എം.പി. പാർലമെന്റ് സമ്മേളനത്തിനു മുന്നോടിയായി വിളിച്ചു ചേർത്ത കക്ഷി നേതാക്കളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



കൻവാർ യാത്രയുമായി ബന്ധപ്പെട്ട് യു.പി മുഖ്യമന്ത്രി നൽകിയ ഉത്തരവ് ലജ്ജാകരവും കൊടും ക്രൂരതയുമാണ്. ഇന്ത്യയിൽ ഇതിനു മുമ്പും മതാഘോഷ യാത്രകൾ ഉണ്ടായിട്ടുണ്ട്. അതിൽ ജാതിയും മതവുംമറന്ന് ജനങ്ങൾ സഹകരിച്ചിരുന്നു. മറ്റു മതക്കാർ മധുരപലഹാരങ്ങൾ നൽകിയും പുഷ്പങ്ങൾ വിതറിയും അവരുടെ സന്തോഷത്തിൽ പങ്കുചേർന്നിരുന്നു. എന്നാൽ ഇന്ന് ഭരണകൂടം തന്നെ വിദ്വേഷത്തിന്റെ വിത്ത് വിതക്കുകയാണ്. തകർന്ന് തരിപ്പണമായ രാജ്യത്തിന്റെ മതേതര, ജനാധിപത്യ മൂല്യങ്ങൾ തിരിച്ചുപിടിക്കാൻ നടപടി വേണമെന്നും ഇ.ടി പറഞ്ഞു.

ഇന്ത്യക്ക് സുപ്രധാനമായും വേണ്ടത് ഒരു ആൾക്കൂട്ടകൊല വിരുദ്ധ നിയമമാണെന്ന് സുപ്രീം കോടതി തന്നെ നിരീക്ഷിച്ചിരുന്നു. എന്നാൽ ഒരു നടപടിയും ഉണ്ടായില്ല. കഴിഞ്ഞ ജൂണിൽ പോലും രാജ്യത്ത് ആൾകൂട്ട കൊല ആവർത്തിച്ചു. ഇത്തരം അന്ത്യമില്ലാത്ത അക്രമങ്ങൾക്ക് അറുതി വരുത്തിയില്ലെങ്കിൽ പാർലമെന്റ് തന്നെ രാജ്യത്തോട് മറുപടി പറയേണ്ടി വരുമെന്നും ഇ.ടി പറഞ്ഞു.

# ബാർകോഴയിൽ അന്വേഷണവുമായി മുന്നോട്ടില്ലെന്ന് ക്രൈംബ്രാഞ്ച്

## പ്രാഥമികാന്വേഷണ റിപ്പോർട്ട് ക്രൈംബ്രാഞ്ച് മേധാവിക്ക് സമർപ്പിച്ചു

തിരുവനന്തപുരം: ബാർ കോഴയിലെ ഗൂഢാലോചന ആരോപിച്ച് എക്സൈസ് മന്ത്രി എം.ബി രാജേഷ് നൽകിയ പരാതിയിൽ ക്രൈംബ്രാഞ്ച് അന്വേഷണവുമായി മുന്നോട്ട് പോകില്ല. ഇത് വ്യക്തമാക്കി പ്രത്യേക അന്വേഷണ സംഘം ക്രൈം ബ്രാഞ്ച് മേധാവി എച്ച്.വെങ്കിടേഷിന് പ്രാഥമിക അന്വേഷണ റിപ്പോർട്ട് നൽകി. ക്രൈംബ്രാഞ്ച് അന്വേഷണം തുടങ്ങുന്നതിന് മുമ്പ് തന്നെ ബാറുടമകളുടെ സംഘടനാ നേതൃത്വം വിശദീകരണവുമായി രംഗത്തെത്തിയിരുന്നു. കോഴയാരോപണം ബാറുടമകൾ തള്ളിയിരുന്നു. പിരിവെടുത്തത് സംഘടനക്ക് ആസ്ഥാനമന്ദിരം നിർമിക്കാൻ തുക കണ്ടെത്താൻ വേണ്ടിയെന്നായിരുന്നു ബാറുടമകളുടെ വിശദീകരണം. വിവാദ ശബ്ദസന്ദേശം അയച്ച ബാറുടമ അനിമോനും (ജയകൃഷ്ണൻ) പിന്നീട് ഇതേ വിശദീകരണം പരസ്യമായി ആവർത്തിച്ചു. ക്രൈംബ്രാഞ്ച് മൊഴിയെടുത്തപ്പോഴും ഇതേ നിലപാടിൽ തന്നെ അയാൾ ഉറച്ചുനിന്നു. ഇതോടെയാണ് ആരോപണത്തിന് തെളിവില്ലെന്നും കൂടുതൽ അന്വേഷിച്ചിട്ട് കാര്യമില്ലെന്നുമുള്ള നിലപാടിലേക്ക് ക്രൈംബ്രാഞ്ച് എത്തിയത്. തുടർന്ന് ബാറുടമകൾ വിശദീകരിച്ച ആസ്ഥാനമന്ദിര നിർമ്മാണ പദ്ധതിയും അതിനുള്ള സാമ്പത്തിക ഇടപാടുകളും പരിശോധിച്ചു. അതിൽ കണ്ടെത്തിയ വിവരങ്ങൾ നിർണായകമെന്നാണ് അന്വേഷണ സംഘത്തിന്റെ വിലയിരുത്തൽ. തിരുവനന്തപുരം സിറ്റിയിൽ പട്ടത്തിനും പിഎംജിക്കും ഇടയിൽ മെയിൻ റോഡ് സൈഡിലുള്ള 'കണ്ണായ ഭൂമി' കെട്ടിടം പണിയാനായി സംഘടന വാങ്ങാൻ തീരുമാനിച്ചതിന് തെളിവുണ്ട്. കച്ചവടം ഉറപ്പിക്കാനായി രണ്ടരക്കോടി രൂപയോളം അഡ്വാൻസ് നൽകി കഴിഞ്ഞിട്ടുണ്ട്. ഒന്നരക്കോടി രൂപ സംഘടനയുടെ ബാങ്ക് അക്കൗണ്ടിലുണ്ട്. ആകെ അഞ്ചുകോടിയുടെ ഇടപാടാണെന്ന് വ്യക്തമാക്കുന്ന മൊഴികളും അന്വേഷണസംഘം രേഖപ്പെടുത്തിയിട്ടുണ്ട്. ബാറുടമകളിൽ നിന്ന് പിരിവെടുത്ത സമയവും തുകയുടെ കണക്കും ഈ ഭൂമിയിടപാടുമായി ഒത്തുപോകുന്നതാണ് എന്നാണ് ക്രൈംബ്രാഞ്ച് സംഘത്തിന്റെ നിഗമനം. അതുകൊണ്ട് തന്നെ കോഴയാരോപണം നിലനിൽക്കില്ല. ഒന്നാമത് കോഴയിടപാട് ആണെന്ന് ആരോപണങ്ങളല്ലാതെ പ്രത്യക്ഷത്തിൽ പരാതിക്കാരില്ല. രണ്ടാമത് സംശയമുണ്ടാക്കിയ ശബ്ദസന്ദേശം അയച്ചയാൾ തന്നെ അത് വിശദീകരിച്ചും കഴിഞ്ഞു. ഈ സാഹചര്യത്തിൽ അന്വേഷണവുമായി മുന്നോട്ട് പോകുന്നതിൽ അർത്ഥമില്ലെന്ന് കാണിച്ചാണ് പ്രത്യേക സംഘം ക്രൈംബ്രാഞ്ച് മേധാവിക്ക് റിപ്പോർട്ട് നൽകിയിരിക്കുന്നത്. ബാർകോഴ ആരോപണത്തിന് അടിസ്ഥാനമായത് ബാറുടമകളിൽ ഒരാളുടെ ശബ്ദസന്ദേശമാണ്. ബാറുടമകളുടെ വാട്സാപ്പ് വഴി പ്രചരിച്ച ഇത് വാർത്തയായതോടെ വൻ രാഷ്ട്രീയ വിവാദമായി. ബാറുകളുടെ പ്രവർത്തന സമയം കൂട്ടാനും ഐടി പാർക്കുകളിൽ ബാറുകൾ തുടങ്ങാനും അനുമതി നേടിയെടുക്കാൻ സർക്കാരിനോ സിപിഎമ്മിനോ കോഴ നൽകാനുള്ള തുക പിരിക്കാൻ ശ്രമമെന്ന നിലയിൽ വിവാദം വളർന്നതോടെയാണ് എക്സൈസ് മന്ത്രി ക്രൈംബ്രാഞ്ചിൽ പരാതി നൽകിയത്.

## നെടുമ്പാശ്ശേരി: ഹാജിമാരുടെ മടക്ക യാത്ര പൂർണമായി

നെടുമ്പാശേരി: സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊച്ചി എംബാർക്കേഷനിൽ നിന്നും ഈ വർഷത്തെ ഹജ്ജ് കർമത്തിൽ പങ്കെടുക്കാൻ പോയ ഹാജിമാരുടെ മടക്കയാത്ര പൂർത്തിയായി. ഇന്നലെ എത്തിയ അവസാന വിമാനത്തിൻ 83 ഹാജിമാരാണ് മടങ്ങിയെത്തിയത്. ഹജ്ജ് കമ്മിറ്റി അംഗം സഫർ കയാൽ, എയർപോർട്ട് ഡയറക്ടർ മനു എസ്, മുൻ ഹജ്ജ് കമ്മിറ്റി അംഗം മുസമ്മിൽ ഹാജി, ക്യാമ്പ് കോഡിനേറ്റർ ടി.കെ സലിം, മുസ്തഫ ടി മുത്തു, എൻ.പി ഷാജഹാൻ, അൻസാരി, ഹജ്ജ് സെൽ മെമ്പർമാർ, വളണ്ടിയർമാർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് അവസാന സംഘത്തെ സ്വീകരിച്ചത്. ഹജ്ജ് കർമത്തിൽ പങ്കെടുത്ത് പുണ്യം നുകരാൻ കഴിഞ്ഞതിലുള്ള ആത്മസംതൃപ്തിയോടെയാണ് ഹാജിമാർ വിമാനത്താവളത്തിൽ നിന്നും വീടുകളിലേക്ക് മടങ്ങിയത്. ഈ മാസം പത്തിനാണ് നെടുമ്പാശേരി വഴിയുള്ള ഹാജിമാരുടെ മടക്കയാത്ര ആരംഭിച്ചത്. 4478 പേരാണ് നെടുമ്പാശേരി ഹജ്ജ് ക്യാമ്പ് വഴി യാത്ര തിരിച്ചിരുന്നത്. ഇതിൽ പത്ത് പേർ പുണ്യഭൂമിയിൽ മരണപ്പെട്ടു. മറ്റ് ചിലർ ജോലി ആവശ്യാർഥം വിദേശ രാജ്യങ്ങളിലേക്കും മറ്റുമായി സ്വന്തം നിലയിൽ മടങ്ങിയിരുന്നു. ബാക്കിയുള്ള മുഴുവൻ ഹാജിമാരും മടങ്ങിയെത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള തീർഥാടകർക്ക് പുറമെ ലക്ഷദ്വീപ്, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ളവരും നെടുമ്പാശേരി വഴി പുറപ്പെട്ട സംഘത്തിൽ ഉണ്ടായിരുന്നു. 11 ദിവസങ്ങളിലായി സഊദി എയർലൈൻസിന്റെ 16 വിമാനങ്ങളാണ് മയക്കയാത്രക്കായി സർവീസ് നടത്തിയത്.

## പാർലമെന്ററി പ്രാതിനിധ്യം, മുസ്‌ലിം സംവരണ മണ്ഡലങ്ങൾ വേണം: കെ.എൻ.എം മർകസുദ്ദഅവ

കോഴിക്കോട്: രാജ്യത്തെ ജനസംഖ്യയിൽ മൂന്നിൽ ഒന്ന് വരുന്ന മുസ്‌ലിം ജനവിഭാഗം പാർലിമെന്ററി ജനാധിപത്യ പ്രക്രിയയിൽ നിന്നും പൂർണമായി അന്യവത്കരിക്കപ്പെടുന്ന സാഹചര്യത്തിൽ പാർലിമെന്റിലും അസംബ്ലിയിലും മന്ത്രി സഭകളിലും മുസ്‌ലിംകൾക്ക് സംവരണം ഏർപ്പെടുത്താൻ നടപടി വേണമെന്ന് കെ.എൻ.എം മർകസുദ്ദഅവ സംസ്ഥാന സമ്പൂർണ പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു. ഇക്കഴിഞ്ഞ പാർലിമെന്റ് തെരഞ്ഞെടുപ്പിൽ 544 അംഗ പാർലിമെന്റിൽ കേവലം 24 പേർ മാത്രമാണ് മുസ്‌ലിംകളുള്ളത്. മിക്ക സംസ്ഥാനങ്ങളിൽ നിന്ന് ഒരാൾ പോലും മുസ്‌ലിം വിഭാഗത്തിൽ പെട്ടവരില്ല. കഴിഞ്ഞ പത്ത് വർഷമായി കേന്ദ്ര മന്ത്രി സഭയിൽ മുസ്‌ലിം പ്രതിനിധികളില്ല. ഇന്ത്യമുന്നണിയിലെ പ്രബല കക്ഷികൾ പോലും ചില സംസ്ഥാനങ്ങളിൽ മുസ്‌ലിം സ്ഥാനാർത്ഥി കളെ മത്സരിപ്പിക്കാൻ തയ്യാറായിട്ടില്ല. മുസ്‌ലിം സമുദായത്തോടുള്ള ഈ കടുത്ത വിവേചനം അവസാനിപ്പിക്കാൻ മുസ്‌ലിം സംവരണ മണ്ഡലങ്ങൾക്കായി ഭരണഘടനാ ഭേദഗതിക്കായി കേന്ദ്ര സർക്കാർ തയ്യാറാവണമെന്നും ഇന്ത്യാ സഖ്യകക്ഷികൾ അതിനായി പ്രയത്നിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. കെ. എൻ. എം മർകസുദ്ദഅവ സംസ്ഥാന ജനറൽ സെക്രട്ടറി സി.പി ഉമർ സുല്ലമി സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. ഇ.കെ അഹ്മദ് കുട്ടി അദ്ധ്യക്ഷത വഹിച്ചു. ഡോ. ജമാലുദ്ദീൻ ഫാറൂഖി,എം അഹമ്മദ് കുട്ടി മദനി, പ്രൊഫ: കെ.പി സകരിയ്യ ,എൻ.എം ജലീൽ, സി. അബ്ദുലത്തീഫ്, സി.മമ്മു കോട്ടക്കൽ, കെ.പി ഖാലിദ്, ഫൈസൽ നൻമണ്ട,ഡോ. അൻവർ സാദത്ത്, ആദിൽനസീഫ്, ഡോ. സുഫ്യാൻ അബ്ദുസ്സത്താർ, പി.പി ഖാലിദ്, ഡോ. ജാബിർ അമാനി, പ്രൊഫ. ശംസുദ്ദീൻ പാലക്കോട്, കുഞ്ഞമ്മദ് മദനി, പി.അബ്ദുൽഅസീസ്മദനി, ബിപിഎ ഗഫൂർ, കെ. പി അബ്ദുറഹ്മാൻ സുല്ലമി, ഫാറൂഖ് സ്വലാഹി, ഷിയാസ് സലഫി പ്രസംഗിച്ചു.






കെ.എൻ.എം മർകസുദ്ദഅവ സംസ്ഥാന പ്രതിനിധി സമ്മേളനം ജന:സെക്രട്ടറി സി.പി ഉമർ സുല്ലമി ഉദ്ഘാടനം ചെയ്യുന്നു.

## കുവൈറ്റ് അഗ്നിബാധ; മൃതദേഹങ്ങൾ ഇന്ന് നാട്ടിലെത്തിക്കും

ആലപ്പുഴ: കുവൈറ്റ് അബ്ബാസിയ സൈഫ് പാർപ്പിട സമുച്ചയത്തിലുണ്ടായ അഗ്നി ബാധയിൽ വിഷപ്പുകശ്വസിച്ച് മരിച്ച നാലംഗ മലയാളി കുടുംബത്തിന്റെ മൃതദേഹം ഇന്ന് നാട്ടിലെത്തിക്കും. സംസ്കാരം 25ന് ഉച്ചയ്ക്ക് 1.15ന് തലവടി പടിഞ്ഞാറേക്കര മർത്തോമ്മാ പള്ളിയിൽ നടക്കും. കുട്ടനാട് തലവടി ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ നീരേറ്റുപുറം മുളയ്ക്കൽ വീട്ടിൽ മാത്യു വർഗ്ഗീസ് (ജിജോ 42), ഭാര്യ ലിനി (37), ഒൻപതാം ക്ലാസ് വിദ്യർഥിനിയായ മൂത്ത മകൾ ഐറിൻ (14), അഞ്ചാം ക്ലാസ് വിദ്യർഥിയായ ഇളയ മകൻ ഐസക്ക് (11) എന്നിവരാണ് മരിച്ചത്.

## വിമാനം ഇറങ്ങുന്നതിനിടെ കാറ്റിന്റെ ശക്തിയിൽ വീടിന്റെ ഓടുകൾ തകർന്നു

കൊണ്ടോട്ടി: റൺവേയിൽ ഇറങ്ങാനായി വിമാനം താഴ്ന്ന് പറന്നത് പരിസരവാസികളെ പരിഭ്രാന്തിയിലാക്കി. കഴിഞ്ഞ ദിവസം രാത്രിയാണ് സംഭവം. വിമാന മെത്തിയപ്പോൾ കാറ്റിനെത്തുടർന്നു പരിസരത്തെ വീടിനു മുകളിലെ ഓടുകൾ തകർന്നു വീണു. രാത്രി എട്ടരയോടെ കരിപ്പൂർ മേലേപറമ്പിൽ പരേതനായ മഞ്ഞപ്പുലത്ത് മൊയ്തീൻ ഹാജിയുടെ വീട്ടിലാണ് വിമാനം ഇറങ്ങുന്നതിനിടെ കാറ്റിന്റെ ശക്തിയിൽ അമ്പതോളം ഓടുകൾ വീടിനു പുറത്തേക്ക് പറന്നു പോയത്. ഒട്ടേറെ ഓടുകളും തകർന്ന് വീടിനുള്ളിലെ ഹാളിലേക്കും പതിച്ചതായി വീട്ടുകാർ പറഞ്ഞു. വീട്ടിൽ ഒരു സ്ത്രീ മാത്രമാണ് ഉണ്ടായിരുന്നത്. ശബ്ദം കേട്ട് ഇവർ പുറത്തേക്ക് ഓടിയതിനാൽ പരിക്കേൽക്കാ തെ രക്ഷപ്പെട്ടു. ബാക്കി ഉള്ളവർ ആശുപത്രി ആവശ്യത്തിനു പുറത്തുപോയതായിരുന്നു.അപകട സമയം കാറ്റോ മഴയൊ ഉണ്ടായിരുന്നില്ലെന്നും വിമാനം എത്തിയതിനൊപ്പമാണ് ഓടുകൾ പറന്നതെ ന്നും വീട്ടുകാർ പറഞ്ഞു.



*കപ്പൂരിൽ വിമാനം ഇറങ്ങുന്നതിനിടെ കാറ്റിന്റെ ശക്തിയിൽ മഞ്ഞപ്പുലത്ത് മൊയ്തീൻ ഹാജിയുടെ വീടിന്റെ ഓടുകൾ പാറിയ നിലയിൽ*

## കാലിക്കറ്റ് സർവകലാശാലാ കാമ്പസിൽ നിയന്ത്രണം

തേഞ്ഞിപ്പലം: നിപ പ്രതിരോധത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉത്തരവ് പുറപ്പെടുവിച്ചു.മാസ്കും സാനിറ്റൈസറും നിർബന്ധം, കണ്ടെയിൻമെന്റ് മേഖലയിലുള്ളവർക്ക് വർക് ഫ്രം ഹോം, ഒരാഴ്ചത്തേക്ക് സെമിനാറുകൾ, ശിൽപശാലകൾ, ആൾക്കൂട്ടമുള്ള മറ്റു പരിപാടികൾ എന്നിവ പാടില്ല, കാമ്പസിലേക്കും പരീക്ഷാഭവനിലേക്കുമുള്ള സന്ദർശനം അത്യാവശ്യത്തിന് മാത്രം, ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. ഒരാഴ്ചത്തേക്ക് പഞ്ചിങ് നിർത്തിവെച്ചു. സർവകലാശാലാ ഹെൽത്ത് സെന്ററിലെ തിരക്ക് ഒഴിവാക്കാൻ ആരോഗ്യ പ്രവർത്തകരുടെയും സുരക്ഷാ ജീവനക്കാരുടെയും നിർദേശങ്ങൾ കർശനമായി പാലിക്കുക.

## ഓഡിറ്റോറിയത്തിലെ ലിഫ്റ്റ് പൊട്ടി വീണ് 4 പേർക്ക് പരിക്ക്

എടവണ്ണ: കല്യാണത്തിനിടെ ഓഡിറ്റോറിയത്തിലെ ലിഫ്റ്റ് പൊട്ടി വീണ് നാല് പേർക്ക് പരിക്ക്. പത്തപ്പിരിയം വി.എ. ഓഡിറ്റോറിയത്തിലെ ലിഫ്റ്റാണ് ഞായറാഴ്ച ഉച്ചക്ക് രണ്ടു മണിയോടെ പൊട്ടി വീണത്. പത്തപ്പിരിയം സ്വദേശികളായ ചൂരക്കുന്നൻ നഫീഫ് (24), നൗഷാദ് (40), വി.പി മുഹമ്മദ് സഹിം(25), വി.പി സഫ്‌വാൻ എന്നിവരെയാണ് പരിക്കേറ്റ നിലയിൽ അരീക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഓഡിറ്റോറിയത്തിന്റെ മുകളിലെ നിലയിലുള്ള അടുക്കളയിൽ നിന്നും സാധനങ്ങൾ കയറ്റി ഇറക്കുന്നതിനായി ഉപയോഗിക്കുന്ന ലിഫ്റ്റാണ് പൊട്ടിവീണത്. മുകളിലെ അടുക്കളയിൽ നിന്നും വരന്റെ കൂടെ വന്നവർക്ക് നൽകാനുള്ള ചൂടു പാനിയവുമായി ലിഫ്റ്റിൽ കയറിയവരാണ് അപകടത്തിൽ പെട്ടത്.

## നാലു വർഷ ഡിഗ്രി ജോലിഭാരം : അപ്രഖ്യാപിത നിയമന നിരോധനത്തിന് വഴിവെക്കും

തേഞ്ഞിപ്പലം: നാലുവർഷ ബിരുദവുമായി ബന്ധപ്പെട്ട് അധ്യാപകർക്കുണ്ടാകുന്ന അധിക ജോലിഭാരം പരിഹരിക്കുമെന്ന സർക്കാറിന്റെ ഉത്തരവ് അപ്രഖ്യാപിത നിയമന നിരോധനത്തിലേക്ക് നയിക്കുമെന്ന് കാലിക്കറ്റ് സർവകലാശാല സെനറ്റംഗവും ഫാറൂഖ് കോളജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രഫസറുമായ ലഫ്റ്റനന്റ് എ.ടി. അബ്ദുൽ ജബ്ബാർ പറഞ്ഞു. അധിക ജോലിഭാരത്തിൽ വ്യത്യാസം വരാതെയും പുതിയ ഗസ്റ്റ് അധ്യാപക നിയമനങ്ങൾ നടത്താതെയും നാലുവർഷ ബിരുദം മു ന്നോട്ടു കൊണ്ടുപോകാൻ കഴിയു മെന്നത് പ്രയാസകരമായിരിക്കും. ബിരുദത്തോടൊപ്പം ഹോണർസ് റിസേർച്ച് ചെയ്യുന്ന വിദ്യാർഥികളുടെ റിസർച്ച് പ്രോജക്റ്റും അധികമായി നാലു വർഷത്തിൽ എടുക്കേ ണ്ടിവരുന്ന അധിക സമയം കൂടി ഉൾപ്പെടുത്തി അധ്യാപകരുടെ അധിക ജോലി പുനർ നിശ്ചയിക്കുക യും അതിനനുസൃതമായി അധ്യാപകരെ നിയമിക്കാൻ സർക്കാർ തയ്യാറാകണമെന്നും സെനറ്റംഗം ആവശ്യപ്പെട്ടു. കാലിക്കറ്റിൽ അധ്യാപകരുടെ പ്ലേസ്മെന്റ് പ്രമോഷൻ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായ് പരാതി. സർവകലാശാല സെനറ്റ് അംഗം ലെഫ്:ഡോ. എ.ടിഅബ്ദുൽ ജബ്ബാറാണ് കാലിക്കറ്റ് യൂണി വേഴ്സിറ്റി രജിസ്ട്രാർക്ക് ഇതു സംബന്ധിച്ചു പരാതി നൽകിയത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ജനറൽ അക്കാദമിക് സെക്ഷനിലാണ് അധ്യാപകരുടെ പ്ലേസ്മെന്റ് പ്രമോഷന്റ നൂറുകണക്കിനു ഹയലുകൾ തീർപ്പാകാതെ കിടക്കുന്നത്. കഴിഞ്ഞ ജൂൺ 6ന് നടന്ന സെനറ്റിൽ ആവശ്യപ്പെട്ടതിനെതു ടർന്ന് ഫയലുകൾ തീർപ്പാക്കുന്ന തിന് പുതിയ ഒരു സെക്ഷൻ രൂപീകരിച്ച് ഈ പ്രശ്നം പരിഹരിക്കുമെന്നും അന്നത്തെ വൈസ് ചാൻസലർ മറുപടിയും നൽകിയിരുന്നു. എന്നാൽ ഒരുമാസക്കാലമായിട്ടും തുടർ നടപടികൾ ഒന്നും തന്നെയുണ്ടായിട്ടില്ലെന്ന് സെനറ്റംഗത്തിന്റെ പരാതിയിൽ വ്യക്തമാക്കുന്നു.

## മുന്നറിയിപ്പില്ലാതെ എയർ അറേബ്യയുടെ വിമാനങ്ങൾ റദ്ദാക്കിയത് യാത്രക്കാരെ വലച്ചു

കൊണ്ടോട്ടി:കരിപ്പൂർ വിമാനത്താവളത്തിൽ മുന്നറിയിപ്പില്ലാതെ എയർ അറേബ്യയുടെ രണ്ട് വിമാനങ്ങൾ റദ്ദാക്കിയത് യാത്രക്കാരെ വലച്ചു. പുലർച്ചെ വിമാനത്താവളത്തിൽ എത്തിയവർ യാത്ര പ്രതിസന്ധിയിലാണന്നറിഞ്ഞതോടെ ഏറെ നേരം ടെർമിനലിൽ പ്രതിഷേധിച്ചു. പ്രതികൂല കാലാവസ്ഥ കാരണം ഇന്നലെ പുലർച്ചെ കരിപ്പൂരിലെത്തിയ എയർ അറേബ്യയുടെ അബുദാബി വിമാനം നെടുമ്പാശ്ശേരിയി ലേക്കും, ഷാർജയിൽ നിന്ന് വന്ന വിമാനം കോയമ്പത്തൂരിലേക്കും തിരിച്ച് വിട്ടിരുന്നു. പിന്നീട് കാലാവസ്ഥ അനുകൂലമായ തോടെ രാവിലെ 9 മണിക്ക് ശേഷം രണ്ട് വിമാനവും തിരിച്ചെത്തിയിരുന്നു. എന്നാൽ വൈമാനികരുടെ ജോലി സമയം അവസാനിച്ചതിനാൽ ഇവർ തുടർ സർവീസ് നടത്താൻ തയ്യാറായില്ല. ഇതോടെ വിമാനങ്ങളുടെ മടക്കയാത്ര അനിശ്ചിതത്വത്തിലായി.യാത്രക്കാരാകട്ടെ പുലർച്ചെ ഒരു മണിക്ക് മുമ്പേ കരിപ്പൂരിൽ എത്തിയിരുന്നു.പുലർച്ചെ 4.10ന് പുറപ്പെടുമെ ന്നാണ് കമ്പനി അധികൃതർ തുടക്കത്തിൽ യാത്രക്കാരെ അറിയിച്ചിരുന്നു.പിന്നീട് രാവിലെ 8.45ന് പുറപ്പെടുമെന്ന അറിയിപ്പ് നൽകി. പിന്നാലെ വിമാനം റദ്ദാക്കിയ വിവരമാണ് യാത്രക്കാരെ അറിയിച്ചത്.ഇതോടെ യാത്രക്കാർ ബഹളം വെച്ചു. വിമാന കമ്പനി ജീവനക്കാരെ തടഞ്ഞ് പ്രതിഷേധിച്ചു. സെക്യൂരിറ്റി ഉദ്യോഗസ്ഥർ എത്തിയാണ് രംഗം ശാന്തമാക്കിയത്.360 യാത്രക്കാരാണ് രണ്ട് വിമാനങ്ങളിലായി പോകാനുണ്ടായിരുന്നത്.പത്ത് മണിക്കൂറോളം വിമാനത്താവളത്തിൽ കുത്തിയിരിക്കേണ്ടി വന്നെന്നും ഇത്ര സമയം കാത്തിരുന്നിട്ടും ലഘു ഭക്ഷണം പോലും നൽകാൻ അധികൃതർ തയ്യാറായില്ലന്നും യാത്രക്കാർ പറഞ്ഞു. യാത്രക്കാരെ ഇന്ന് കൊണ്ടുപോവുമെന്ന അറിയിപ്പ് നൽകി. പിന്നീട് ഹോട്ടലുകളിലേക്ക് മാറ്റി.പ്രതികൂല കാലാവസ്ഥയെ തുടർന്ന് ഇന്നലെ ഏഴ് വിമാനങ്ങളാണ് നെടുമ്പാശ്ശേരിയിലേക്കും, കോയമ്പത്തൂരിലേക്കുമായി വഴി തിരിച്ച് വിട്ടത്.എന്നാൽ ഈ രണ്ട് സർവീസുകൾ ഒഴികെ ബാക്കി വിമാനങ്ങൾ തുടർ സർവീസ് നടത്തി.





*കരിപ്പൂരിൽ എയർ അറേബ്യയുടെ വിമാനങ്ങൾ റദ്ദാക്കിയതിൽ യാത്രക്കാർ പ്രതിഷേധിക്കുന്നു.*

## പെരിന്തൽമണ്ണയിൽ പിതാവും മകനും ഉൾപ്പെടെ മൂന്നുപേർ ഷോക്കേറ്റു മരിച്ചു

പെരിന്തൽമണ്ണ: രണ്ടു വ്യത്യസ്ത അപകടങ്ങളിൽ പിതാവും മകനും ഉൾപ്പെടെ പെരിന്തൽമണ്ണയിൽ മൂന്നുപേർ ഷോക്കേറ്റു മരിച്ചു. ആലിപ്പറമ്പ് പാറക്കണ്ണിയിലാണ് പിതാവും മകനും ഷോക്കേറ്റ് മരിച്ചത്. കാവുണ്ടത്ത് മുഹമ്മദ് അഷ്റഫ് എന്ന മണി(52), മകൻ അമീൻ മുഹമ്മദ് (17) എന്നിവരാണ് പന്നിശല്യം തടയാൻ കെട്ടിയ ഇരുമ്പ് വേലിയിൽ നിന്ന് ഷോക്കേറ്റ് മരിച്ചത്. കമ്പിവേലിയിൽ തട്ടി കിടക്കുന്ന പിതാവി നെ രക്ഷിക്കാനുള്ള ശ്രമത്തിനിടെ മകനും ഷോക്കേൽക്കുകയായിരുന്നു. അഷ്റഫിന്റെ ഭാര്യ കണ്ടേങ്ങാടൻ സുലൈഖ. മറ്റുമക്കൾ: അസ്‌ലം, അസ്മിന,മുഹ്സിന,അയാൻ. പെരിന്തൽമണ്ണ പൊലീസ് ഇൻക്വസ്റ്റ് നടത്തി പോസ്റ്റ്മോർട്ടത്തിന് ശേഷം ഇന്ന് കളപ്പാട്ടുകുഴി ജുമാമസ്ജിദ് ഖബർസ്ഥാനിൽ ഖബറടക്കും.

ഒടമല പടിഞ്ഞാറേകുളമ്പിലെ വട്ടപ്പറമ്പിൽ ഉണ്ണീന്റെ മകൻ കുഞ്ഞിമുഹമ്മദ് എന്ന മാനു(40) ഇന്നലെ രാവിലെ അടുത്ത വീട്ടിലെ പ്ലാവിൽ നിന്ന് ചക്കയിടുന്നതിനിടെ ഇരുമ്പ് തോട്ടി വൈദ്യുതി ലൈനിൽ തട്ടിയാണ് മരിച്ചത്. അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. വട്ടപ്പറമ്പിൽ ഉണ്ണീന്റെയും ഖദീജയുടെയും മകനാണ്. ഭാര്യ: അസ്മത്ത് കരിങ്കറ. മക്കൾ: നാദിയ,മുഹമ്മദ് മുസ്തഫ, സെൻഹ ഫാത്തിമ, അസ്റിൻ. സഹോദരങ്ങൾ: മുഹമ്മദാലി, ഷൗക്കത്തലി,ഷമീർ,ഹസ്സൻകുട്ടി എന്ന വാപ്പുട്ടി,ഷബ്ന,സൗദ, സുലൈഖ,പരേതയായ ലൈല. ജനാസ ഒടമല ജുമാമസ്ജിദ് ഖ ബർസ്ഥാനിൽ മറവ് ചെയ്തു.



മുഹമ്മദ് അഷ്റഫ്



അമീൻ മുഹമ്മദ്



കുഞ്ഞിമുഹമ്മദ്

ചന്ദ്രിക
സ്പോർട്സ്



## ടോക്കിയോ റിപ്പീറ്റിന്

### പ്രതീക്ഷയോടെ ലവ്‌ലിന

ന്യൂഡൽഹി: ടോക്കിയോ ഒളിംപിക്സിലെ താരങ്ങളിൽ ഒരാളായിരുന്നു ഇന്ത്യയുടെ യുവ വനിതാ ബോക്സർ ലവ്‌ലിന ബോർഗഹൈൻ. അത് വരെ ആഭ്യന്തര സർക്കിളിൽ മാത്രം അറിയപ്പെട്ട ആസാമുകാരി ടോക്കിയോവിൽ 75 കിലോഗ്രാം വിഭാഗത്തിൽ രാജ്യത്തിന് വെങ്കലമാണ് സമ്മാനിച്ചത്. ടോക്കിയോ നേട്ടത്തിന് ശേഷം 2022 ൽ നടന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ സ്വർണം സ്വന്തമാക്കിയ ലവ്‌ലിന 2023 ലെ ഏഷ്യൻ ഗെയിംസിൽ വെള്ളി സ്വന്തമാക്കിയാണ് പാരീസ് ടിക്കറ്റ് സ്വന്തമാക്കിയത്. പാരീസിലും രാജ്യത്തിന് മെഡൽ സമ്മാനിക്കാനാവുമെന്നാണ് ലവ്‌ലിന ആത്മവിശ്വാസത്തോടെ പറയുന്നത്. ലവ്‌ലിനക്ക് കാര്യമായ വെല്ലുവിളി ഏഷ്യൻ ഗെയിംസിൽ സ്വർണം സ്വന്തമാക്കിയ ചൈനക്കാരി ലി കിയാനാണ്. ഡൽഹിയിൽ നടന്ന ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ചൈനക്കാരിയെ തോൽപ്പിച്ചിരുന്നു ലവ്‌ലിന. പക്ഷേ ഈ വർഷം ചെക് റിപ്പബ്ലിക്കിൽ നടന്ന ഗ്രാൻഡ് പ്രിയിൽ ഇതേ ചൈനക്കാരിക്ക് മുന്നിൽ ലവ്‌ലിന പതറുകയും ചെയ്തിരുന്നു. അഭയാർത്ഥി സംഘത്തിലെ സിൻഡി നാംബയാണ് മറ്റൊരു വെല്ലുവിളി.

## അക്രഡിറ്റേഷനില്ല



പാരിസ്: ഒളിംപിക്സിന് നാല് നാൾ മാത്രം ബാക്കിനിൽക്കെ ഇന്ത്യൻ അമ്പെയ്ത്ത് സംഘത്തിന് വലിയ തിരിച്ചടി. ടീമിന്റെ മുഖ്യ പരിശീലകനായ കൊറിയക്കാരൻ ബയാക് വുംഗ് കിക്കിന് അക്രഡിറ്റേഷൻ ലഭിച്ചില്ല. അനുഭവ സമ്പന്നനായ പരിശീലകനാണ് വുംഗ്. 2012 ലെ ലണ്ടൻ ഒളിംപിക്സിൽ പങ്കെടുത്ത ദക്ഷിണ കൊറിയൻ സംഘത്തെ പരിശീലിപ്പിച്ചത് അദ്ദേഹമായിരുന്നു. ലണ്ടനിൽ സ്വന്തം രാജ്യത്തിന് ഒരു സ്വർണം സമ്മാനിക്കാനും അദ്ദേഹത്തിനായിരുന്നു. എന്നാൽ ഇന്ത്യൻ സംഘത്തിനൊപ്പം കൊറിയൻ കോച്ചിന് അനുമതി നൽകില്ല എന്ന പ്രശ്നത്തിലാണ് അക്രഡിറ്റേഷൻ നിഷേധിക്കുപ്പെട്ടത് എന്നാണ് കരുതുന്നത്. ഇന്ത്യൻ ഒളിംപിക് അസോസിയേഷന് പറ്റിയ പിഴവാണ് കൊറിയൻ കോച്ചിന്റെ കാര്യത്തിൽ സംഭവിച്ചതെന്ന് പറയപ്പെടുമ്പോൾ ഐ.ഒ.എ പറയുന്നത് ആർച്ചറി അസോസിയേഷനാണ് സംഭവത്തിലെ പ്രതികൾ എന്നാണ്. അവരാണ് കൊറിയൻ കോച്ചിനെ ടീമിലുൾപ്പെടുത്തിയത്.



*ടോക്കിയോ ദിവസങ്ങൾ ഇപ്പോഴും മനസിൽ നിറഞ്ഞ് നിൽക്കുന്നു. ജർമനിക്കെതിരായ ലൂസേഴ്സ് ഫൈനൽ. അവസാന സെക്കൻഡ് വരെ നിറഞ്ഞ ആശങ്ക.അവസാനം മെഡൽ. പാരീസിലും ആ നേട്ടം ആവർത്തിക്കണം. അതിനായുള്ള ഒരുക്കത്തിലാണ് ടീം. യൂറോപ്പിലായിട്ട് അൽപ്പം ദിവസങ്ങളായി. പാരിസിലെത്തുമ്പോൾ ഏറ്റവും മികച്ച പ്രകടനമാണ് വാഗ്ദാനം ചെയ്യുന്നത്. ആദ്യം നല്ല തുടക്കം ലഭിക്കണം. പ്രതിയോഗികൾ ശക്തരാണ്. അതിൽ പക്ഷേ സമ്മർദ്ദമില്ല. ബെൽജിയവും ഓസ്ട്രേലിയയും റാങ്കിംഗിൽ മുന്നിലുള്ളവരാണ്*

**–പി.ആർ ശ്രീജേഷ്**

www.chandrikadaily.com

**BREAKING** ഒളിംപിക്സിന് ഒരുങ്ങുന്ന റഫേൽ നദാലിന് തിരിച്ചടി, സ്വിഡിഷ് ഓപ്പൺ ഫൈനലിൽ നുനോ ബോർജസിനോട് തോൽവി

# റിയോ വെള്ളി | ടോക്കിയോ വെങ്കലം | പാരീസ്... സ്വർണം....?



### ഇന്ന്

രണ്ടാം ടെസ്റ്റ്
ഇംഗ്ലണ്ട്–വിൻഡീസ്
അഞ്ചാം ദിവസം
(വൈകീട്ട് 3–30)
സോണി സ്പോർട്സ് ലൈവ്

ഏഷ്യാ കപ്പ്
വനിതാ ടി–20
ശ്രീലങ്ക–മലേഷ്യ
(ഉച്ചക്ക് 2–00)
ബംഗ്ലാദേശ്–തായ്‌ലൻഡ്
(രാത്രി 7–00)
സ്റ്റാർ സ്പോർട്സ് ലൈവ്



*ഷുഹൈബ് ബഷീറിന്റെ സന്തോഷം*

## ഇംഗ്ലീഷ് മികവ്

നോട്ടിങ്ഹാം: ലോർഡ്സിലെ ആദ്യ ടെസ്റ്റിലെ തകർപ്പൻ വിജയത്തിന് ശേഷം രണ്ടാം ടെസ്റ്റിലും വിൻഡീസിനെതിരെ ഇംഗ്ലണ്ട് വിജയത്തിലേക്ക്. ജയത്തിന് 385 റൺസ് എന്ന ലക്ഷ്യത്തിലേക്ക് ബാറ്റ് ചെയ്യുന്ന സന്ദർശകർക്ക് അവസാന റിപ്പോർട്ട് ലഭിക്കുമ്പോൾ രണ്ടാം ഇന്നിംഗ്സിൽ 92 റൺസ് നേടുന്നതിനിടെ തന്നെ മുൻനിരയിലെ ആറ് പേരെ നഷ്ടമായി കഴിഞ്ഞു. ആദ്യ ഇന്നിംഗ്സിൽ ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് 416 റൺസ് നേടിയപ്പോൾ ഗംഭീരമായി പ്രതികരിച്ച വിൻഡീസ് 457 റൺസ് നേടി. എന്നാൽ രണ്ടാം ഇന്നിംഗ്സിൽ ആതിഥേയർ 425 റൺസ് നേടിയാണ് 385 റൺസിന്റെ വിജയ ലക്ഷ്യം നൽകിയത്. പക്ഷേ നാലാം ദിവസമായ ഇന്നലെ കണ്ടത് ഇംഗ്ലീഷ് സ്പിന്നർ ഷുഹൈബ് ബഷീറിന് മുന്നിൽ വിൻഡീസ് ബാറ്റിംഗ് തകരുന്നതാണ്. നായകൻ ക്രെയിഗ് ബ്രാത്ത്‌വെയിറ്റ് പൊരുതി കളിച്ച് 47 റൺസ് നേടിയെങ്കിലും അദ്ദേഹത്തിന് കാര്യമായ പിന്തുണ ലഭിച്ചില്ല. മൈക്കൽ ലൂയിസ് (17), കിർക് മക്കൻസി (1) അലിക് അതാൻസേ (1) കെവിം ഹോഡ്ജ് (0) എന്നിവരെല്ലാം അതിവേഗം പുറത്തായി. മുൻ നായകൻ ജെയ്സൺ ഹോൾഡർ സ്വന്തം ഭാഗം കാത്തപ്പോൾ വാലറ്റത്തിൽ അദ്ദേഹത്തിന് കാര്യമായ പിന്തുണ ഉറപ്പില്ല. ആതിഥേയരുടെ ഒന്നാം ഇന്നിംഗ്സിന് കരുത്ത് പകർന്നത് 121 റൺസ് സ്വന്തമാക്കിയ ഒലേ പോപ്പാണ്. ബെൻ ഡങ്കറ്റ് (71), നായകൻ ബെൻ സ്റ്റോക്സ് (69) എന്നിവരും മികവ് കാട്ടി. രണ്ടാം ഇന്നിംഗ്സിൽ മുൻ നായകൻ ജോ റൂട്ടും (122) ഹാരി ബ്രൂക്കും (109) സെഞ്ചുറികൾ നേടിയിരുന്നു.

## പി.വി സിന്ധുവും സംഘവും ആത്മവിശ്വാസത്തിൽ

ന്യൂഡൽഹി: പി.വി സിന്ധുവും ഇന്ത്യൻ ബാഡ്മിന്റൺ സംഘവും ഇന്ന് പാരിസിലേക്ക് വിമാനം കയറുകയാണ്. ലക്ഷ്യം മെഡലുകൾ തന്നെ. ഹൈദരാബാദുകാരിയായ സിന്ധു തീർത്ത് പറയുന്നു- ഇത്തവണ സ്വർണം തന്നെ സ്വന്തമാക്കണം.. പറയുന്നത് സിന്ധുവാകുമ്പോൾ അതിൽ കാര്യവുമുണ്ട്. 2016 ലെ റിയോ ഒളിംപിക്സിലും 2020 ലെ ടോക്കിയോ ഒളിംപിക്സിലും മെഡൽ സ്വന്തമാക്കിയ താരമാണ്. മൂന്നാം ഒളിംപിക്സ് മെഡൽ എന്നത് എന്നെ നന്നായി മോട്ടിവേറ്റ് ചെയ്യുന്നു. ഒളിംപിക്സാവുമ്പോൾ ഞാൻ 200 ശതമാനം കരുത്ത് പ്രകടിപ്പിക്കും. റിയോയിലെയും ടോക്കിയോവിലെയും അനുഭവം വളരെ വിലപ്പെട്ടതായിരുന്നു. രാജ്യം എന്നിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം വലുതാണെന്നറിയാം. തുടർച്ചയായി മൂന്ന് ഒളിംപിക്സുകളിൽ രാജ്യത്തിനായി മെഡൽ നേടുകയെന്നത് ചരിത്ര നേട്ടവും. ഇത്തവണ സ്വർണം തന്നെ നേടണം എന്നതാണ് എന്റെ വലിയ ലക്ഷ്യം-സിന്ധു പറഞ്ഞു. അഞ്ച് തവണ ലോക ചാമ്പ്യൻഷിപ്പിൽ മെഡൽ സ്വന്തമാക്കിയ സിന്ധുവാണ് പാരിസിൽ അനുഭവ സമ്പത്തിൽ ഒന്നാമത്. കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ ഗെയിംസിലും കരുത്ത് കാട്ടിയ സിന്ധുവിന്റെ ബാഡ്മിന്റൺ സംഘത്തിൽ മെഡൽ സാധ്യതയുളളവർ വേറെയുമുണ്ട്. പുരുഷ സിംഗിൾസിൽ എച്ച്.എസ് പ്രണോയി എന്ന മലയാളി. ലക്ഷ്യാസെന്നും രാജ്യാന്തര രംഗത്ത് വിലാസമുള്ള താരം. പ്രണോയി ഒമ്പതാം സീഡും ലക്ഷ്യ പതിമൂന്നാം സീഡുമാണ്. പുരുഷ ഡബിൾസിലാണ് മറ്റൊരു പ്രതീക്ഷ. സ്വാതിക് സായ്‌രാജ് രെങ്കി റെഡി, ചിരാഗ് ഷെട്ടി സഖ്യം ലോക റാങ്കിംഗിൽ മൂന്നാമതാണ്. നേരിട്ടാണ് ഇവർ യോഗ്യത നേടിയത്. വനിതാ ഡബിൾസിലും ഇന്ത്യ മൽസരിക്കുന്നുണ്ട്. അശ്വിനി പൊന്നപ്പ, താനിഷ ക്രാസ്റ്റോ എന്നിവരാണ് ഈ ഇനത്തിൽ മൽസരിക്കുന്നത്.

PARIS 2024

**ഇനി 04 നാൾ**

## പാരീസ് സംഘത്തിന് ക്രിക്കറ്റ് ബോർഡ് വക 8.5 കോടി

മുംബൈ: പാരീസ് ഒളിംപിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ കായിക താരങ്ങൾക്ക് വലിയ സഹായവുമായി ഇന്ത്യൻ ക്രിക്കറ്റ് ബോർഡ്. താരങ്ങൾക്ക് എട്ടര കോടിയുടെ സഹായം നൽകുമെന്ന് ക്രിക്കറ്റ് ബോർഡ് സെക്രട്ടറി ജയ് ഷാ ഇന്ത്യൻ ഒളിംപിക് അസോസിയേഷനെ അറിയിച്ചു. എക്സിലുടെയാണ് ജയ് ഷാ ഇക്കാര്യം വ്യക്തമാക്കിയത്. ഒളിംപിക്സ് വലിയ വേദിയാണ്. അവിടെ രാജ്യത്തെ പ്രതിനിധാനം ചെയ്യുന്ന കായിക താരങ്ങൾക്ക് എല്ലാ പിന്തുണയും നൽകുന്നു. പാരീസിൽ മെച്ചപ്പെട്ട പ്രകടനം നടത്താൻ എല്ലാവർക്കുമാവട്ടെയെന്നും അദ്ദേഹം ആശംസിച്ചു. 117 അംഗ സംഘമാണ് ഇത്തവണ ഒളിംപിക്സിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്. സപ്പോർട്ടിംഗ് സ്റ്റാഫിൽ 140 പേരും. ആകെ 257 പേർ. ക്രിക്കറ്റ് ബോർഡ് നൽകിയ പിന്തുണക്ക് ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രസിഡണ്ട് പി.ടി ഉഷ നന്ദി പ്രകാശിപ്പിച്ചു.

## മറക്കാനാവാത്ത റിയോ ഫൈനൽ

■ കമാൽ വരദൂർ

**റിയോ ഒളിംപിക്സിൽ ഇന്ത്യക്ക് ആകെ ലഭിച്ചത് രണ്ട് മെഡലുകളായിരുന്നു**



കോഴിക്കോട്: ഓർമയിൽ ഇപ്പോഴും ആ നിമിഷമുണ്ട്.... 2016 ലെ റിയോ ഒളിംപിക്സ്. മെഡലുകളൊന്നുമില്ലാതെ ഇന്ത്യ തല താഴ്ത്തി നിൽക്കുന്ന സമയം. ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ പി.വി സിന്ധു ഫൈനൽ ബെർത്ത് നേടുന്നു. ആദ്യ മൽസരം മുതൽ സിന്ധുവിനെ പിന്തുടർന്നതിനാൽ പുലേലു ഗോപിചന്ദിന്റെ ശിഷ്യ ഒരു മെഡൽ നേടുമെന്ന പ്രതീക്ഷ സജീവമായുണ്ടായിരുന്നു. അവസാനം സെമിയും ജയിച്ച് സിന്ധു ഫൈനലിൽ എത്തിയപ്പോൾ റിയോയിലെ ബാഡ്മിന്റൺ കോംപ്ലക്സിൽ വലിയ പ്രതീക്ഷകളോടെ ഫൈനൽ. മനസ് പറഞ്ഞു- ജയിക്കും. നമ്മുടെ ദേശീയ പതാക ഉയരും. ജനഗണമന ഈ വേദി കേൾക്കും. ഇനി അഥവാ തോറ്റാലും പ്രശ്നമില്ല-വെള്ളി മെഡൽ കിട്ടുമല്ലോ.... ഇന്ത്യൻ ബാഡ്മിന്റണിലെ ആദ്യ ഒളിംപിക് മെഡൽ നേട്ടത്തിന് നാല് വർഷം മുമ്പ് ലണ്ടനിൽ സാക്ഷിയായിരുന്നു. ആ ദിവസവും മറക്കാവതല്ല. കെ.ടി ഇർഫാൻ എന്ന ഇന്ത്യയുടെ മലപ്പുറത്തുകാരനായ 20 കിലോമീറ്റർ നടത്തക്കാരൻ ബക്കിംഹ്ഹാം പാലസിന് ചുറ്റും നടന്ന് ചരിത്രമിട്ട വൈകുന്നേരം. അന്ന് രാവിലെയായിരുന്നു സൈന നെഹ്‌വാൾ ലണ്ടൻ ഒളിംപിക്സിൽ വെങ്കലം സ്വന്തമാക്കിയത്. ആ മൽസരം കഴിഞ്ഞ് ബക്കിംഗ്ഹാം പാലസിന് സമീപത്തെ നടത്ത മൽസര വേദിയിലെത്തിയപ്പോഴായിരുന്നു ഇർഫാൻ പത്തം സ്ഥാനവുമായി ചരിത്രമെഴുതിയത്. ലണ്ടനിലെ മികവ് റിയോയിൽ ആവർത്തിക്കാൻ സൈനക്കായിരുന്നില്ല. പക്ഷേ സിന്ധു അപാര മികവിലായിരുന്നു. ഓഗസ്റ്റ് 19 എന്ന ദിവസം ഇപ്പോഴും ഓർക്കുന്നു. ഇന്ത്യയിൽ നിന്നുള്ള അൽപ്പം മാധ്യമ പ്രവർത്തകർ. വി.വി.ഐ.പി ബോക്സിൽ രാജ്യാന്തര ഒളിംപിക് കമ്മിറ്റി അംഗമായ നിത അംബാനി. പുസർല വെങ്കട്ട സിന്ധുവിന്റെ മുഖത്ത് നോക്കുമ്പോൾ സമ്മർദ്ദം പ്രകടമായിരുന്നു. ഒളിംപിക്സ് എന്ന മഹാവേദിയുടെ ഫൈനലാണ്. മറുഭാഗത്ത് ചിരകാല പ്രതിയോഗി സ്പെയിനിന്റെ കരോലിന മാരിൻ. റിയോയിലെ ആദ്യ മൽസരത്തിൽ ഹംഗറിക്കാരി ലൗറ സരോസിയെ നേരിടുമ്പോൾ സിന്ധു കൂളായിരുന്നു. കാനഡയിൽ നിന്നുള്ള ശക്തയായ പ്രതിയോഗി മിഷലേ ലീയെയും വേഗത്തിൽ തോൽപ്പിച്ച മൽസരം നേരിൽ കണ്ടിരുന്നു. അന്നും കൂൾ. പ്രിക്വാർട്ടർ ഫൈനലിൽ ചൈനീസ് തായ്പെയുടെ തായ് യു സിംഗായിരുന്നു. ആ മൽസരത്തിൽ കണ്ട സിന്ധുവും ശാന്തയായിരുന്നു. ക്വാർട്ടറിൽ വാംഗ് ഹിയാനെ മറികടന്നപ്പോഴും സെമി വെല്ലുവിളിയാവുമെന്ന് കരുതിയിരുന്നു. കാരണം പ്രതിയോഗി അന്നത്തെ രണ്ടാം സീഡ് നോസോമി ഓകഹുര. ആ മൽസരത്തിന് മുമ്പ് പരിശീലന വേളയിൽ ഗോപിചന്ദുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞിരുന്നു നിലവിലെ ഫോമിൽ സിന്ധു ജയിക്കുമെന്ന്. ജപ്പാൻ പ്രതിയോഗിയെയും ഇന്ത്യൻ താരം തോൽപ്പിച്ചതിന് ശേഷമാണ് ഫൈനൽ. പക്ഷേ അന്ന് കണ്ട സിന്ധുവിന്റെ മുഖത്ത് ടെൻഷൻ മാത്രം. മൽസരത്തിന് മുമ്പ് നടന്ന വാംഅപ്പിൽ കരോലിനയാവട്ടെ ഞാൻ ഇത് എത്ര കണ്ടിരിക്കുന്ന എന്ന മട്ടിൽ. രണ്ട് തവണ ലോകപ്പട്ടം സ്വന്തമാക്കിയ സ്പെയിനുകാരി ആ നാളുകളിൽ ലോക റാങ്കിംഗിൽ ഒന്നാം സ്ഥാനത്തുമായിരുന്നു. മുഖത്ത് കണ്ടിരുന്ന ടെൻഷൻ പക്ഷേ തുടക്കത്തിൽ കാണാതിരുന്നപ്പോൾ ഞങ്ങൾക്കെല്ലാം ആത്മവിശ്വാസമായി. ലോംഗ് റാലികളോടെ 21-19 എന്ന നിലയിൽ ആദ്യ ഗെയിം സിന്ധുവിന്. പക്ഷേ രണ്ടാം ഗെയിമിൽ കണ്ടത് കരുത്തുള്ള കരോലിനയെ. സിന്ധു ചിത്രത്തിൽ നിന്നും മാഞ്ഞു. 12-21 ന് ഗെയിം ലോക ഒന്നാം നമ്പർ താരത്തിന്. അവസാന ഗെയിം നിർണായകമായിരുന്നു. പക്ഷേ അവിടെയാണ് സിന്ധുവിലെ ടെൻഷൻ പൂർണമായും കണ്ടത്. സ്വർണത്തിലേക്കുള്ള മോഹത്തിലും ദൂരത്തിലും പലപ്പോഴും ഹൈദരാബാദുകാരിക്ക് പിഴച്ചപ്പോൾ 15-21 എന്ന സ്കോറിന് കരോലിന ഗെയിമും മൽസരവും സ്വന്തമാക്കി. ആ സങ്കടം ചെറുതായിരുന്നില്ല. പക്ഷേ വെള്ളിയുടെ സന്തോഷത്തിൽ കൈവശം കരുതിയിരുന്ന ദേശീയ പതാക ഉയർത്തി ഞങ്ങളെല്ലാം മിക്സഡ് സോണിലെത്തി. അവിടെ സിന്ധുവും ഗോപിയും. കുറെ സംസാരിച്ചു. ജീവിതത്തിലെ വലിയ മുഹൂർത്തത്തിൽ പതറി എന്ന സത്യത്തിലും ഒളിംപിക്സ് വെള്ളിയെന്ന ആഹ്ലാദം ഇരുവരും മറച്ചുവെച്ചില്ല. ആ നേട്ടത്തിന് ശേഷം ടോക്കിയോ ഒളിംപിക്സിലും സിന്ധു മികവ് ആവർത്തിച്ച് വെങ്കല മെഡൽ നേടി. ഇന്ന് സിന്ധു പാരീസിലേക്ക് തിരിക്കുകയാണ്... ഒളിംപിക് മെഡലിൽ ഹാട്രിക്ക് സ്വന്തമാക്കാൻ.

*2016 ൽ ബ്രസീൽ നഗരമായ റിയോയിൽ നടന്ന ഒളിംപിക്സിൽ ബാഡ്മിന്റൺ സിംഗിൾസിൽ സ്വന്തമാക്കിയ വെള്ളിയുമായി പി.വി സിന്ധു (ഫയൽ)*



### മെഡലടിക്കാൻ....

*സമീപകാല രാജ്യാന്തര ബാഡ്മിന്റൺ ഡബിൾസിൽ മിന്നും പ്രകടനം നടത്തിയവരാണ് ഈ രണ്ട് പേർ. സ്വാതിക് സായ്‌രാജ് രങ്കിറെഡ്ഡിയും ചിരാഗ് ഷെട്ടിയും. 23-കാരനായ സ്വാതികും 27-കാരനായ ചിരാഗും തോമസ് കപ്പിൽ സ്വർണം സ്വന്തമാക്കിയവരാണ്. കോമൺവെൽത്ത് ഗെയിംസിൽ സ്വർണം സ്വന്തമാക്കിയവരാണ്. പാരീസിൽ അവർ മൂന്നാം സീഡാണ്. ഗ്രൂപ്പ് സി-യിലാണ് ഇന്ത്യൻ സഖ്യം. ഇവിടെ കാര്യമായ വെല്ലുവിളി ഇന്തോനേഷ്യൻ ജോഡിയായ ഫജർ അൽഫിയാൻ-മുഹമ്മദ് റിയാൻ അരിദിയാനോ സഖ്യമാണ്. ലോക റാങ്കിംഗിൽ ആറാം സീഡാണ് ഇവർ. പോയ വർഷം ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ ജോഡിക്ക് പിന്നെ നേരിടാനുള്ളത് ജർമനിയിൽ നിന്നുള്ള മാർക് ലാംഫുസ്-മർവിൻ സൈദൽ സഖ്യത്തെയാണ്. ലോക റാങ്കിംഗിൽ ഇവർ 31-മതാണ്. ഗ്രൂപ്പിലെ അവസാന മൽസരത്തിലെ പ്രതിയോഗികൾ റാങ്കിംഗിൽ 43 ലുള്ള ആതിഥേയ സഖ്യമാണ്. ലുകാസ് കോർവി-റോനാൻ ലേബർ സഖ്യം.*

## ഹർമനും റിച്ചാഘോഷും മിന്നി, യു.എ.ഇയെ തകർത്ത് ഇന്ത്യ

ധാംബൂല: ഏഷ്യാകപ്പ് വനിതാ ക്രിക്കറ്റിലെ രണ്ടാം മൽസരത്തിലും ഇന്ത്യക്ക് അനായാസ വിജയം. 78 റൺസിന് യു.എ.ഇയിൽ നിന്നുമുള്ള വനിതകളെ വീഴ്ത്തിയാണ് ഹർമൻപ്രീതും സംഘവും രണ്ടാം റൗണ്ട് ഉറപ്പാക്കിയത്. ആദ്യ മൽസരത്തിൽ പാക്കിസ്താനെ തരിപ്പണമാക്കിയ ഇന്ത്യ ഇന്നലെ ആദ്യം ബാറ്റ് ചെയ്ത് അഞ്ച് വിക്കറ്റിന് 201 റൺസ് നേടിയപ്പോൾ യു.എ.ഇക്കാർ 123 റൺസാണ് സ്വന്തമാക്കിയത്. നായിക ഹർമൻപ്രീത് കൗറാണ് ഇന്ത്യൻ ഇന്നിംഗ്സിലെ ടോപ് സ്കോറർ. 47 പന്തിൽ 66 റൺസ് നേടിയ നായികക്ക് ഗംഭീര പിന്തുണ നൽകിയത് റിച്ചാ ഘോഷ്. മിന്നും പ്രകടനത്തിൽ റിച്ച 29 പന്തിൽ 64 റൺസാണ് പുറത്താവാതെ നേടിയത്. ഇന്ത്യക്ക് നല്ല തുടക്കം കിട്ടിയിരുന്നില്ല. ഷഫാലി വർമ പതിവ് ഫോമിൽ കസറി കളിച്ച് 18 പന്തിൽ 37 റൺസ് നേടിയപ്പോൾ സ്മൃതി മന്ദാനക്ക് 13 റൺസ് മാത്രം നേടാനാണ് കഴിഞ്ഞത്. ദയാലൻ ഹേമലതയാവട്ടെ കേവലം രണ്ട് റണ്ണിന് പുറത്താവുകയും ചെയ്ത ശേഷമാണ് ഹർമൻ എത്തിയത്. ജെമിമാ റോഡ്രിഗസ് വേഗം പുറത്തായെങ്കിലും റിച്ച വന്ന് തകർക്കുകയായിരുന്നു. ജെമീമ പുറത്താവുമ്പോൾ സ്കോർ 106 റൺസ് മാത്രമായിരുന്നു. പിന്നീട് ഹർമനും റിച്ചയും ചേർന്നാണ് മിന്നിക്കത്തിയത്. യു.എ.ഇയുടെ മറുപടിയിൽ നായിക ഇഷ ഒസ 36 പന്തിൽ 38 റൺസ് നേടി വെല്ലുവിളി ഉയർത്തി. എന്നാൽ കാര്യമായ പിന്തുണ കിട്ടിയില്ല. മധ്യനിരയിൽ കാവിഷ ഇഗോഡോഗെ 32 പന്തിൽ 40 റൺസ് നേടി. രണ്ടാം മൽസരത്തിലും ഇന്ത്യൻ സംഘത്തിലെ മലയാളികളായ ആശാ ശോഭനക്കും സജ്ന സജീവനും അവസരം കിട്ടിയില്ല.

# നിപ മരണത്തിന്റെ ഞെട്ടലിൽ ജില്ല
# അഷ്മിൽ ഡാനിഷിന് വിട



## വൈറ്റ് ഗാർഡ് പ്രവർത്തകരുടെ നേതൃത്വത്തിൽ മയ്യിത്ത് ഖബറടക്കി

പാണ്ടിക്കാട്: നിപ ബാധിച്ച് മരിച്ച ചെമ്പ്രശേരി സ്വദേശി അമ്പലപ്പറമ്പൻ അഷ്മിൽ ഡാനിഷി(14)ന്റെ മൃതദേഹം ഒടോമ്പറ്റ ജുമാ മസ്ജിദ് കബർസ്ഥാനിൽ ഇന്നലെ രാത്രി 7.45ന് ഖബറടക്കി. മുസ്‌ലിം യൂത്ത് ലീഗ് വൈറ്റ് ഗാർഡ് പ്രവർത്തകരുടെ നേതൃത്വത്തിൽ കുടുംബാംഗങ്ങളുടെയും, ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ കൃത്യമായ പ്രോട്ടോകോൾ പാലിച്ചാണ് മൃതദേഹം ഖബറടക്കിയത്. വൈറ്റ് ഗാർഡ് പ്രവർത്തകരായ നഷീത് തോട്ടുപ്പുയിൽ, ഫാറൂഖ് ഒടോമ്പറ്റ തുടങ്ങിയവർ നേതൃത്വം നൽകി.



നിപ ബാധിച്ച് മരിച്ച ചെമ്പ്രശേരി സ്വദേശി അമ്പലപ്പറമ്പൻ അഷ്മിൽ ഡാനിഷിനു വേണ്ടി ഒടോമ്പറ്റ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ മയ്യിത്ത് നമസ്കാരം നിർവഹിക്കുന്ന മുസ്‌ലിം യൂത്ത്‌ലീഗ് വൈറ്റ് ഗാർഡ് സംഘം

# പ്രതിരോധ നടപടികൾ സ്വീകരിച്ചു: മന്ത്രി വീണാ ജോർജ്

മലപ്പുറം: നിപ വൈറസ് ബാധയുമായി ബന്ധപ്പെട്ട് കേരളം യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിച്ചതായി മന്ത്രി വീണ ജോർജ് പറഞ്ഞു. നിപ വൈറസിനെ നിർമാർജനം ചെയ്യുന്നതിനായി ഗവേഷണ പ്രവർത്തനങ്ങളുമായി കേരളം മുന്നോട്ടു പോവുകയാണെന്നും മന്ത്രി പറഞ്ഞു. മലപ്പുറത്ത് മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു മന്ത്രി. 2018 ലാണ് ആദ്യമായി നിപ വ്യാപനം (ഔട്ട് ബ്രേക്ക്) സംസ്ഥാനത്തുണ്ടാവുന്നത്. പിന്നീട് 2023 ൽ മാത്രമേ വ്യാപനം ഉണ്ടായിട്ടുള്ളൂ. 2019 ലും 2021 ലും ഓരോ കേസുകൾ മാത്രമാണ് നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഉണ്ടായത്. 2023 ൽ നിപ മരണത്തെ ഒരക്ക സംഖ്യയിൽ പിടിച്ചു നിർത്താൻ കഴിഞ്ഞു. 70 ശതമാനത്തിന് മുകളിലാണ് ലോകത്ത് നിപ മരണനിരക്ക്. എന്നാൽ കേരളത്തിൽ ഇതിനെ 33 ശതമാനത്തിൽ പിടിച്ചു നിർത്താനായി.ശാസ്ത്രീയമായ അടിത്തറയിൽ നിന്നുകൊണ്ടാണ് നിപ വ്യാപനം ഉണ്ടായ പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതെന്നും മന്ത്രി പറഞ്ഞു.



മലപ്പുറത്ത് നിപ വൈറസുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന ഉദ്യോഗസ്ഥരുടെ യോഗം

### സമ്പർക്ക പട്ടികയിൽ 246 പേർ

ജില്ലയിൽ നിപ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം 246 ആയതായും ഇവരിൽ 63 പേർ ഹൈറിസ്ക് വിഭാഗത്തിലാണെന്നും മന്ത്രി വീണ ജോർജ് അറിയിച്ചു. സമ്പർക്കപട്ടികയിൽ ഉൾപ്പെട്ട, മൂന്ന് പേർ ഉൾപ്പെടെ നാല് പേരുടെ സാമ്പിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇവയുടെ ഫലം ഇന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു. പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ (എൻ.ഐ.വി) നിന്നുള്ള മൊബൈൽ പരിശോധനാ ലാബ് ഇന്ന് ജില്ലയിലെത്തും. കോഴിക്കോട് മെഡിക്കൽ കോളജിലും തോന്നയ്ക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലും നിപ പരിശോധനയ്ക്ക് സംവിധാനമുണ്ടെങ്കിലും സ്ഥിരീകരണത്തിന് എൻ.ഐ.വിയുടെ പരിശോധന ആവശ്യമാണ്. ഹൈറിസ്ക് വിഭാഗത്തിലുള്ള എല്ലാവരുടെയും സാമ്പിളുകളും പരിശോധിക്കും. ആദ്യഘട്ടത്തിൽ ലക്ഷണങ്ങളുള്ളവരുടെ സാമ്പിളുകളാണ് എടുക്കുക.

### ആനക്കയം പഞ്ചായത്തിൽ 123 പേരോട് ക്വാറന്റയിനിൽ കഴിയാൻ നിർദേശിച്ചു

ആനക്കയം: നിപ സ്ഥിരീകരിച്ച കുട്ടി പഠിച്ചിരുന്നത് ആനക്കയം ഗ്രാമപഞ്ചായത്തിലായതിനാൽ പ്രൈമറി കോൺടാക്റ്റുള്ള 123 പേരോടും അവരുമായി സെക്കന്ററി കോൺടാക്റ്റ് ഉള്ളവരോടും ക്വാറന്റയിനിൽ ഇരിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. പന്തല്ലൂർ സ്കൂളിന്റെ പരിസരം കേന്ദ്രീകരിച്ച് പ്രൈമറി, സെക്കന്ററി കോൺടാക്റ്റുകൾ കൂടുതലുണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള മോണിറ്ററിങ് ശക്തിപ്പെടുത്താനും നിപ പ്രധിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ചേർന്ന ആനക്കയം ഗ്രാമപഞ്ചായത്ത്തല കോർ കമ്മിറ്റി യോഗം തീരുമാനിച്ചു. ക്വാറന്റയിൻ ഇരിക്കുന്ന കുടുംബത്തെ മാനസികമായും മറ്റു നിലക്കും പിന്തുണക്കാനും ആവശ്യമാണെങ്കിൽ ഭക്ഷണം തുടങ്ങിയവ എത്തിക്കാനും യോഗം തീരുമാനിച്ചു. പനി,ചുമ,ഛർദ്ദി, ശ്വാസ തടസ്സം തുടങ്ങിയ രോഗ ലക്ഷണങ്ങളോടു കൂടിയ വ്യക്തികളെ കലക്ടറേറ്റിലെ കോൾ സെന്ററിൽ വിളിച്ച ശേഷം അധികൃതരുടെ നിർദേശം അനുസരിച്ച് മാത്രം ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്യേണ്ടതാണെന്നും അറിയിച്ചു. ഹൗസ് സർവേ വിജയിപ്പിക്കുന്നതിന് ഇന്ന് രാവിലെ 10 മണിക്ക് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുവാനും കോ-ഓഡിനേഷൻ ടീം രൂപീകരിക്കാനും തീരുമാനിച്ചു. യോഗത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജീവനക്കാർ, മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ജെ.എച്ച്.ഐമാർ, ഡെപ്യൂട്ടി ഡി.എം.ഒയുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം എന്നിവർ പങ്കെടുത്തു. രോഗത്തിന്റ ഗൗരവത്തേയും പ്രതിരോധ പ്രവർത്തനങ്ങളുടെ ആവശ്യകതയേയും മെഡിക്കൽ ടീം വിശദീകരിച്ചു.

## പേടിക്കാനില്ല ഏഴുപേരുടെ പരിശോധനാ ഫലം നെഗറ്റീവ്; 330 പേർ നിരീക്ഷണത്തിൽ

മലപ്പുറം: നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തു വന്ന ഏഴുപേരുടെ സ്രവ പരിശോധനാ ഫലം നെഗറ്റീവ് ആണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇന്നലെ വൈകീട്ട് ചേർന്ന നിപ അവലോകന യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അവർ. രോഗം ബാധിച്ച് മരണപ്പെട്ട 14 കാരന്റെ കൂട്ടുകാരായ ആറു പേരുടെയും 68 കാരനായ മറ്റൊരു വ്യക്തിയുടെയും സ്രവ പരിശോധനാ ഫലമാണ് പുറത്തു വന്നത്. കൂട്ടുകാരായ ആറു പേരും കുട്ടിയുമായി നേരിട്ട് സമ്പർക്കം ഉള്ളവരായിരുന്നു. 68 കാരനായ വ്യക്തിക്ക് നേരിട്ട് സമ്പർക്കമില്ലെങ്കിലും പനിയുള്ള സാഹചര്യത്തിൽ സാമ്പിൾ പരിശോധിക്കുകയായിരുന്നു. ഓരോരുത്തരുടെയും മൂന്നു സാമ്പിൾ വീതമാണ് പരിശോധനയ്ക്ക് അയച്ചിരുന്നത്.

നിലവിൽ സമ്പർക്ക പട്ടികയിൽ 330 പേരാണുള്ളത്. ഇതിൽ 68 പേർ ആരോഗ്യ പ്രവർത്തകരാണ്. 101 പേരാണ് ഹൈറിസ്ക് കാറ്റഗറിയിലുള്ളത്. ഏഴു പേർ ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സയിലാണ്. ആറു പേർ മഞ്ചേരി മെഡിക്കൽ കോളജിലും ഒരാൾ കോഴിക്കോട് മെഡിക്കൽ കോളജിലുമാണ് ചികിത്സയിലുള്ളത്. മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിലെ ആർക്കും രോഗലക്ഷണങ്ങൾ ഇല്ല. രോഗം ബാധിച്ച് മരണപ്പെട്ട കുട്ടിയുടെ ഖബറടക്കം പ്രോട്ടോകോൾ പാലിച്ച് നടത്തി. സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ പേരുടെയും സ്രവം എടുത്തു പരിശോധിച്ച് രോഗമില്ലെന്ന് ഉറപ്പാക്കും.

രോഗലക്ഷണങ്ങൾ ഉള്ളവരുടെ സാമ്പിളുകളാണ് ആദ്യം പരിശോധിക്കുക. സമ്പർക്ക പട്ടികയിൽ നിന്നും ആരും വിട്ടുപോയിട്ടില്ലെന്ന കാര്യം വീണ്ടും പരിശോധിച്ച് ഉറപ്പാക്കും. രോഗം ബാധിച്ച് മരണപ്പെട്ട കുട്ടിയുടെ കൂടുതൽ വിവരങ്ങളടങ്ങിയതും കൂടുതൽ വ്യക്തതയുമുള്ള റൂട്ട് മാപ്പ് പുറത്തിറക്കും. ഈ റൂട്ട് മാപ്പ് പരിശോധിച്ച ശേഷം സമ്പർക്ക പട്ടികയിൽ ഉൾപ്പെടാൻ സാധ്യതയുള്ളവർ കൺട്രോൾ റൂമിൽ അറിയിക്കണം. സമ്പർക്കപട്ടികയിൽ ഉൾപ്പെടേണ്ട ആരെയും വിട്ടുപോയിട്ടില്ല എന്നുറപ്പാക്കുന്നതിനായി കുട്ടി ചികിത്സയിലിരുന്ന ആശുപത്രികളിലെ സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ചിട്ടുണ്ട്.

രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫീൽഡ് തലത്തിൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ 307 വീടുകളിൽ ഇന്നലെ ഉച്ചയ്ക്ക് ശേഷം സർവേ നടത്തിയതിൽ 18 പനിക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആനക്കയത്ത് 310 വീടുകളിൽ സർവേയിൽ 10 പനിക്കേസുകളും റിപ്പോർട്ട് ചെയ്തു. ഇവരാരും സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടവരല്ല. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നതിനും ഐസൊലേഷനിൽ കഴിയുന്നവർക്ക് പിന്തുണ ഉറപ്പാക്കുന്നതിനുമായി പാണ്ടിക്കാട്, ആനക്കയം, പോരൂർ, കീഴാറ്റൂർ, തുവ്വൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും പെരിന്തൽമണ്ണ, മഞ്ചേരി നഗരസഭാ അധ്യക്ഷരുടെയും യോഗം ഓൺലൈനായി ചേർന്നു. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, സ്വകാര്യ ആശുപത്രി മാനേജ്മെന്റ് എന്നിവരുടെ യോഗം ചേർന്ന് നിപ പ്രതിരോധനത്തിൽ ഇവരുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.

ഐസൊലേഷൻ കഴിയുന്നവരുടെ വീടുകളിൽ ഭക്ഷണം എത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. ഇവരുടെ വളർത്തു മൃഗങ്ങൾക്കും ഭക്ഷണം ലഭിക്കുന്നു എന്ന് ഉറപ്പാക്കി. സ്രവ പരിശോധനയ്ക്കായി പൂനൈ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള മൊബൈൽ ലാബ് നാളെ എത്തും. കോഴിക്കോട് മെഡിക്കൽ കോളജിലെ മൈക്രോബയോളജി ലാബിന്റെ സഹകരണത്തോടെ ഈ ലാബ് പ്രവർത്തിക്കുമെന്നും മന്ത്രി അറിയിച്ചു.

### പനി ക്ലിനിക്കുകൾ തുടങ്ങും

നിപ സ്ഥിരീകരിച്ച പഞ്ചായത്തിനു സമീപമുള്ള വണ്ടൂർ, നിലമ്പൂർ, കരുവാരക്കുണ്ട് എന്നിവിടങ്ങളിൽ പ്രത്യേക പനി ക്ലിനിക്കുകൾ തുടങ്ങാൻ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി അറിയിച്ചു. നിലവിൽ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ച പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്തുകളിൽ വീടുവീടാന്തരം കയറി സർവേ നടത്തും. പാണ്ടിക്കാട് 16,711 വീടുകളും ആനക്കയത്ത് 16,248 വീടുകളുമാണ് ഉള്ളത്. ആരോഗ്യ, തദ്ദേശ സ്വയംഭരണ, മൃഗസംരക്ഷണ വകുപ്പുകളിലെ ഉദ്യോഗസ്ഥരും വളന്റിയർമാരും ഉൾപ്പെടുന്ന സംഘമാണ് സർവേ നടത്തുക. റൂട്ട് മാപ്പ് പ്രസിദ്ധീകരിച്ചതിനെ തുടർന്ന് നിരവധി കോളുകൾ കൺട്രോൾ റൂമിലേക്ക് ലഭിച്ചിട്ടുണ്ട്. സമ്പർക്കത്തിലുള്ള ഒരാളും വിട്ടുപോകാതിരിക്കാനായി മരണപ്പെട്ട കുട്ടി ആദ്യം ചികിത്സ തേടിയിരുന്ന പാണ്ടിക്കാട്, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ സി.സി.ടിവി ദൃശ്യങ്ങളും പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.

### അവലോകന യോഗങ്ങൾ ചേർന്നു

ജില്ലയിൽ നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി രണ്ടാമത്തെ ദിവസമായ ഇന്ന് രാവിലെ 9 മണിക്ക് തന്നെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ അധ്യക്ഷതയിൽ സർക്കാർ അതിഥി മന്ദിരത്തിൽ അവലോകന യോഗം ചേർന്നു. ജില്ലാ കലക്ടർ വി.ആർ വിനോദ്, ജില്ലാ പൊലീസ് മേധാവി എസ്. ശശിധരൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന ഉൾപ്പെടെ ആരോഗ്യ വകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഉദ്യോഗസ്ഥർ, ടാസ്ക് ഫോഴ്സ് ചുമതലയുള്ള ഉദ്യോഗസ്ഥർ, റവന്യൂ- ദുരന്ത നിവാരണ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ഇന്ന് വൈകീട്ട് 5 ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വീണ്ടും യോഗം ചേരും. നിപ സ്ഥിരീകരിച്ച പാണ്ടിക്കാടിന് ചുറ്റുമുള്ള തദ്ദേശ സ്ഥാപന അധ്യക്ഷർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വളന്റിയർമാർ തുടങ്ങിയവരുടെ ഓൺലൈൻ യോഗവും മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. നിരീക്ഷണത്തിലിരിക്കുന്നവരുടെ വീടുകളിൽ ഭക്ഷണം, മരുന്ന് ഉൾപ്പെടെയുള്ളവ എത്തിക്കുന്നതിന് സന്നദ്ധ പ്രവർത്തകരുടെ സേവനം ഉറപ്പാക്കാൻ മന്ത്രി നിർദേശം നൽകി. പാണ്ടിക്കാട്, ആനക്കയം, പോരൂർ, കീഴാറ്റൂർ, തുവ്വൂർ ഗ്രാമപഞ്ചായത്തുകൾ, മഞ്ചേരി, പെരിന്തൽമണ്ണ നഗരസഭകൾ എന്നിവിടങ്ങളിലെ അധ്യക്ഷരും ഉദ്യോഗസ്ഥരുമാണ് യോഗത്തിൽ പങ്കെടുത്തത്. ഇന്ന് ഉച്ചയ്ക്കു ശേഷം ജില്ലയിലെ സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളുടെയും ഐ.എം.എ പ്രതിനിധികളുടെയും ഓൺലൈൻ യോഗവും വിളിച്ചു ചേർത്തിട്ടുണ്ട്.

### പ്ലസ് വൺ അലോട്ട്മെന്റ് പ്രോട്ടോകോൾ പാലിച്ച്

ഇന്ന് പ്ലസ് വൺ അലോട്ട്മെന്റ് നിപ പ്രോട്ടോകോൾ കർശനമായി പാലിച്ചു കൊണ്ടേ നടത്താവൂ എന്ന് മന്ത്രി നിർദേശിച്ചു. ആനക്കയം, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തുകളിലായി മൂന്നു ഹയർസെക്കന്ററി സ്കൂളുകളാണുള്ളത്. കൃത്യമായ സാമൂഹ്യ അകലം പാലിച്ചും സാനിറ്റൈസർ, എൻ 95 മാസ്ക് എന്നിവ ധരിച്ചു കൊണ്ടുമാണ് കുട്ടികളും രക്ഷിതാക്കളും അലോട്ട്മെന്റിന് എത്തേണ്ടത്. ആൾക്കൂട്ടം ഉണ്ടാവാത്ത രൂപത്തിൽ അലോട്ട്മെന്റ് ക്രമീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. സമ്പർക്ക പട്ടികയിലുള്ള ആരെങ്കിലും അലോട്ട്മെന്റിന് ഹാജരാവുന്നെങ്കിൽ അക്കാര്യം അവരുടെ ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാരെ അറിയിക്കണം. ഇവർ പൊതുവാഹനങ്ങൾ ഉപയോഗിക്കാതെ സ്വകാര്യ വാഹനത്തിലാണ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ എത്തേണ്ടത്. അവരുടെ അലോട്ട്മെന്റ് നടപടികൾ വേഗത്തിൽ പൂർത്തിയാക്കി വിടണമെന്നും മന്ത്രി നിർദേശിച്ചു. ജില്ലയിൽ എല്ലായിടത്തും പ്ലസ് വൺ അലോട്ട്മെന്റുകൾ സാമൂഹ്യ അകലം പാലിച്ചും മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിച്ചുമുള്ള നിപ പ്രോട്ടോകോൾ പാലിച്ചു മാത്രമേ നടത്താവൂ. ഇത് നടപ്പാക്കുന്നതിനായി പൊലീസിന്റെ സഹായം ഉറപ്പു വരുത്തിയിട്ടുണ്ട്. ഇക്കാര്യം വിദ്യാഭ്യാസ മന്ത്രിയുമായി സംസാരിച്ചതായും ആരോഗ്യ മന്ത്രി പറഞ്ഞു.

## മെഡിക്കൽ കോളജിൽ ആറു പേർ നിരീക്ഷണത്തിൽ
### മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ സന്ദർശകർക്ക് നിയന്ത്രണം

മഞ്ചേരി: നിപ്പ രോഗവുമായി ബന്ധപ്പെട്ട് മഞ്ചേരി ഗവ.മെഡിക്കൽ കോളജ് ഐസുലേഷൻ വാർഡിൽ നിരീക്ഷണത്തിലുള്ള 6 പേരിൽ 4 പേരുടെ സാമ്പിൾ പരിശോധന നെഗറ്റീവ്. ഒരാളുടെ ഫലം വരാനുണ്ട്. മറ്റൊരാളുടെ ഫലം നേരത്തെ നെഗറ്റീവ് ആയിരുന്നു. മരണപ്പെട്ട പാണ്ടിക്കാട് ചെമ്പ്രശ്ശേരി സ്വദേശി ഷാമിൽ ഡാനിഷുമായി സമ്പർക്കമുള്ളവരാണ് മെഡിക്കൽ കോളജ് ഐസുലേഷൻ വാർഡിലുള്ളത്. അതിനുള്ള നിപ വ്യാപനവുമായി ബന്ധപ്പെട്ട് മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തി. പേവാർഡ് ഐസുലേഷൻ വാർഡാക്കി മാറ്റിയതോടെയാണ് നിയന്ത്രണത്തിന് തീരുമാനമായത്. നിലവിൽ സന്ദർശന സമയമായ ഉച്ചക്ക് 2 മുതൽ 6 വരെ നിപയുമായി ബന്ധപ്പെട്ട നിയന്ത്രണം തീരുംവരെ സന്ദർശകരെ അനുവദിക്കില്ലെന്ന് സൂപ്രണ്ട് ഡോ.ഷീനാലാൽ അറിയിച്ചു. പേവാർഡ് കെട്ടിടത്തിലെ രണ്ടു നിലകളിലായി 30 മുറികൾ ഐസുലേഷൻ വാർഡാക്കി സജ്ജീകരിച്ചിട്ടുണ്ട്.

ഐ.സി.യുവിൽ പ്രവേശിപ്പിക്കേണ്ട രോഗികളെ കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് റഫർ ചെയ്യും. ആശുപത്രിയിൽ പ്രത്യേക പനി ക്ലിനിക്ക് തുടങ്ങിയിട്ടുണ്ട്. ഒ.പിയിലെത്തുന്ന രോഗികൾക്കൊപ്പം ഒരാളെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളൂ. അഡ്മിറ്റ് ചെയ്യുന്ന രോഗികൾക്കൊപ്പം ഒരാളെ മാത്രമേ നിൽക്കാൻ അനുവദിക്കൂ. രോഗിയോടൊപ്പം നിൽക്കുന്നവരെ മാറാൻ അനുവദിക്കില്ല. നിൽക്കുന്നയാൾ ആശുപത്രി വിടുന്നതുവരെ രോഗിക്കൊപ്പം ഉണ്ടാവണം. ആളെ പകരം മാറ്റാൻ അനുവദിക്കില്ല. ഒ.പിയിലെ തിരക്ക് ഒഴിവാക്കാൻ കോവിഡ് കാലത്തെ പോലെ നിയന്ത്രണം കൊണ്ടുവരാനും നീക്കമുണ്ട്.

## ഉറവിടം കണ്ടെത്താനാകാതെ ഇരുട്ടിൽ തപ്പി ആരോഗ്യ വകുപ്പ്

മഞ്ചേരി: നിപ ബാധിച്ചുമരിച്ച 14 വയസ്സുകാരൻ ഷാമിൽ ഡാനിഷിന് എവിടെ നിന്നാണ് രോഗം ബാധിച്ചത് എന്നതിന് ഒരു സൂചന പോലും ആരോഗ്യ വകുപ്പിന് ഇതുവരെ കണ്ടെത്താനായിട്ടില്ല. ഉറവിടം കണ്ടെത്താനായി വിദഗ്ധ സംഘത്തെയും നിയമിച്ചിട്ടില്ല. ആകെയുള്ളത് മരിച്ച വിദ്യാർഥിയുടെ കൂട്ടുകാരുടെ അടുത്തുനിന്നും വിവരം ശേഖരിക്കുക മാത്രമാണ് ചെയ്തത്. അവരിൽ നിന്നും ലഭിച്ച വിവരങ്ങൾ അപൂർണവുമാണ്. കുട്ടി പനിയായത് കാരണം ഒരാഴ്ചയായി സ്കൂളിലെത്തിയിട്ടില്ല. പന്തല്ലൂർ സ്കൂളിലാണ് കുട്ടി പഠിക്കുന്നത്. ഇവിടെയുള്ള അധ്യാപകർക്ക് ഒരു നിർദേശവും അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. സ്കൂളിലെ വിദ്യാർഥികളിൽ മരിച്ച കുട്ടിയുമായി സമ്പർക്കമുണ്ടായവരേയോ അധ്യാപകരേയോ നിരീക്ഷണ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. കൂടാതെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് പഞ്ചായത്ത് അടിസ്ഥാനത്തിലാക്കിയത് ശാസ്ത്രീയമല്ലെന്ന ആരോപണവുമുണ്ട്. പന്തല്ലൂർ സ്കൂളിൽ മരിച്ച വിദ്യാർഥി പഠിക്കുന്നുവെന്ന കാരണത്താലാണ് ആനക്കയം പഞ്ചായത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയത്. പന്തല്ലൂരിൽ നിന്നും 8 കിലോമീറ്റർ ദൂരമുണ്ട് ഇരുമ്പുഴിയിലേക്ക്. 12 കിലോമീറ്റർ ദൂരമുണ്ട് പാപ്പിനിപ്പാറയിലേക്ക്. രണ്ടു പ്രദേശങ്ങളും ആനക്കയം പഞ്ചായത്തിലാണ്. ഇതിൽ പാപ്പിനിപ്പാറ മഞ്ചേരിയോടടുത്ത പ്രദേശവുമാണ്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള നിയന്ത്രണം കാരണം ഇവിടെയെല്ലാം വ്യാപാര സ്ഥാപനങ്ങൾ അടച്ചിടണം. കൂടാതെ ഏത് തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാതെയാണ് കലക്ടർ ഉത്തരവിറക്കിയത്.




നിപ ഐസുലേഷൻ വാർഡാക്കിയ മഞ്ചേരി മെഡിക്കൽ കോളജ് പേവാർഡ്

## മാധ്യമ പ്രവർത്തകർക്ക് വിലക്ക്

മഞ്ചേരി: ജില്ലയിൽ നിപ രോഗം സ്ഥിരീകരിച്ചതോടെ ആനക്കയം, പാണ്ടിക്കാട് പഞ്ചായത്തുകളിലും ജില്ലയിൽ പൊതുവേയുമുള്ള നിയന്ത്രണങ്ങൾ വിശദീകരിച്ച് മലപ്പുറം ജില്ലാ കലക്ടർ പുറപ്പെടുവിച്ച ഉത്തരവ് ജനാധിപത്യ വിരുദ്ധമെന്ന് ആക്ഷേപം. മാധ്യമ പ്രവർത്തകർക്ക് പാണ്ടിക്കാട്, ആനക്കയം പഞ്ചായത്തുകളിൽ ഫോട്ടോയും വീഡിയോയും എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. കോവിഡ് കാലത്ത് ഇത്തരത്തിൽ വിവാദ ഉത്തരവ് ഉണ്ടായിരുന്നു. എന്നാൽ പ്രതിഷേധം ഉണ്ടായതോടെ അത് പിൻവലിച്ചു. നിയന്ത്രണങ്ങൾ പ്രഖ്യാപിക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും വിശ്വാസത്തിലെടുക്കാൻ ജില്ലാ ഭരണകൂടം തയ്യാറാകാത്തതിന്റെ ഫലമാണ് ഇത്തരത്തിൽ ജനാധിപത്യവിരുദ്ധ തീരുമാനങ്ങൾക്ക് കാരണമെന്നാണ് ആരോപണം. സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാറിൽ ജില്ലയിൽ പകർച്ചവ്യാധികൾ തടയുന്നതിൽ ആരോഗ്യ വകുപ്പ് പൂർണ പരാജയമാണ്. മുൻ വർഷങ്ങളിലെ പോലെ മാലിന്യം നീക്കം ചെയ്യൽ, ബോധവത്കരണം, രോഗ വ്യാപനം തടയുന്നതിനാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ഒന്നും ഈ വർഷം നടത്തിയിട്ടില്ല. കോളറ, മഞ്ഞപ്പിത്തം, എലിപ്പനി, ഡെങ്കി, മലേറിയ, എച്ച്1എൻ 1 തുടങ്ങിയ എല്ലാ രോഗവും ജില്ലയിൽ റിപ്പോർട്ട് ചെയ്തു. ഒട്ടേറെ മരണവും ജില്ലയിൽ റിപ്പോർട്ട് ചെയ്തു. എന്നിട്ടും കാര്യമായ പ്രതിരോധ നടപടിയുണ്ടായില്ല. മറ്റു വകുപ്പുകളെ അപേക്ഷിച്ച് ഫണ്ടിന്റെ കുറവ് ആരോഗ്യ വകുപ്പിനെ ബാധിച്ചിട്ടില്ല. കൂടാതെ എൻ.ആർ.എച്ച്.എമ്മിൽ നിന്നും ആവശ്യത്തിന് ഫണ്ട് ലഭിക്കുന്നുണ്ട്. എന്നാൽ രോഗം വന്ന് മാത്രം ചികിത്സിക്കുന്ന വകുപ്പായി ആരോഗ്യ വകുപ്പ് മാറി.



തുടർച്ചയായി നിപ റിപ്പോർട്ട് ചെയ്യപ്പെടുന്ന കോഴിക്കോട് ബയോ സേഫ്റ്റി ലെവൽ 3 സൗകര്യങ്ങളോട് കൂടിയ ആധുനിക വൈറോളജി ലാബ് പ്രാവർത്തികമാക്കുന്നതിൽ കടുത്ത അനാസ്ഥ തുടരുന്ന കേന്ദ്ര-കേരള സർക്കാറുകളുടെ സമീപനം പ്രതിഷേധാർഹമാണ്. 2018ൽ നിപ കാരണം 17 പേർ മരണപ്പെട്ടതിനെ തുടർന്ന് 2019 ജൂണിലാണ് കോഴിക്കോട്ട് വൈറോളജി ലാബ് നിർമ്മിക്കാൻ കേന്ദ്രാനുമതി ലഭിച്ചത്. 2020ൽ നിർമാണം തുടങ്ങിയെങ്കിലും ഇത് വരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കരാർ പ്രകാരം 2022 ൽ ലാബ് പ്രവർത്തന സജ്ജമാകേണ്ടതായിരുന്നു. എന്നാലിത് വർഷങ്ങൾ കഴിഞ്ഞിട്ടും സർക്കാർ അനാസ്ഥ കാരണം വഴി മുടങ്ങി നിൽക്കുകയാണ്.

–പി.കെ ഫിറോസ്

കൃഷ്ണ മരണമടഞ്ഞ സംഭവത്തിൽ ഗൗരവത്തിലുള്ള അന്വേഷണം നടത്തണം. യുവതിയുടെ കുടുംബത്തിന് തക്കതായ നഷ്ടപരിഹാരം നൽകണം. ടെസ്റ്റ് ടോസ് എടുക്കാതെയാണ് കുത്തിവെപ്പ് നൽകിയതെന്ന പരാതി ഗൗരവമുള്ളതാണ്. അതിന്മേൽ ആഴത്തിലുള്ള അന്വേഷണം വേണം. ഇനി ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരാക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കണം. ആരോഗ്യമേഖലയിൽ പൊതുവേ കാണപ്പെടുന്ന ഉദാസീനതയുടെ ഫലമാണ് ഈ സംഭവവും.

–രമേശ് ചെന്നിത്തല





### മഹാമാരി തകർത്തത് ഇന്ത്യൻ താരമെന്ന പ്രതീക്ഷ

# സ്വപ്നങ്ങളുടെ മൈതാനത്ത് പന്തുതട്ടാൻ ഇനിയവൻ വരില്ല

ഷിബിൽ മുഹമ്മദ്
പാണ്ടിക്കാട്

രാജ്യത്തിനുവേണ്ടി ബൂട്ടണിയുക എന്ന സ്വപ്നം ബാക്കിയാക്കി 14 കാരൻ അഷ്മിൽ ഡാനിഷ് യാത്രയായി. നിപ വൈറസ് ബാധിച്ച് ചികിത്സയിലിരിക്കെ ഇന്നലെ രാവിലെ 11.30 നാണ് മരണപ്പെട്ടത്.

ഫുട്ബോളായിരുന്നു അഷ്മിൽ ഡാനിഷിന് എല്ലാം. ചെറിയ പ്രായം മുതൽക്കേ ചെമ്പ്രശ്ശേരി ഈസ്റ്റ് സ്കൂൾ മൈതാനത്ത് പന്ത് തട്ടി തുടങ്ങി. സ്കൂൾ വിട്ടാൽ നേരെ ഗ്രൗണ്ടിലേക്ക്. പിന്നീട് കൂട്ടുകാർക്കൊപ്പം ഫുട്ബോൾ പരിശീലനം. വലുതാവുംതോറും അവന്റെ മനസ്സിലെ ഫുട്ബോൾ എന്ന സ്വപ്നവും വളർന്നു. മികച്ച താരമാവാനും, രാജ്യത്തിന് വേണ്ടി ബൂട്ടണിയാനും അവൻ ആഗ്രഹിച്ചു. പ്രഫഷണൽ ഫുട്ബോൾ പഠിക്കാനായി പാണ്ടിക്കാട്ടെ ഫുട്ബോൾ അക്കാദമിയായ സി.എഫ്.എയിൽ ചേർന്നു.

പന്തല്ലൂർ ഹയർ സെക്കന്ററി സ്കൂളിലെ ഫുട്ബോൾ ക്യാമ്പിലും പരിശീലനം ചെയ്യാറുണ്ടായിരുന്നു. സി.എ ഫ്.എ ഫുട്ബോൾ അക്കാദമിക്ക് വേണ്ടി നിരവധി തവണ ബൂട്ട് അണിഞ്ഞിട്ടുണ്ട്. അക്കാദമിയുടെ പ്ലെയർ ഓഫ് ദ മന്ത് ആയും തിരഞ്ഞെടുത്തിട്ടുണ്ട്. കോച്ചിങ് സമയത്തെ അവന്റെ ഒരു വീഡിയോയും സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്.

എന്നാൽ അവന്റെ സ്വപ്നങ്ങൾക്ക് നിപ വൈറസ് എന്ന മഹാമാരിക്ക് മുമ്പിൽ കീഴ്പെടേണ്ടിവന്നു. ഫുട്ബോളിനോടൊപ്പം തന്നെ പഠനത്തിലും മികവ് പുലർത്തിയിരുന്ന വിദ്യാർഥിയാണ് അഷ്മിൽ ഡാനിഷെന്ന് പന്തല്ലൂർ ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകർ പറയുന്നു.



അഷ്മിൽ ഡാനിഷ് കളിമൈതാനത്ത് (ഫയൽ)

# മരണക്കെണിയായി മാരക രോഗങ്ങൾ
# ആരോഗ്യ പ്രതിസന്ധി



നിപ ബാധിച്ചു മരിച്ച മലപ്പുറം പാണ്ടിക്കാട് സ്വദേശിയായ അഷ്മിൽ ഡാനിഷിന്റെ മൃതദേഹം സുരക്ഷാ മുൻകരുതലുകളോടെ കോഴിക്കോട് മെഡിക്കൽകോളേജിൽ നിന്ന് മോർച്ചറിയിലേക്ക് മാറ്റുന്നു സി.കെ തൻസീർ

തിരുവനന്തപുരം: നാടുകടത്തപ്പെട്ട രോഗങ്ങൾ തിരികെയെത്തി മരണക്കെണി ഒരുക്കുമ്പോൾ സമ്പൂർണ പരാജയമായി സംസ്ഥാന ആരോഗ്യവകുപ്പ്. നിപ മരണവും കോളറാ വ്യാപനവും അടക്കം കോവിഡിനു ശേഷമുള്ള ഏറ്റവും ഗുരുതരമായ ആരോഗ്യ പ്രതിസന്ധിയിലേക്കാണ് കേരളത്തെ തള്ളിവിട്ടിരിക്കുന്നത്. മലപ്പുറത്ത് നിപ വ്യാപകമാകുന്നു. തിരുവനന്തപുരത്ത് കോളറ പടർന്നു പിടിക്കുന്നു. ജാഗ്രത നിർദേശം മാത്രം നൽകി ആരോഗ്യവകുപ്പ് ഉറക്കം നടിക്കുന്നു, ഇതാണ് ഇപ്പോഴത്തെ അവസ്ഥ.

കേരളത്തിൽ സമീപ കാലത്ത് പകർച്ച വ്യാധികളുടെ വ്യാപനം ശക്തിപ്പെട്ടുവരികയാണ്. ഡങ്കി, ചിക്കുൻ ഗുനിയ, എച്ച്1 എൻ1, വയറിളക്ക രോഗങ്ങൾ, എലിപ്പനി, വെസ്റ്റ് നൈൽ, മസ്തിഷ്കജ്വരം, സ്ക്രബ് ടൈഫസ്, കരിമ്പനി, കുരങ്ങ്പനി തുടങ്ങിയ പകർച്ച വ്യാധികൾ കേരളത്തെ വിഴുങ്ങുമ്പോൾ ആരോഗ്യമന്ത്രി വീണാ ജോർജും വകുപ്പും പ്രത്യേകിച്ചൊന്നും സംഭവിക്കാത്തത് പോലെ അവലോകന യോഗങ്ങളിലും പ്രസ്താവനകളിലും ആശ്വാസം കൊള്ളുകയാണ്.

കോവിഡ്കാലം മാറ്റി നിർത്തിയാൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടെ ഇത്ര രൂക്ഷമായ ആരോഗ്യ പ്രതിസന്ധി കേരളത്തിൽ ഉണ്ടായിട്ടില്ല എന്നാണ് വിദഗ്ധർ വിലയിരുത്തുന്നത്. പ്രശസ്ത ആരോഗ്യ വിദഗ്ധൻ ഡോ.ബി. ഇഖ്ബാൽ അടക്കമുള്ളവർ കേരളം രോഗാതുരമാണെന്ന് ചൂണ്ടിക്കാട്ടിയിട്ടും സർക്കാരിന് കുലുക്കമില്ല. ഒരു ഭാഗത്ത് നിപയും കോളറയും മരണം വിതക്കുമ്പോൾ, ആശുപത്രികളുടെ പിഴവുമൂലവും ജീവൻ നഷ്ടപ്പെട്ടവരും നിരവധിയാണ്. പനിമരണങ്ങൾ മറച്ചുവെക്കുന്നതോടൊപ്പം ആശുപത്രികളിൽ നിന്നുണ്ടാകുന്ന ചികിത്സാ വീഴ്ചകൾക്ക് മറപിടിക്കുകയാണ് സർക്കാർ. തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ ഇന്നലെയും ചികിത്സാ പിഴവുമൂലം യുവതി മരിച്ച സംഭവമുണ്ടായി. പ്രതിപക്ഷ നേതാവും ഉപനേതാവും എം.എൽ.എമാരടക്കമുള്ള ജനപ്രതിനിധികളും മാസങ്ങൾക്കു മുമ്പുതന്നെ ആരോഗ്യ മന്ത്രിയോട് ഗുരുതര സാഹചര്യം പരിഹരിക്കാൻ നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടിരുന്നു. നിയമസഭയിൽ ഇത് സംബന്ധിച്ച ചർച്ചകളിൽ ശക്തമായ പ്രതിഷേധമാണ് പ്രതിപക്ഷം ഉയർത്തിയത്. എന്നാൽ ആരോപിക്കുന്നത് പോലെയുള്ള പ്രതിസന്ധി ഇല്ലെന്നും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നുമായിരുന്നു മന്ത്രിയുടെ വിശദീകരണം. കഴിഞ്ഞ ഏതാനും ദിവസങ്ങളായി കേരളം പനിച്ചു വിറക്കുമ്പോൾ, പ്രത്യേകിച്ച് യാതൊരു കരുതൽ സംവിധാനങ്ങളും ഏർപ്പെടുത്തിയില്ല. ഇതിനു പിന്നാലെയാണ് ഇപ്പോൾ നിപ മരണം അടക്കം കേരളത്തെ ആരോഗ്യ പ്രതിസന്ധിയിലേക്ക് നയിച്ചിരിക്കുന്നത്.

### കേന്ദ്ര സംഘത്തെ വിന്യസിക്കും
## ഐ.സി.എം.ആർ സംഘം കോഴിക്കോട്ടെത്തി

കോഴിക്കോട്: നിപ വൈറസ് രോഗം തടയാൻ അടിയന്തര പൊതുജനാരോഗ്യ നടപടികൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകി. രോഗ പരിശോധന, രോഗ വ്യാപനത്തിനുള്ള സാധ്യത തിരിച്ചറിയൽ, സാങ്കേതിക സഹായം എന്നിവയിൽ സംസ്ഥാനത്തെ സഹായിക്കാനായി ഒരു സംയുക്ത കേന്ദ്ര സംഘത്തെ വിന്യസിക്കും. രോഗിയുടെ കുടുംബം, അയൽപക്കങ്ങൾ, സമാനമായ ഭൂപ്രകൃതിയുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ രോഗിയുമായി നിരന്തര സമ്പർക്കത്തിൽ വന്നവരെ കണ്ടെത്തണം.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ച് (ഐ.സി.എം.ആർ) സംഘം ഇന്നലെ രാത്രി പത്തോടെ കോഴിക്കോട്ടെത്തി. നാല് ശാസ്ത്രജ്ഞരും രണ്ട് ടെക്നിക്കൽ വിദഗ്ധരുമാണ് സംഘത്തിലുള്ളത്. നിപ വൈറസ് ബാധ സംശയിക്കുന്നവരുടെ സ്രവ പരിശോധന കൂടുതൽ എളുപ്പമാക്കുന്നതിന് മൊബൈൽ ബിഎസ്എൽ3 ലബോറട്ടറി ഇന്നു രാവിലെയോടെ കോഴിക്കോട് മെഡിക്കൽ കോളജിൽ എത്തും. ഇതോടെ പൂനെ നാഷനൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള സ്രവ പരിശോധന ഇവിടെ വെച്ച് തന്നെ നടത്താനും ഫലം വേഗത്തിൽ തന്നെ ലഭ്യമാക്കാനും സാധിക്കും.

നിപ വൈറസ് രോഗത്തിന്റെ പരിശോധനക്കും രോഗ വ്യാപന സാധ്യത തിരിച്ചറിയുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും സംസ്ഥാനത്തിന് പിന്തുണ നൽകുന്നതിനായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ദേശീയ 'ഏക ആരോഗ്യ ദൗത്യത്തിൽ' നിന്ന് പകർച്ചവ്യാധി പ്രതിരോധത്തിനായുള്ള സംയുക്ത സംഘത്തെ വിന്യസിക്കും. സംസ്ഥാനത്തിന്റെ അഭ്യർത്ഥനപ്രകാരം, രോഗികളുടെ പരിപാലനത്തിനായി മോണോക്ലോണൽ ആന്റിബോഡികൾ, ഐസിഎംആർ എത്തിച്ചിട്ടുണ്ട്.

പഴം തീനി വവ്വാലുകളാണ് വൈറസിന്റെ സാധാരണ സ്രോതസ്. ഈ വവ്വാലുകൾ മലിനമാക്കിയ പഴങ്ങൾ അബദ്ധവശാൽ കഴിക്കുന്നതിലൂടെ മനുഷ്യർക്ക് രോഗം ബാധിക്കാമെന്നും കേന്ദ്ര ആരോഗ്യവകുപ്പ് വാർത്താ കുറിപ്പിൽ അറിയിച്ചു.




# ഒറ്റക്കെട്ടായി അതിജീവിക്കാമെന്ന് സാദിഖലി തങ്ങൾ

മലപ്പുറം: നിപ ബാധിച്ച് വിദ്യാർത്ഥി മരണപ്പെട്ടുവെന്ന വാർത്ത അത്യന്തം സങ്കടകരമാണെന്നും വിദ്യാർഥിയുടെ മാതാപിതാക്കളുടെയും പ്രിയപ്പെട്ടവരുടെയും വിഷമത്തിൽ പങ്കുചേരുന്നുവെന്നും പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ. നിപ വൈറസ് സാന്നിധ്യം സംസ്ഥാനത്തിപ്പോഴും ഉണ്ടെന്നത് ആശങ്കാജനകമാണ്. നിരവധി വൈറസ് രോഗങ്ങളെ നേരിട്ട ആത്മവിശ്വാസവും അനുഭവജ്ഞാനവും നമുക്കുണ്ടെന്നും സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദേശങ്ങൾ അനുസരിച്ച്, ഒറ്റക്കെട്ടായി ഈ വിഷമസന്ധിയെയും അതിജീവിക്കാമെന്നും തങ്ങൾ പറഞ്ഞു.

### ചികിത്സാ പിഴവെന്ന് കുടുംബം
# കുത്തിവെപ്പ് എടുത്ത യുവതി മരിച്ചു

>> ഡോക്ടർക്കെതിരെ കേസ്
>> അബോധാവസ്ഥയിലായതിനെ തുടർന്ന് ചികിത്സയിലിരിക്കെയാണ് മരണം



കൃഷ്ണ

തിരുവനന്തപുരം: നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ കുത്തിവെപ്പിനെ തുടർന്ന് അബോധാവസ്ഥയിലായി മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന യുവതി മരിച്ചു. കാട്ടാക്കട മച്ചിയിൽ സ്വദേശി കൃഷ്ണാ തങ്കപ്പൻ (27) ആണ് മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്നു.

മൂത്രാശയത്തിലെ കല്ലിന്റെ ചികിത്സക്ക് കഴിഞ്ഞ തിങ്കളാഴ്ച നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എത്തിയതായിരുന്നു കൃഷ്ണ. ഇവിടെവെച്ച് കുത്തിവെപ്പ് എടുത്തതിന് പിന്നാലെയാണ് യുവതിയുടെ ആരോഗ്യസ്ഥിതി വഷളായത്. മരുന്നിന് അലർജിയുള്ള കൃഷ്ണക്ക് മുൻകരുതലുകൾ എടുക്കാതെ കുത്തിവെപ്പ് എടുത്തുവെന്നാണ് ബന്ധുക്കളുടെ ആരോപണം. ബോധരഹിതയായ യുവതിയെ പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വെന്റിലേറ്ററിൽ കഴിയുകയായിരുന്ന കൃഷ്ണ ഇന്നലെ രാവിലെയാണ് മരണത്തിന് കീഴടങ്ങിയത്.

കൃഷ്ണയുടെ ഭർത്താവ് ശരത് നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലെ സർജനെതിരെ നെയ്യാറ്റിൻകര പൊലീസിൽ പരാതി നൽകിയിരുന്നു. എന്നാൽ, കുത്തിവെപ്പ് എടുത്തിട്ടില്ലെന്നും ആശുപത്രിയിലെത്തിയ കൃഷ്ണ ഇൻഹേലർ ഉപയോഗിച്ചതിനെ തുടർന്നാണ് അബോധാവസ്ഥയിലായതെന്നുമാണ് ഡോക്ടറുടെ വിശദീകരണം. യുവതിയുടെ ബന്ധുക്കളുടെ പരാതിയിൽ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലെ ഡോ.വിനുവിനെതിരെ പൊലീസ് കേസെടുത്തു. ഭാരതീയ ന്യായ് സംഹിത 125 പ്രകാരമാണ് സർജൻ വിനുവിനെതിരെ കേസെടുത്തത്.

കൃഷ്ണക്ക് ഒന്നരവയസുള്ള കുഞ്ഞുണ്ട്.

### മനുഷ്യാവകാശ കമ്മീഷൻ അന്വേഷണത്തിന് ഉത്തരവിട്ടു

തിരുവനന്തപുരം: കൃഷ്ണയുടെ മരണത്തിൽ മനുഷ്യാവകാശ കമ്മീഷൻ അന്വേഷണത്തിന് ഉത്തരവിട്ടു. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ അന്വേഷണം നടത്തി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. ചികിത്സാ പിഴവ് ആരോപിച്ച് യുവതിയുടെ ഭർത്താവ് എസ്.ശരത് നൽകിയ പരാതിയിലാണ് നടപടി.

### ചികിത്സാ പിഴവുണ്ടായിട്ടില്ലെന്ന് ഡോക്ടർമാരുടെ സംഘടന

തിരുവനന്തപുരം: കുത്തിവെപ്പിന് പിന്നാലെ അബോധാവസ്ഥയിലായ യുവതി മരിച്ച സംഭവത്തിൽ വിശദീകരണവുമായി ഡോക്ടർമാരുടെ സംഘടന കെജിഎംഒഎ. ഉദര സംബന്ധമായ അസുഖങ്ങൾക്ക് സാധാരണ ഗതിയിൽ നൽകുന്ന പാന്റോ പ്രസോളെന്ന മരുന്ന് മാത്രമാണ് രോഗിക്ക് നൽകിയതെന്നും ഏതൊരു മരുന്നിനും സംഭവിക്കാവുന്ന ദ്രുതഗതിയിൽ ഉണ്ടാകുന്ന മാരകമായ അലർജി പ്രക്രിയ അഥവാ അനാഫൈലാക്സിസാകാം രോഗിക്ക് സംഭവിച്ചിട്ടുള്ളതെന്നുമാണ് കെജിഎംഒഎയുടെ വിശദീകരണം. വാക്സിനുകൾ, മരുന്നുകൾ എന്ന് മാത്രമല്ല ചില ഭക്ഷണങ്ങളോടു പോലും അലർജി കാരണമുള്ള അടിയന്തര പ്രതികരണമായി ഇങ്ങനെ സംഭവിക്കാം. ഇതിനെ ചികിത്സാ പിഴവായി വ്യാഖ്യാനിക്കാൻ സാധിക്കില്ലെന്നും കെജിഎംഒ വിശദീകരിക്കുന്നു.

### ഉമ്മൻചാണ്ടി പുരസ്ക്കാരം രാഹുൽ ഗാന്ധിക്ക്



തിരുവനന്തപുരം: മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഓർമ്മ അനശ്വരമാക്കാൻ ഉമ്മൻചാണ്ടി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പ്രഥമ ഉമ്മൻചാണ്ടി പൊതുപ്രവർത്തക പുരസ്കാരം, ഭാരത് ജോഡോ യാത്ര നടത്തി ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുകയും അവക്ക് പരിഹാരം കണ്ടെത്തുകയും ചെയ്ത ദേശീയ നേതാവ് രാഹുൽഗാന്ധിക്ക് നൽകാൻ തീരുമാനിച്ചു. ഒരു ലക്ഷം രൂപയും നേമം പുഷ്പരാജൻ രൂപകല്പന ചെയ്ത ശില്പവുമാണ് പുരസ്കാരം. ഡോ. ശശി തരൂർ എം.പി ചെയർമാനും പെരുമ്പടവം ശ്രീധരൻ, ഡോ.എം.ആർ. തമ്പാൻ, ഡോ.അച്ചുത് ശങ്കർ, ജോൺ മുണ്ടക്കയം എന്നിവർ അംഗങ്ങളുമായുള്ള ജൂറിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്.



എ.കെ.എം അഷ്റഫ് എം.എൽ.എ ഷിരൂരിലെ ദുരന്തസ്ഥലത്ത് സ്ഥലം എം.എൽ.എ സതീഷ് കൃഷ്ണ സൈലിനോടൊപ്പം

# ഷിരൂർ രക്ഷാദൗത്യത്തിൽ മഞ്ചേശ്വരം എം.എൽ.എയും

അങ്കോല: ഉത്തര കന്നട ജില്ലയിലെ അങ്കോല ഷിരൂരിലെ ദുരന്തഭൂമിയിൽ ഓടിയെത്തി എ.കെ.എം അഷ്റഫ് എം.എൽ.എ. അർജുന്റെ ജീവനു വേണ്ടി രക്ഷാപ്രവർത്തനത്തിലേർപ്പെട്ട മലയാളികളടക്കമുള്ളവർക്ക് പിന്തുണയേകാനാണ് അതിർത്തി മണ്ഡലത്തിലെ ജനപ്രതിനിധിയെന്ന നിലയിൽ അദ്ദേഹം ദുരന്തഭൂമിയിൽ എത്തിയത്.

ഞായറാഴ്ചയിലെ പരിപാടികൾ റദ്ദാക്കിയായിരുന്നു ഷിരൂരിലേക്ക് ശനിയാഴ്ച രാത്രി തന്നെ എം.എൽ.എ യാത്ര തിരിച്ചത്. അർജുനടക്കം നാലുപേർക്കായി തിരച്ചിൽ പുരോഗമിക്കുന്ന സ്ഥലത്ത് കേമ്പ് ചെയ്ത അദ്ദേഹം രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി.

രക്ഷാപ്രവർത്തനത്തിന് വേഗത കൈവരിക്കാനായതും സൈന്യത്തിന്റെയും നേവിയുടെയും സഹായം ലഭ്യമായതും പ്രതീക്ഷ നൽകുന്നതായും അർജുനെ എത്രയും വേഗം കണ്ടെത്താനാകുമെന്നാണ് കരുതുന്നതെന്നും എം.എൽ.എ പറഞ്ഞു.

മുഖ്യമന്ത്രി സിദ്ധരാമയ്യ, മന്ത്രിമാരായ മകൾ വൈദ്യ, സതീഷ് ജാർകിഹോളി, കൃഷ്ണ ബൈര ഗൗഡ, എം.കെ രാഘവൻ എം.പി, എം.എൽ.എമാരായ സതീഷ് സെയിൽ, ആർവി ദേശ്പാണ്ഡെ എന്നിവരോടൊപ്പം സംഭവസ്ഥലം സന്ദർശിക്കുകയും പിന്നീട് മുഖ്യമന്ത്രി സിദ്ധരാമയ്യയുമായി സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.കെ കുഞ്ഞാലിക്കുട്ടി, വി.ഡി സതീശൻ എന്നിവരുടെ നിർദേശ പ്രകാരമാണ് എ.കെ.എം അഷ്റഫ് എം.എൽ.എ ഷിരൂരിലെ ദുരന്തഭൂമിയിൽ എത്തിയത്.



ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് കണ്ണൂർ കലക്ടറേറ്റിന് മുന്നിൽ നടത്തിയ ധർണ മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം ഉദ്ഘാടനം ചെയ്യുന്നു

## അതിഥി തൊഴിലാളിക്ക് താമസിക്കാൻ പട്ടിക്കൂട്, വാടക 500 രൂപ

കൊച്ചി: എറണാകുളം പിറവത്ത് ഇതര സംസ്ഥാന തൊഴിലാളിക്ക് പട്ടിക്കൂട് വാടകക്ക് താമസിക്കാൻ നൽകിയതായി പരാതി. പിറവം നഗരസഭ പിറവംമുളക്കുളം റോഡിൽ പൊലീസ് സ്റ്റേഷന് സമീപമാണ് സംഭവം. ബംഗാൾ മുർഷിദാബാദ് സ്വദേശി ശ്യാംസുന്ദറിനാണ് (37) പഴയ പട്ടിക്കൂട് പ്രതിമാസം 500 രൂപ വാടകക്ക് നൽകിയത്. നാല് വർഷം മുമ്പ് കേരളത്തിലെത്തിയ ശ്യാംസുന്ദർ പലസ്ഥലങ്ങളും ജോലി ചെയ്ത ശേഷം മൂന്നു മാസം മുമ്പാണ് പിറവത്ത് എത്തിയത്. വാടകക്ക് മുറി ലഭിക്കാത്തതിനെത്തുടർന്നാണ് ബംഗാൾ സ്വദേശികളായ പരിചയക്കാർ മുഖേന കെട്ടിട ഉടമയെ സമീപിച്ചത്. മറ്റ് മുറികൾക്ക് വാടക കൂടുതായതിനാൽ കുറഞ്ഞ വാടകയിൽ പട്ടിക്കൂട്ടിൽ താമസമാക്കുകയായിരുന്നു. കെട്ടിട ഉടമ സമീപത്ത് തന്നെ പുതിയ വീട്ടിലേക്കു താമസം മാറ്റിയപ്പോൾ കുറെ നാളുകളായി പഴയ കെട്ടിടം പലർക്കായി വാടകക്ക് നൽകിയിരുന്നു. ഇവിടെ മറ്റ് മുറികളിൽ ബംഗാളി കുടുംബങ്ങൾ തന്നെയാണ് താമസം. ഈ പട്ടിക്കൂട്ടിൽ തന്നെയാണ് ശ്യാംസുന്ദർ ഉറങ്ങുന്നതും ഗ്യാസ് അടുപ്പ് വച്ച് ഭക്ഷണം പാചകം ചെയ്യുന്നതും. സംഭവം ശ്രദ്ധയിൽ പെട്ട നാട്ടുകാരാണ് ജനപ്രതിനിധികളെ അറിയിച്ചത്. പൊലീസ് എത്തി ശ്യാംസുന്ദറിനെ മെഡിക്കൽ പരിശോധനക്ക് ആശുപത്രിയിലേക്ക് മാറ്റി.



ശ്യാംസുന്ദർ വാടകക്ക് താമസിക്കുന്ന പട്ടിക്കൂട്ടിൽ